# അരവിന്ദനയനം 1

Aravindanayanam Novel | Author : 32B | www.kambistories.com

---

നോ കമ്പി അലർട്ട്!!!!

ഓർമ്മകൾക്കപ്പുറം എന്ന കഥയ്ക്ക് നിങ്ങൾ തന്ന പ്രോത്സാഹനം കണ്ടിട്ട് ആണ് ഈ ഒരു കഥ കൂടെ പോസ്റ്റ് ചെയ്യാനുള്ള ധൈര്യം വന്നത്. ഓർമ്മകൾക്കപ്പുറം പോലെ തന്നെ ഇതും ഞാൻ ആൾറെഡി ഒരിടത്ത് പബ്ലിഷ് ചെയ്ത കഥ ആണ് അത്കൊണ്ട് തന്നെ ഇതിലും കമ്പി ഉണ്ടാവില്ല. നിങ്ങളുടെ കൂടെ ഷെയർ ചെയ്യണം എന്ന് തോന്നിയത് കൊണ്ട് ഇവിടേം പോസ്റ്റ് ചെയ്യുവാണ്.

ഇത് ഒരു സാധാരണ ലവ് സ്റ്റോറി ആണ്. ഞാൻ എഴുതിയ ആദ്യത്തെ ലവ് സ്റ്റോറി. ഞാൻ നേരത്തെ പറഞ്ഞപോലെ തന്നെ എനിക്ക് റൊമാൻസ് അങ്ങനെ വഴങ്ങാത്ത ഒരു ഏരിയ ആണ്. ബട്ട് എന്നാലും ശ്രമിച്ചിട്ടുണ്ട്. വായിച്ചിട്ട് അഭിപ്രായം പറയും എന്ന് വിശ്വസിക്കുന്നു. നല്ല രീതിയിൽ ഉള്ള വിമർശനങ്ങളും ഉണ്ടാവണം എന്നാലേ ഇനി എഴുതുമ്പോ ആ പോരായ്മ ഒക്കെ പരിഹരിക്കാൻ പറ്റു. ഫുൾ എഴുതി കഴിഞ്ഞ ഒരു കഥ ആണ് ഇത്. എന്നാലും 2-3 പാർട്ട് ആയിട്ട് ഇടാം എന്ന് വിചാരിക്കുവാണ്. വേറൊന്നും കൊണ്ടല്ല മോശമാണെങ്കിൽ പിന്നെ ഇടേണ്ടല്ലോ, അത്കൊണ്ടാണ്.

വീണ്ടും പറയുവാണ് കമ്പി ഇല്ലാത്ത കഥ ആണ്. ആ ഒരു സെൻസിൽ വായിക്കുക.

-32B

---

"ഹെന്റ ദൈവമേ ഈ ചെർക്കൻ ഇതുവരെ എണീറ്റില്ലേ മണി 11 ആയല്ലോ. സൂര്യൻ വന്നു മൂട്ടിൽ വെയിൽ അടിച്ചാൽ പോലും എണീക്കില്ല എന്ന് വെച്ച എന്ത് ചെയ്യാനാ.  ഡാ അസത്തെ എണീറ്റു പോടാ."

അമ്മയുടെ കൈ വന്നു മുതുകിൽ പതിയുന്നു ഞാൻ മെല്ലെ കണ്ണ് തുറക്കുന്നു.

ഈ മേല്പറഞ്ഞ സംഭാഷണത്തിന്റെയും അവസാനം കിട്ടിയ തല്ലിന്റെയും പിൻബലത്തിൽ ആണ് വർഷങ്ങളായി എന്റെ ഒരു ദിവസം തുടങ്ങുന്നത്.

ഞാൻ അരവിന്ദ്, വയസ് 28. എറണാകുളത്തു ഒരു കമ്പനിയിൽ സെയിൽസ് എക്സിക്യൂട്ടീവ് ആയി വർക്ക് ചെയ്യുന്നു. പ്രത്യേകിച്ച് വല്യ പ്രതീക്ഷകൾ ഒന്നുമില്ലാതെ ഒരു ഒഴുക്കിന് അങ്ങ് ജീവിക്കുന്നു.

ഡെയിലി വീട്ടിൽ നിന്നും പോയി വരാവുന്ന ദൂരമേ ഓഫീസിലേക്ക് ഉള്ളു. ഹാ പിന്നെ സെയിൽസ് ജോബ് ആയകൊണ്ട് ഫുൾ ടൈം കറക്കം ആവും.

ഉച്ചതിരിഞ്ഞു ഒരു 3 മണി വരെ പണി എടുക്കുക അത് കഴിഞ്ഞു നേരെ വീട്ടിലോട്ടു ഓടുക. കൃത്യം 5 മണിക്ക് ഫുട്ബോൾ കളിക്കാൻ പാടത്തു പിള്ളേർ വരും. ഇത്ര വയസായിട്ടും ഒരു ഉളുപ്പും ഇല്ലാതെ അവരുടെ കൂടെ കളിക്കുന്ന ഒരുത്തൻ ആ നാട്ടിൽ ഞാൻ മാത്രെ ഉണ്ടാവു.

ടാർഗറ്റ് തികയാതെ വരുമ്പോൾ മാസാവസാനം വാലിനു തീ പിടിച്ച പോലെ ഓടി നടന്നു പണി എടുത്തു എങ്ങനേലും ഒക്കെ ടാർഗറ്റ് അചീവ് ചെയ്യുക. ഇതാണ് എല്ലാ മാസവും നടക്കുന്ന കലാപരിപാടി.

കൂടെ പഠിച്ചവരും കളിച്ചവരും ജോലി ചെയ്തവരും ഒക്കെ പെണ്ണുകെട്ടി പോയി തുടങ്ങി എന്നിട്ടും എനിക്ക് പ്രത്യേകിച്ച് ഒരു മാറ്റം ഒന്നും ഉണ്ടായില്ല. അതെങ്ങനാ എന്നെ കെട്ടിക്കണം എന്നൊരു ചിന്ത വീട്ടുകാർക്കും ഇല്ല. അത്കൊണ്ട് തന്നെ ഞാൻ ഈ പന്തും ഉരുട്ടി നടക്കുന്നു.

ഈ കഥ തുടങ്ങുന്നത് അവിടെ നിന്നാണ്, ഒരു കല്യാണപ്പിറ്റേന്ന്.

എന്റെ കട്ട ചങ്കുകളിൽ അവസാനത്തെ ആളായ അർജുന്റെ കല്യാണം ആയിരുന്നു അന്ന്. കല്യാണം ഞങ്ങൾ എല്ലാരും കൂടി കൊഴുപ്പിച്ചു. എല്ലാം കഴിഞ്ഞു വീട്ടിൽ വന്നു കേറിയപ്പോൾ മണി 12 കഴിഞ്ഞു. രാവിലെ മുതൽ ഓടി നടന്നതിന്റെ ക്ഷീണത്തിൽ ഞാൻ കിടന്ന വഴി തന്നെ ഉറങ്ങിപ്പോയി.

പിറ്റേ ദിവസം അവധി ആയതിനാൽ ലേറ്റ് ആയിട്ടാണ് എഴുന്നേറ്റത്. തണുത്ത ചായ പല്ലുപോലും തേക്കാതെ ഒറ്റവലിക്ക് കുടിച്ചിട്ട് പത്രം നിവർത്തി നോക്കികൊണ്ട് ഇരുന്ന സമയത്തു ആണ് എന്റെ ടീം മേറ്റ്സ് (പാടത്തെ ഫുട്ബോൾ ടീം) എന്നെ കാണാൻ വന്നത്.

സാധാരണ അമ്മയെ പേടിച്ചു ഇവർ ആരും ഈ വഴി വരാറില്ല. അമ്മ കണ്ടാൽ എല്ലാത്തിനേം കണ്ടം വഴി ഓടിച്ചു ഫുട്ബാൾ എടുത്തു അടുപ്പിൽ വെച്ച് ആ തീ കൊണ്ട് ചോറും കറിയും വെക്കും. ആദ്യം ഓടിക്കുന്നത് എന്നെ ആയിരിക്കും.

3 പേർ മാത്രം മുറ്റത്തേക്കു വന്നു ബാക്കി ഉള്ള പടകൾ ഗേറ്റിനു വെളിയിൽ നിന്നും എത്തിവലിഞ്ഞു നോക്കുന്നുണ്ട്.

"അരവിന്ദേട്ടാ ഇന്ന് വൈകിട്ട് മാച്ച് വെച്ചിട്ടുണ്ട്, വരണത് നല്ല കിടിലം ടീം ആണ്, ഫ്രണ്ട്സ് ക്ലബ് മായിത്തറ. ചേട്ടൻ വരണം എങ്ങനേലും."

കളിയുടെ കാര്യത്തിൽ ഞാൻ പണ്ടുമുതലേ നോ പറയാറില്ല. പോരാത്തതിന് അവന്മാർ അവിടെ അധികം നേരം നിന്നു അത് അമ്മ കണ്ടാൽ ഇന്നത്തെ ദിവസം ഫുൾ ഞാൻ ചീത്ത കേക്കും. അത്കൊണ്ട് തന്നെ വരാം എന്ന് പറഞ്ഞു അവരെ മടക്കി അയച്ചു. എന്നിട്ട് ഞാൻ വീണ്ടും പത്രത്തിൽ തല പൂഴ്ത്തി.

"അർജുനെ വിളിച്ചു ഫസ്റ്റ് നൈറ്റ് എങ്ങനെ ഉണ്ടെന്നു ചോയ്ച്ചാലോ..?, അല്ലേ വേണ്ട പിന്നെ വിളിക്കാം ഇപ്പൊ തിരക്കാവും." അങ്ങനെ ഓരോന്ന് ഓർത്ത് ഇരിക്കണ നേരം അമ്മ വന്നു തലയ്ക്കു ഒരു കൊട്ടും തന്നു 2 വഴക്കും പറഞ്ഞു പോയി.

സത്യം പറഞ്ഞാൽ ഞങ്ങൾ ആൺപിള്ളേർക്കു ഡെയിലി അമ്മേടെ കയ്യിൽ നിന്നു ഓരോന്ന് വാങ്ങിയില്ലേൽ ആകെ ഒരു സമാധാനകേട് ആണ് എന്താണോ എന്തോ...

ഞാൻ എഴുന്നേറ്റു അന്നത്തെ കാര്യപരിപാടികളിലേക്ക് കടന്നു. ഉച്ചവരെ പുറത്ത് തെണ്ടി നടന്നിട്ട് കഴിക്കാൻ സമയം ആയപ്പോൾ തന്നെ വീട്ടിൽ ഹാജർ വെച്ചു. കഴിച്ച് കഴിഞ്ഞു ഒന്ന് കിടന്നതേ ഓർമ്മയുള്ളൂ ഫോൺ ബെൽ അടിക്കുന്ന കേട്ടാണ് കണ്ണ് തുറന്നത്.

പരിചയം ഇല്ലാത്ത ഒരു നമ്പർ..

"ഹലോ ചേട്ടാ അഭിഷേക് ആണ്, കളി തൊടങ്ങാറായി ചേട്ടൻ എവിടാ? വേഗം വാ."

"ആഹ് ഞാൻ ദേ എത്തി നീ എല്ലാം റെഡി ആക്കിക്കോ."

സമയം നോക്കിയപ്പോൾ 4 മണി ആവാറായി, ശോ ഇത്ര നേരം ഉറങ്ങിയോ.

ഞാൻ നേരെ ബാത്റൂമിൽ കേറി ഒന്ന് ഫ്രഷ് ആയി ജേർസി, ഷൂ മുതലായ സാധനസാമഗ്രികൾ എല്ലാം എടുത്തു അമ്മേടെ കണ്ണിൽ പെടാതെ ഓടി പാടത്തു എത്തി.

കളി ഒരുവിധം ജയിക്കാനായി, അപ്പോഴേക്കും എന്റെ അയലത്തെ വീട്ടിലെ ഒരു കാന്താരി ഒരുത്തി ഉണ്ട് ആമി, എന്റെ എല്ലാ കുരുത്തക്കേടും അമ്മയുടെ കാതിൽ എത്തിക്കുന്നത് ഇവൾ ആണ്.

അവൾ ഓടി വന്നു പറഞ്ഞു

"അരവിന്ദേട്ടാ ഏട്ടനെ അമ്മ വിളിക്കുന്നു അത്യാവശ്യം ആയിട്ട് ചെല്ലാൻ പറഞ്ഞു"

"ആഹ് ഇപ്പൊ പോവാം ഈ കളി ഇപ്പൊ തീരും. നീ അമ്മയോട് ചെന്ന് പറ."

ഞാൻ അവളെ പറഞ്ഞു വിടാൻ നോക്കി.

"ഏട്ടൻ ചെന്നില്ലേ അമ്മ ഇങ്ങോട്ട് വരുമെന്ന് പറയാൻ പറഞ്ഞു."

"ങേ..." ഞാൻ ഒന്ന് ഞെട്ടി. ഇതെന്താ ഇപ്പൊ ഇത്ര അത്യാവശ്യം. ആഹ് പോയിനോക്കാം. ഞാൻ പിള്ളേർ സെറ്റിനോട് പറഞ്ഞിട്ട് ഒരുത്തനെ സബ് ഇറക്കിട്ടു അവിടെ നിന്നു വീട്ടിലേക്കു അവളേം കൂട്ടി നടന്നു.

"എന്താടി കാര്യം എന്താ ഇത്ര അത്യാവശ്യം? റേഷൻ കടയിൽ വല്ലതും പോവാൻ ആണോ? " ഞാൻ ചോദിച്ചു.

"പിന്നെ അതൊന്നും ആവില്ല ഇത് വേറെ എന്തോ പ്രശ്നം ആണ് സത്യം പറ വല്ലതും ഒപ്പിച്ചോ?" അവളുടെ ചോദ്യം കേട്ട് എന്റെ നെഞ്ച് ഒന്ന് കാളി.

"ദൈവമേ വല്ല സിഗരറ്റ് കുറ്റി വല്ലതും കിട്ടികാണുവോ കയ്യിൽ. വല്ലപ്പോഴും കൂടി ഒന്ന് പുകയ്ക്കും എന്നല്ലാതെ ഇത് ഞാൻ അങ്ങനെ സ്ഥിരം ഉപയോഗിക്കാറില്ല."

ഗേറ്റിനു മുന്നിൽ എത്തിയപ്പോൾ ഒരു പുതിയ കാർ കിടക്കുന്നു.

"ഇതാരാ ഇപ്പൊ പുതിയ കാറിൽ ഒക്കെ വരാൻ മാത്രം?"

ഞാൻ പതിയെ ഗേറ്റിനു മോളിൽ കൂടി ഒന്ന് എത്തിനോക്കി. നോക്കുമ്പോ അമ്മ എളിയിൽ കയ്യും കുത്തി മുറ്റത്തോട്ട് നോക്കി നിൽക്കുന്നുണ്ട്. മുഖത്ത് വല്യ കലിപ്പ് ഭാവം ഒന്നും ഇല്ല, ആശ്വാസം...

ഞാൻ പരിസരം വീക്ഷിക്കുന്നതിനിടയ്ക്ക് ആമി ഗേറ്റ് തള്ളി തുറന്നു അകത്തേക്ക് നടന്നു.

"ഹോ.. ഈ പെണ്ണിനെ കൊണ്ട്..." പഠിക്കുന്നത് ഏഴാം ക്ലാസ്സിൽ ആണെങ്കിലും അവളുടെ നാക്ക് ഡിഗ്രിക്ക് ആണ് പഠിക്കുന്നെ.

വേറെ വഴി ഇല്ലാതെ ഞാനും അവളെ അനുഗമിച്ചു.

ഏതോ ഗസ്റ്റ് വന്ന ലക്ഷണം ഉണ്ട്. ഞാൻ കുട്ടിനിക്കറും ഇട്ടു വിയർത്തൊലിച്ചു മുറ്റത്തേക്കു കയറിയപ്പഴേ അമ്മേടെ മുഖം മാറി.

"എന്ത് കോലമാടാ ഇത് മനുഷ്യനെ നാണംകെടുത്താൻ ആയിട്ട് തുണീം കോണാനും ഇല്ലാണ്ട് വന്നോളും പോയി മുണ്ട് എടുത്തു ഉടുത്തു വാ" അമ്മയുടെ വർത്തമാനം കേട്ട് ആമി നിന്നു ചിരിക്കാൻ തുടങ്ങി.

അപ്പോഴാണ് അകത്തു ഇരിക്കുന്ന ആളെ ഞാൻ കണ്ടത്. അർജുൻ.

"ഓ അപ്പൊ ഇവൻ ആണോ പുതിയ കാറും കൊണ്ട് വന്നത്, ഇതിനാണോ എന്റമ്മേ ഇത്ര ബിൽഡ് അപ്പ് കൊടുത്തത്. ഇവൻ ആദ്യായിട്ടാണോ ഇവിടെ വരണത് അവൻ എപ്പഴും ഇവിടെ തന്നെ അല്ലേ."

"ആഹ് പണ്ടത്തെ പോലെ അല്ല ഇപ്പൊ അവനിപ്പോ കുടുംബോം പ്രാരാബ്ദം ഒക്കെ ആയി ഇനി അവനെ അവന്റെ വഴിക്ക് വിടാൻ നോക്ക്." അമ്മ കലിപ്പിൽ തന്നെ ആണ്.

അർജുൻ പുറത്തേക്കു ഇറങ്ങി അവന്റെ പിന്നിലായി സഹധർമിണി നിഷയും.

പെട്ടെന്നാണ് എനിക്ക് എന്റെ കോലത്തെ കുറിച്ച് ഒരു ബോധം വന്നത്. വിയർത്തു കുളിച്ചു ഒരു കുട്ടി നിക്കറും ബനിയനും ഇട്ടാണ് നിൽപ്പ്.

നിഷയെ കണ്ടതും ഞാൻ ആമിയെ എന്റെ മുന്നിലേക്ക് വലിച്ചിട്ടു അവളുടെ മറയിൽ നിന്നു.

എല്ലാർക്കും ചിരി പൊട്ടി, എന്നാൽ അമ്മയ്ക്ക് ദേഷ്യം ആണ് വന്നത്, ഇന്നെന്റെ കാര്യം പോക്കാ.

ഞാൻ അവനോടു ഒന്ന് വെയിറ്റ് ചെയ്യാൻ പറഞ്ഞിട്ട് നേരെ ഓടി ബാത്‌റൂമിൽ കേറി ഒരു കാക്ക കുളി കുളിച്ചിട്ടു ഇറങ്ങി.

പിന്നെ കുറെ നേരം ഇരുന്നു കത്തി വെച്ചു. നിഷ പെട്ടന്ന് തന്നെ ഞാനും അമ്മയും ആമിയും ആയി കമ്പനി ആയി. ഇടയ്ക്ക് എപ്പോഴോ ഞാൻ അമ്മയെ ശ്രദ്ധിച്ചപ്പോൾ അമ്മ നിഷയും ആമിയും സംസാരിക്കുന്നത് നോക്കി ഇരിക്കുന്നു. ഇതെന്താപ്പാ ഇപ്പൊ ഇങ്ങനെ നോക്കാൻ മാത്രം. ഞാൻ അമ്മയെ നോക്കി കണ്ണ് കൊണ്ട് എന്താ എന്ന് ചോദിച്ചു.

അമ്മ ഒന്നും മിണ്ടാതെ ഒരു നെടുവീർപ്പ് ഇട്ട് ഭക്ഷണം എടുക്കാം എന്ന് പറഞ്ഞ് അകത്തേക്ക് പോയി. അത് കേട്ട് നിഷയും കൂടെ പോയി. അവൾക്ക് പുറകെ വാല് പോലെ ആമിയും.

ഭക്ഷണം കഴിഞ്ഞു പോകാൻ നേരം അമ്മ നിഷയെ ചേർത്ത് നിർത്തി നെറുകയിൽ തലോടി. "നന്നായി വരും, ഇടയ്ക്കൊക്കെ ഇങ്ങോട്ട് വരണം മോള് കേട്ടോ. ഇനിയിപ്പോ ഇവൻ കൂടെ ഇല്ലെങ്കിലും വരണം. സ്വന്തം വീടായി കണ്ടാൽ മതി."

"ശെരിയമ്മേ ഇടയ്ക്കു വരാം ഞാൻ." അവരുടെ നിപ്പും ഭാവോം ഒക്കെ കണ്ട് ഞങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും നോക്കി അന്ധം വിട്ട് നിന്നു.

"എടി കാന്താരി ഏച്ചി ഇറങ്ങട്ടെ ഇനി വരുമ്പോ കാണാട്ടോ.." നിഷ ആമിയെ കെട്ടിപിടിച്ചോണ്ട് പറഞ്ഞു.

"ഇത്ര പെട്ടെന്ന് ഇവരെല്ലാം അത്രക്ക് അറ്റാച്ഡ് ആയോ...? കൊള്ളാല്ലോ..." ഞാൻ അത് മനസ്സിൽ ചിന്തിച്ചതേ ഉള്ളു പുറത്ത് പറഞ്ഞില്ല.

അവർ ഇറങ്ങിയപ്പോ തന്നെ ആമിയുടെ അമ്മ വിനയേച്ചി അവളെ തിരക്കി വന്നു. അമ്മയും വിനയേച്ചിയും ഓരോന്ന് പറഞ്ഞു മിറ്റത്തു തന്നെ നിന്നു. ഞാൻ ആമിക്ക് ഒരു ഗുഡ് നെറ്റും പറഞ്ഞു അകത്തേക്ക് പോന്നു.

ഉറക്കം വരാണ്ട് ഫോണിൽ തോണ്ടി കളിക്കണ സമയത്തു ആണ് അമ്മ റൂമിലേക്ക് വന്നത്.

"എന്ത് നല്ല കുട്ടി അല്ലേ..?"

"ങേ..? കുട്ട്യോ..ഏത് കുട്ടി?"

"ഹ നമ്മടെ നിഷേട കാര്യാ പറഞ്ഞേ അർജുന്റെ ഭാഗ്യം ആണ്."

"ഓ എന്ത്... നല്ല കമ്പനി ആണ് എന്തായാലും എനിക്ക് വേറൊന്നും തോന്നില്ല." ഞാൻ ഫോണിൽ നോക്കികൊണ്ട് തന്നെ ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞു.

"ഓ നിന്നോട് പറഞ്ഞ എന്നെ പറഞ്ഞാൽ മതി. അല്ലേലും നല്ലത് നായക്ക് പിടിക്കില്ല എന്നൊരു ചൊല്ലൊണ്ട് എന്റെ പൊന്നുമോൻ കേട്ടിട്ടൊണ്ടോ..?" അമ്മ ടെറർ ആയി, ഇനി നമ്മൾ വല്ലതും പറയാൻ നിന്നാൽ കയ്യിൽ കിട്ടണത് വെച്ച് അടിക്കും. അതോണ്ട് ഞാൻ ഫോൺ മാറ്റി വെച്ചു.

"ആഹ് തരക്കേടില്ല നല്ല കുട്ടി ഒക്കെ തന്നെ. അല്ല അമ്മ അവളെ തന്നെ നോക്കി ഇരിക്കണ കണ്ടല്ലോ എന്താ കാര്യം." നേരെ അമ്മയുടെ മടിയിലേക്ക് കിടന്നിട്ടു വിഷയം മാറ്റാൻ ആയി ചോദിച്ചു. അല്ലേലും മടിയിൽ കിടക്കുന്ന മകനെ അമ്മമാർ അങ്ങനെ തല്ലില്ല.

അമ്മ ഒരു നിമിഷത്തേക്ക് ഒന്ന് സൈലന്റ് ആയി. എന്നിട്ട് പതിയെ എന്റെ തലമുടിയിൽ വിരൽ ഓടിച്ചു.

"തല മുഴുവൻ അഴുക്ക് ആണ്, കുളിക്കുമ്പോൾ ആ താളി ഇട്ടു കുളിച്ചൂടെ. രാവിലെ മുതൽ ഒള്ള പാടത്തും പറമ്പിലും ഒക്കെ കളിച്ചു നടന്നിട്ട് അവിടെ ഒള്ള അഴുക്കു മുഴുവൻ തലേ ചൊമന്നോണ്ട് നടക്കുവാ അസത്ത്."

ആഹാ ഇങ്ങനെ മടിയിൽ കിടന്നു ചീത്ത കേക്കാൻ എന്ത് സുഖം...

"ഡാ ഞാൻ ഒരു കാര്യം പറയട്ടെ നീ എടുത്തു ചാടി ഒന്നും പറയണ്ട ആലോചിച്ചു പറയണം."

അമ്മക്ക് എന്തോ കാര്യായിട്ട് പറയാൻ ഉണ്ടല്ലോ സാദാരണ ഇങ്ങനെ ഒന്നും അല്ല ആൾടെ കാര്യം പറച്ചിൽ തുറന്നടിച്ചു അങ്ങ് പറയും. ഇതിപ്പോ എന്താ ഇങ്ങനെ എന്ന് ഞാൻ ഓർത്തു.

"ഡാ നീ കേട്ടോ ഞാൻ പറഞ്ഞത്." അമ്മ എന്റെ മുടിയിൽ പിടിച്ചു വലിച്ചു.

"ആ.... വേദനിക്കുന്നു പിടിവിട് ഞാൻ കേക്കുന്നുണ്ട് പറഞ്ഞോ. ഉഫ്... മുടി വലിച്ചു പറിച്ചു എടുത്തല്ലോ"

"ഡാ അതെ നിനക്ക് പ്രായം എത്ര ആയെന്നു വല്ല ബോധം ഉണ്ടോ..? നിന്റെ കൂടെ പഠിച്ചതല്ലേ അർജ്ജുനും അവനെ കണ്ടോ ഒരു പക്വത ഒക്കെ വന്നു. നീ ഇപ്പഴും ഈ ഇത്തിരിപ്പോന്ന പിള്ളേർടെ കൂടെ പന്തും ഉരുട്ടി പാടം ഉഴുതു നടക്കുന്നു." അമ്മ ഒന്ന് പറഞ്ഞു നിർത്തി.

കാര്യം എന്താന്ന് എനിക്ക് ഏകദേശം പിടികിട്ടി, കല്യാണം. പക്ഷെ ഞാൻ അനങ്ങിയില്ല. സത്യം പറഞ്ഞാൽ ഇങ്ങനെ ഒരു ചിന്ത എനിക്ക് ഇതുവരെ തോന്നിട്ടില്ല. സ്കൂളിലും കോളേജിലും ഒക്കെ പഠിക്കുമ്പോൾ ഒന്ന് രണ്ടു പേരോട് ഇഷ്ടം തോന്നിയിരുന്നു. എന്നാൽ അവർക്ക് നമ്മളെ ഇഷ്ടവണ്ടേ...

ചിലർ ഉണ്ട് പുറകെ നടന്നു പുറകെ നടന്നു പല പല അടവുകൾ എടുത്ത് അവരെ കൊണ്ട് എങ്ങനേലും ഇഷ്ടാണ് എന്ന് പറയിക്കും. അമ്മ വളർത്തിയ മകൻ ആയകൊണ്ട് ആവണം എനിക്കെന്തോ അങ്ങനെ ചെയ്യാൻ തോന്നിട്ടില്ല.

"നീ എന്താ ആലോചിക്കണേ?" എന്റെ കിടപ്പ് കണ്ട് അമ്മ ചോദിച്ചു.

"ഒന്നുല്ല... അമ്മ പറഞ്ഞു വരണത് എന്താന്ന് എനിക്ക് മനസിലായി. എനിക്ക് അതിനു ഉള്ള പ്രായം ഒന്നും ആയില്ലല്ലോ പതുക്കെ മതിയെന്നേ ആരെങ്കിലും ഒക്കെ പെണ്ണ് കെട്ടി എന്നുവെച്ചു ഞാനും കെട്ടണോ.? നമക്ക് നമ്മൾ മാത്രം പോരെ അമ്മേ..?

"അത് മനസിലാവണം എങ്കിൽ നീ ഒരു അച്ഛൻ ആവണം, സ്വന്തം മക്കൾ ഇങ്ങനെ കെട്ടാതെ നിക്കണത് ഏത് അച്ഛനമ്മ മാർക്കാടാ സഹിക്കാൻ പറ്റുന്നത്.

ഇന്ന് ആ കൊച്ചിനെ കണ്ടപ്പോ മുതൽ ആണ് ഞാനും കെട്ടുപ്രായം കഴിഞ്ഞ ഒരുത്തന്റെ അമ്മയാണല്ലോ എന്ന ബോധം വന്നത്. ഇതിനുമുൻപും നിന്റെ കൂട്ടുകാരുടെ കല്യാണം കഴിഞ്ഞിട്ടുണ്ട് പക്ഷെ അപ്പൊ ഒന്നും എനിക്ക് അങ്ങനെ തോന്നിയില്ല. എന്നാൽ ഇന്ന് നിഷേടെ കളീം ചിരീം ഒക്കെ കണ്ടപ്പോ...."

എന്റെ തല മടിയിൽ നിന്നും ഇറക്കി വെച്ച് അമ്മ എഴുനേറ്റു. ഞാനും എന്ത് പറയണം എന്നൊരു അവസ്ഥയിൽ ആയിരുന്നു. ഇതിനു മുൻപ് എന്നോട് അമ്മ ഇങ്ങനെ ഒന്നും സംസാരിച്ചിട്ടേ ഇല്ല. ഞാൻ എഴുനേറ്റു കട്ടിലിൽ തന്നെ ഇരുന്നു.

അമ്മ എന്റെ വലിച്ചുവാരി ഇട്ടേക്കുന്ന ഡ്രസ്സ് ഒക്കെ മടക്കിവെക്കാൻ തുടങ്ങി.

"ഞാൻ ഒരുപാട് ആഗ്രഹിച്ചതാ ഒരു മോളെ.. എന്നാൽ എനിക്ക് അങ്ങനെ ഒരു ഭാഗ്യം ദൈവം തന്നില്ല. ചിലർക്ക് പെൺകുട്ടി ജനിച്ചാൽ അവർക്ക് ഭയങ്കര നിരാശ ആണ്, എന്നാൽ എനിക്ക്.... മോളെ എനിക്ക് ദൈവം തന്നില്ല ആ നഷ്ടം ഒരു മരുമോളിൽ കൂടി എനിക്ക് നികത്തണം. ഞാൻ പറഞ്ഞെന്നെ ഉള്ളു നീ ആലോചിച്ചു ഒരു തീരുമാനം പറ."

എനിക്ക് ഒന്നും പറയാൻ തോന്നിയില്ല. അല്ലേലും ഞാൻ എന്ത് പറയാൻ ആണ്. അമ്മ പറയുന്നത് കാര്യം അല്ലേ.

"നിനക്ക് നാളെ എന്താ കഴിക്കാൻ വേണ്ടേ?" വീണ്ടും അമ്മയുടെ ശബ്ദം..

"എന്തായാലും മതി." ഞാൻ എങ്ങനെയോ പറഞ്ഞു ഒപ്പിച്ചു. സാദാരണ എന്ത് ഉണ്ടാക്കിയാലും രാവിലെ അതിന്റെ പേരിൽ ഒരു അടി ഉണ്ടാക്കിയിട്ടേ ഞങ്ങൾ പിരിയാറുള്ളു.

ചിന്തിച്ചു ചിന്തിച്ചു എപ്പഴോ ഉറങ്ങിപ്പോയി.

************

രാവിലെ നേരത്തെ തന്നെ എഴുന്നേറ്റു. നേരെ അടുക്കളയിലേക്കു പോയി. സാദാരണ ഭക്ഷണം കഴിക്കാൻ മാത്രം ആണ് ആ വഴി പോണത്. എത്ര വലിയ ഡൈനിങ്ങ് ഹാൾ ഉണ്ടേലും അടുക്കളയിൽ ഇരുന്നു ഭക്ഷണം കഴിക്കുന്നത് ഒരു ശീലം ആയിപോയി.

"ങേ...ഇന്ന് കാക്ക മലന്നു പറക്കും. ഇതാരാ ഈ കൊച്ചു വെളുപ്പാൻകാലത്തു വന്നേക്കണേ..?" ആമി ആണ്. ഇവൾ രാവിലെ തന്നെ ഇങ് വന്നോ.

"ഓ.. മാഡം രാവിലെ തന്നെ എത്തിയോ അമ്മേടെ സമാദാനം കളയാൻ."

"പോടാ അവൾ ഉള്ളതാ എനിക്കൊരു സമാദാനം. നീയൊക്കെ രാവിലെ ഇറങ്ങി പോയ പിന്നെ എപ്പഴാ വന്നു കേറണത് വീട്ടിൽ. അത്ര നേരം എന്റെ ആമി കുഞ്ഞാണ് എനിക്ക് കൂട്ട്."

"ഓ ഒരാമി കുഞ്ഞ്...അമ്മേ ദേ ഇവളീ പുട്ടിനു ചിരകി വെച്ചേക്കണ തേങ്ങ മുഴുവൻ തിന്നു തീർക്കും ഒന്നു നോക്കിക്കോ" ഞാൻ അവള്ടെ തലയിൽ ഒരു കൊട്ടും കൊടുത്തു ബ്രഷും എടുത്തു പുറത്തേക്കു നടന്നു.

കഴിക്കാൻ ഇരുന്നപ്പോ വീണ്ടും അമ്മ കല്യാണക്കാര്യം എടുത്തിട്ടു.

"ഡാ നീ എന്ത് തീരുമാനിച്ചു? ആ ബ്രോക്കറോട് വരാൻ പറയട്ടെ?"

"ങേ... അരവിന്ദേട്ടന്റെ കല്യാണം ഉറപ്പിച്ചോ വല്യമ്മേ?" ആമിക്ക് വിശ്വാസം വന്നില്ല. അവളുടെ കുഞ്ഞിക്കണ്ണു തള്ളി പുറത്തേക്കു വന്നു.

"ഉറപ്പിക്കാൻ ഇവൻ സമ്മതിക്കണ്ടേ മോളെ ഞാൻ കൊറേ പറഞ്ഞു ഇനി നീ പറഞ്ഞു സമ്മതിപ്പിക്ക്."

"അരവിന്ദേട്ടാ പ്ലീസ് പ്ലീസ് പ്ലീസ്.... സമ്മതിക്കു, എനിക്ക് ഏട്ടന്റെ കല്യാണത്തിന് ചെത്തി പൊളിച്ചു നടക്കണം തലയിൽ കൊറേ മുല്ലപ്പൂ ഒക്കെ വെച്ച് പുതിയ ഉടുപ്പൊക്കെ ഇട്ട്, പിന്നെ എന്റെ കൂട്ടുകാരേം വിളിക്കണേ."

"നീ അവിടം വരെ ഒക്കെ എത്തിയോ, ഇവിടെ പെണ്ണുപോലും കണ്ട് തൊടങ്ങില്ല നീ അതിനിടയിൽ കല്യാണം വരെ എത്തിയോ." ഞാൻ അവളെ എരിവ് കേറ്റാനായി പറഞ്ഞു.

"അതിനിപ്പോ എന്താ നമ്മക്ക് പോയി പെണ്ണ് കാണാല്ലോ ബ്രോക്കറോട് വരാൻ പറഞ്ഞാൽ പോരെ?"

"അങ്ങനെ പറഞ്ഞു കൊടുക്ക് മോളെ" അമ്മ ആമിടെ നെറുകിൽ ഉമ്മ കൊടുത്തോണ്ട് പറഞ്ഞു.

"നമ്മക്കാ?? നീ എന്തിനാ വരണേ എനിക്കല്ലേ പെണ്ണുകാണണ്ടെ അല്ലാണ്ട് നിനക്കണോ?"

"അയ്യടാ അങ്ങനെ ഇപ്പൊ മോൻ സുഗിക്കണ്ട എനിക്കും കൂടി കണ്ട് ഇഷ്ടപെടണ പെണ്ണിനെ കെട്ടിയ മതി അല്ലേ ഞാൻ കച്ചറ ആക്കും കണ്ടോ... ഹും.."

"ഓ മതി അടിവെച്ചത്.... ഡാ ഞാൻ എന്തായാലും ആ ബ്രോക്കറോട് പറയാൻ പോകുവാ എനിക്ക് മടുത്തു നിനക്ക് ഇങ്ങനെ വെച്ച് വിളമ്പി, ഇനി വേണേൽ ഒരുത്തിയെ കെട്ടിക്കൊണ്ട് വാ. ഹല്ല പിന്നെ.. "

അമ്മ എന്റെ തലയിൽ ഒരു കിഴുക്കും തന്നിട്ട് അടുക്കളയിലേക്ക് പോയി.

ഇതെല്ലാം കണ്ട് ആമി വാ പൊത്തി ചിരിച്ചു.

"മതിയെടി ഇരുന്നു ഇളിച്ചത് കഴിച്ച് കഴിഞ്ഞില്ലേ എണീറ്റു പൊക്കൂടെ."

"നീ പോടാ..."

"ഡീ..ഡീ.. എന്താ വിളിച്ചേ?" ഞാൻ കൈ ഓങ്ങിയതും അവൾ പാത്രവും എടുത്ത് ഇറങ്ങി ഓടി. പെണ്ണിന്റെ ഒരു കാര്യം വൈകിട്ട് വരും അപ്പൊ പിടിച്ചോളാം.

*********************

വൈകുന്നേരം വന്നപ്പോ ഞാൻ കാണുന്നത് ബ്രോക്കർ കുഞ്ഞപ്പൻ ചേട്ടനെ ആണ്, ആൾ ചായ ഊതി ഊതി കുടിക്കുന്നു. ഓ അപ്പൊ അമ്മ രണ്ടും കൽപ്പിച്ചാണ്. എന്നാ പിന്നെ ഞാനും അങ്ങ് സമ്മതിച്ചേക്കാം. പക്ഷെ അങ്ങനെ പെട്ടെന്ന് സമ്മതിച്ചു കൊടുത്താൽ എന്റെ ഇമേജ് എന്താവും. തല്ക്കാലം ഒരു മൗനസമ്മതം കൊടുക്കാം.

എന്നെ കണ്ടതും കുഞ്ഞപ്പൻ ചേട്ടൻ വെളുക്കെ ഒന്ന് ചിരിച്ചു.

"അമ്മ എല്ലാം പറഞ്ഞു, മോൻ വെഷമിക്കണ്ട കേട്ടോ നല്ല പൂവമ്പഴം പോലത്തെ കൊച്ചുങ്ങളെ ഈ കുഞ്ഞപ്പൻ ചേട്ടൻ കാണിച്ചു തരാം."

"പൂവമ്പഴോം ഏത്തപ്പഴോം ഒന്നും വേണ്ട ചേട്ടാ ഇവനെ ഒന്ന് നിലയ്ക്ക് നിർത്താൻ പറ്റിയ ഒരെണ്ണം മതി, ഇവന്റെയൊക്കെ പൊറകേ പോയി ഞാൻ മടുത്തു." അമ്മ ഒരു പാത്രത്തിൽ മിച്ചറും ആയി പുറത്തേക്കു വന്നു. കൂടെ ഒരു ഗ്ലാസിൽ ചായ എടുത്തു ആമിയും.

"ആഹാ മാഡം ഇവിടെ ഉണ്ടാരുന്നോ.. ഇങ് വന്നേ ചോയ്ക്കട്ടെ." ഞാൻ അവളെ പിടിക്കാനായി കൈ നീട്ടി. അവളത് മുൻകൂട്ടി മനസിലാക്കി നേരെ അമ്മേടെ പിന്നിൽ ഒളിച്ചിട്ട് എന്നെ കൊഞ്ഞനം കുത്തി കാണിച്ചു.

"ദേ ഇതാണ് ഇവിടുത്തെ പ്രശ്നം, ഈ കുഞ്ഞു പിള്ളേർടെ കൂടെ അടി കൂടുക, പന്ത് ഉരുട്ടി നടക്കുക പറഞ്ഞു പറഞ്ഞു ഞാൻ മടുത്തു." അമ്മ കുഞ്ഞപ്പൻ ചേട്ടനോട് എന്റെ സ്വഭാവഗുണങ്ങൾ ഓരോന്നായി പറഞ്ഞു തുടങ്ങി. ഇനി ഇവിടെ ഇരിക്കുന്നത് പന്തികേട് ആണ്. ഞാൻ അകത്തേക്ക് വലിഞ്ഞു.

ചായ കുടിച്ചോണ്ട് ഇരുന്നപ്പോൾ അമ്മേം ആമിം കൂടി ഏതോ കൊറേ പെണ്ണുങ്ങളുടെ ഫോട്ടോയും കൊണ്ട് വന്നു എനിക്ക് ഇരുവശത്തും ഇരുന്നു.

"ദേ നോക്ക് ഏട്ടാ ആ ബ്രോക്കർ മാമൻ തന്നതാ. ഈ ചേച്ചി എങ്ങനൊണ്ട് എനിക്ക് ഇഷ്ടായി." ആമി ഒരു ഫോട്ടോ എടുത്തു കാണിച്ചു. ഞാൻ അത് ശ്രദ്ധിക്കാത്ത പോലെ ഇടംകണ്ണിട്ട് ഫോട്ടോയിൽ നോക്കി.

"ഓ ഇത്ര ജാഡ കാണിക്കല്ലേ മോനേ ഞാൻ കണ്ട് ഒളിഞ്ഞു നോക്കണത്. വേണേൽ മരിയാദക്ക് നോക്കിക്കോ." ഈ പെണ്ണ് എന്നെ നാറ്റിക്കും. അമ്മയും ഓരോ ഫോട്ടോ എടുത്തു നോക്കുന്നുണ്ട്. എന്നാ പിന്നെ ഞാനും ഒരെണ്ണം എടുത്തേക്കാം.

എല്ലാം നോക്കി അതിൽ നിന്നു ഒരു 4 എണ്ണം അവർ രണ്ടുപേരും കൂടി സെലക്ട് ചെയ്തു വെച്ചു.

പിന്നീട് ഉള്ള ശനി ഞായർ ദിവസങ്ങൾ പെണ്ണുകാണലിന്റെ ആയിരുന്നു. ഏതെങ്കിലും ദിവസം നേരത്തെ വന്നാൽ അന്നും പെണ്ണുകാണാൻ കൊണ്ടുപോകും. ആകെ പെട്ടു. കളിക്കാൻ പോയിട്ട് ഇപ്പൊ 2 ആഴ്ച ആവുന്നു, എനിക്ക് അതിൽ ആണ് സങ്കടം.

ഓരോ പെണ്ണിന്റെ അടുത്ത് ചെന്ന് എന്താ ചോദിക്കണ്ടത് എന്നൊക്കെ പോകുമ്പോൾ ഓർത്തു പോകും, എന്നാൽ ആളെ ഒറ്റയ്ക്ക് കിട്ടുമ്പോ ഇതൊക്കെ ഞാൻ മറക്കും. ഒടുക്കം ഞാനും മടുത്തു തുടങ്ങി എല്ലാം ഒരു പേരിനു പോയി കണ്ടു.

അവസാനം പെണ്ണുകാണാൻ ഒന്നും ഇല്ലാത്ത ഒരു ഞായറാഴ്ച കിട്ടി. ഹോ ആശ്വാസം... ഇന്നെങ്കിലും ഒന്ന് കളിക്കാൻ പോകാല്ലോ. അങ്ങനെ വിചാരിച്ചു ഇരിക്കുമ്പോ ആണ് അടുത്ത കുരിശ്. ഏതോ തുമ്മിയാൽ തെറിച്ച ബന്ധത്തിൽ ഉള്ളൊരു കല്യാണത്തിന് അമ്മയേം കൂട്ടി പോണം പോലും. ശോ.. ഇന്നും കളി പോയത് തന്നെ. ഞാൻ ഒഴിഞ്ഞു മാറാൻ കൊറേ നോക്കി പക്ഷെ എന്റെ കള്ളക്കളി ആമി പുഷ്പം പോലെ പൊളിച്ചു കയ്യിൽ തന്നു.

"വല്യമ്മേ ഞാനും വരട്ടെ കല്യാണത്തിന്?"

"അതിനെന്താ മോള് പോയി ആ ചുവപ്പ് പാവാടേം ബ്ലൗസും ഇട്ട് വാ. പോണ വഴി നമക്ക് മുല്ലപ്പൂ എവിടുന്നേലും വാങ്ങാം."

ഞാൻ മനസില്ലാ മനസ്സോടെ വണ്ടി ഇറക്കി. നോക്കുമ്പോ ദാ മുന്നിൽ ആമി. മൊത്തം ഒരു ചുവപ്പ് മയം.

"അല്ല നീ ഇതെങ്ങോട്ടാ വല്ല പാർട്ടി ഘോഷയാത്ര ഒണ്ടോ ഇന്ന്."

"ദേ അരവിന്ദേട്ടാ എന്നെ ദേഷ്യം പിടിപ്പിക്കല്ലേ, ഞാനും ഉണ്ട് കല്യാണത്തിന്."

"നീയോ... നിന്നോട് ആരാ പറഞ്ഞേ വരാൻ.?"

"എന്നോട് വല്യമ്മ പറഞ്ഞു പോന്നോളാൻ ഇനിയെന്താ അറിയണ്ടേ, ഏട്ടൻ നിന്നു ഡയലോഗ് അടിക്കാതെ വണ്ടി എടുത്തേ. അഹ് പിന്നെ പോണ വഴി എനിക്ക് കൊറച്ചു മുല്ലപ്പൂ വാങ്ങി തരണം." ചെല സമയത്തു ഇവളുടെ വർത്താനം കേട്ടാൽ ഇവളാണ് എന്റെ അമ്മ എന്ന് തോന്നും. കാന്താരി.

ബൈക്കിൽ ട്രിപ്പിൾ വെച്ച് പോയി പോലീസ് പിടിക്കണ്ടിരുന്നാ മതിയായിരുന്നു. ശേ.. ഇന്നത്തെ കളി പോയത് തന്നെ. ഞാൻ അങ്ങനെ ഓരോന്ന് ആലോചിച്ചു ഇരുന്നപ്പോഴേക്കും അമ്മയും വീടൊക്കെ പൂട്ടി എത്തി.

"പോവാം... കേറു മോളെ വല്യമ്മ ബാക്കിൽ ഇരിക്കാം മോള് നടുക്ക് ഇരുന്നോ."

"കൊറച്ചൂടെ അങ്ങോട്ട് കേറി ഇരിക്ക് ഏട്ടാ വല്യമ്മക്കും ഇരിക്കണം."

യാത്രയിൽ ഉടനീളം ആമിയുടെ പല പല കഥകൾ കേട്ട് പോയത്കൊണ്ട് തീരെ ബോർ അടിച്ചില്ല. പിന്നെ ഇടയ്ക്ക് അവളെ ദേഷ്യം പിടിപ്പിക്കാൻ ഞാനും എന്തെങ്കിലും ഒക്കെ പറഞ്ഞോണ്ട് ഇരുന്നു. വഴിയിൽ കണ്ട ഒരു കടയിൽ നിന്നും മുല്ലപ്പൂവും വാങ്ങി.

ആരുടെ കല്യാണം ആണെന്ന് പോലും ഞാൻ തിരക്കിയില്ല. അവിടെ എത്തിയതും അമ്മ ആൾകൂട്ടത്തിൽ കൂടി ഞാനും ആമിയും പോസ്റ്റ് ആയി പന്തലിന്റെ ഒരു മൂലയ്ക്ക് ഇരുന്നു കത്തി വെക്കാൻ തുടങ്ങി. കെട്ടു കഴിഞ്ഞതും എല്ലാ മലയാളികളെയും പോലെ ഞങ്ങൾ ഓടി പോയി കഴിക്കാൻ ഇരുന്നു.

അവിടെ നിന്നും ഇറങ്ങുമ്പോൾ തന്നെ 3 മണി കഴിഞ്ഞു. നേരത്തെ ഇറങ്ങാമായിരുന്നു. അമ്മ എന്നെ വീട്ടുകാർക്കൊക്കെ പരിചയപെടുത്തി കൊടുക്കാൻ നിന്നതാ ഇത്രേം ലേറ്റ് ആയത്. സദ്യ കഴിച്ച ക്ഷീണം കാരണം എനിക്ക് നല്ല ഉറക്കം വരുന്നുണ്ടായിരുന്നു. അവസാനം ഞാൻ പിടിച്ചു വലിച്ചെന്ന പോലെയാണ് കൊണ്ടുവന്നത്.

"നിനക്ക് എന്താ കൊറച്ചു നേരം കൂടെ അവിടെ നിന്നാൽ. എല്ലാരേം മരിയാദയ്ക്ക് ഒന്ന് കാണാൻ പോലും സമ്മതിച്ചില്ല പോത്ത്."

"എന്റമ്മേ എനിക്കാണേൽ ഉറക്കം വന്നിട്ട് വയ്യ എങ്ങനേലും വീട്ടിൽ പോയി ഒന്ന് കിടന്നാൽ മതി."

ആമി എന്റെ മുതുകിൽ ചാരി പാതി മയക്കത്തിൽ ആയി. അവൾ വീഴാതിരിക്കാൻ അമ്മ അവളെ ചേർത്ത് പിടിച്ചിട്ടുണ്ട്. ചെറിയൊരു റോഡ്, റോഡിനു ഇരുവശവും നെൽപ്പാടം. അതിനു നടുവിലൂടെ ആണിപ്പോൾ വണ്ടി പോകുന്നത്. ശെരിക്കും നല്ല സുഖമുള്ള കാഴ്ച തന്നെ ഞാൻ ആമിയെ വിളിച്ചുണർത്തി. അവളും അത് കണ്ട് രസിച്ചു ഇരുന്നു. ഈ റോഡിൽ നിന്ന് മെയിൻ റോഡിൽ കേറുന്നതിന്റെ സൈഡിൽ ആയി കൊറേ പിള്ളേർ ഫുട്ബോൾ കളിക്കുന്നുണ്ട്.

ഞങ്ങൾ മെയിൻ റോഡിലേക്കു കേറാൻ പോയപ്പോൾ ആണ് അത് സംഭവിച്ചത്, ഒരു ഫുട്ബാൾ പാഞ്ഞു വന്നു എന്റെ വണ്ടിയുടെ മിററിൽ തട്ടി. അതിനു പുറകെ "അയ്യോ..." എന്നൊരു കിളി നാദവും.

വണ്ടി ബാലൻസ് തെറ്റി, ഞാൻ പാടത്തേക്ക് വീഴാതിരിക്കാൻ മാക്സിമം നോക്കി, കാൽ കുത്തി എന്റെ ബാലൻസ് പോയി ഞാൻ നേരെ തെറിച്ചു പോയി പാടത്തേക്ക്. എന്നാൽ അമ്മയും ആമിയും ബൈക്കിന്റെ കൂടെ തന്നെ വീണതെ ഉള്ളു റോഡിൽ. ഞാൻ നേരെ ചെന്ന് ചെളിയിൽ വീണു. ആരൊക്കെയോ ഓടുന്ന ശബ്ദം കേക്കാം. ഞാൻ എഴുന്നേറ്റു നോക്കുമ്പോൾ കാണുന്നത് റോഡിന്റെ സൈഡിൽ ഇട്ട വലിയ കല്ലിൽ ഇരിക്കുന്ന അമ്മയെ ആണ്, അമ്മേടെ കാൽ ഒരു പെണ്ണിന്റെ മടിയിൽ ആണ്, ആമി അമ്മയെ സമാധാനിപ്പിക്കുന്നുണ്ട്. എന്നാൽ അമ്മ ഞാൻ വീണിടത്തേക് ആണ് നോക്കുന്നത്.

ഞാൻ വേഗം ഓടി അങ്ങോട്ട് ചെന്നു. അമ്മയുടെ കാൽ തിരുമുന്ന പെണ്ണ് കൊറേ സോറി ഒക്കെ പറയുന്നുണ്ട്. അപ്പോഴാണ് കാര്യം മനസിലായത്, ഇവൾ അടിച്ച അടി ആണ് ഞങ്ങളെ ഈ പരുവത്തിൽ ആക്കിയത്. എനിക്ക് ആകെ കലിപ്പ് ആയി. ഞാൻ എന്തൊക്കെയോ ആ പെണ്ണിനോട് ദേഷ്യപ്പെട്ടു സംസാരിച്ചു. അത് ഒന്നും മിണ്ടാതെ നിന്ന് കേൾക്കുന്നുണ്ട്. രംഗം കുറച്ചൊന്നു ശാന്തമായപ്പോൾ ഞാൻ അമ്മയെ പിടിച്ചു എഴുനേപ്പിക്കാൻ നോക്കി. അത് കണ്ട് ആ പെണ്ണും വന്നു സഹായിച്ചു. ഞാൻ അവളെ ഒന്ന് രൂക്ഷമായി നോക്കി, അവൾ എന്റെ മുഖത്ത് നോക്കാതെ തന്നെ അമ്മയെ താങ്ങി പിടിച്ചു. എന്റെ ദേഹത്ത് മുഴുവൻ ചെളി ആയത്കൊണ്ട് ഞാനും അത് എതിർക്കാൻ പോയില്ല. ആമി അപ്പോഴേക്കും തെറിച്ചു പോയ പേഴ്സ് മൊബൈൽ ഒക്കെ പെറുക്കി എടുത്തു വന്നു.

"അമ്മേ നടക്കാൻ എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടോ."

"ഇല്ലടാ, വീണപ്പോ കാൽ വണ്ടിയിൽ ഒന്നിടിച്ചു അതിന്റെ വേദന ആണ് നടക്കാൻ പ്രശ്നം ഒന്നുല്ല, ആദ്യത്തെ ആ മരവിപ്പ് മാത്രേ ഉള്ളു. ആമിമോൾക് എന്തെങ്കിലും പറ്റിയോ മോളെ?"

"എനിക്ക് കൊഴപ്പോന്നും ഇല്ല വല്യമ്മേ ഞാൻ ഓക്കേ ആണ്."

"നിനക്ക് വല്ലതും പറ്റിയോ?"

"ആഹ് എനിക്ക് പറ്റിയതാ ഈ കാണുന്നതൊക്കെ." ഞാൻ കൈ രണ്ടും അകത്തി നിന്നു. എന്റെ നിപ്പ് കണ്ട് അമ്മയും ആമിയും ചിരിക്കാൻ തുടങ്ങി. എന്നാൽ ആ പെണ്ണ് മാത്രം അമ്മയുടെ കൈ മുറുകെ പിടിച്ചു നിന്നു.

"സാരമില്ല മോളെ, ഞങ്ങക്ക് ഒന്നും ഇല്ല മോള് പേടിക്കണ്ട."

"എന്ത് ഒന്നുല്ലന്നു, വല്ലതും പറ്റിയിരുന്നേൽ എന്തായേനെ." ഞാൻ വീണ്ടും ആ പെണ്ണിനോട് തട്ടി കേറി.

"ഡാ ഒന്ന് നിർത്തിക്കെ, എനിക്ക് ഒന്നുല്ലന്ന് പറഞ്ഞില്ലേ പിന്നെ എന്തിനാ ആ കുട്ടിനെ സങ്കടപെടുത്തുന്നെ. നീയൊക്കെ എത്രവട്ടം നമ്മടെ അവിടെ റോഡിൽ കൂടി പോണ ആൾക്കാരുടെ മേത്തു പന്ത് അടിച്ചു കൊള്ളിച്ചേക്കുന്നു അപ്പൊ ഇല്ലാത്ത ദണ്ണം എന്തിനാ ഇപ്പൊ." അമ്മ എന്നോട് ചൂടായപ്പോ ഞാൻ പിന്നെ ഒന്നും മിണ്ടില്ല. ഞാൻ നേരെ പോയി ബൈക്ക് പൊക്കി എടുത്തു.

അപ്പോഴും ആ പെണ്ണ് ഹോസ്പിറ്റലിൽ പോണോ നടക്കാവോ എന്നൊക്കെ അമ്മയോട് ചോദിക്കുന്നുണ്ട്.

അപ്പോഴാണ് ആമി പറഞ്ഞത് അവളുടെ കാലിൽ ചെറിയൊരു മുറിവ് ആയിട്ടുണ്ട് എന്ന്. ഞാൻ പോയി അത് നോക്കി, അത്ര വലിയ മുറിവല്ല റോഡിൽ ഉരഞ്ഞു തൊലി പോയത് ആണ്. അമ്മയുടെ കൈ പിടിച്ചു ആ പെണ്ണും അങ്ങോട്ട് വന്നു.

"എന്റെ വീട് ദാ ആ കാണുന്നതാ അങ്ങോട്ട് വാ മരുന്ന് വെച്ചിട്ട് പോവാം." അവൾ പറഞ്ഞത് കേട്ടു എനിക്ക് പിന്നേം ദേഷ്യം വന്നു ഞാൻ പക്ഷെ ഒന്നും മിണ്ടിയില്ല.

"അത് സാരമില്ലേച്ചി എനിക്ക് അങ്ങനെ വേദന ഒന്നുല്ല." ആമി പറഞ്ഞു. എന്നാലും ആ പെണ്ണ് പിന്നേം പിന്നേം നിർബന്ധിച്ചു. അവസാനം അമ്മേം ആമിം അവളുടെ കൂടെ ആ വീട്ടിലേക്കു നടന്നു.

കുറച്ചു നടന്നിട്ട് അമ്മ തിരിഞ്ഞു നോക്കി.

"ഡാ നീ വരുന്നില്ലേ..?"

"ഞാനെങ്ങും ഇല്ല നിങ്ങൾ പോയിട്ട് വാ." എനിക്ക് ആകെ കലിപ്പ് കേറി.

"ആ വരണില്ലെങ്കി അവിടെ നിക്ക് ഹല്ല പിന്നെ."

അമ്മ അതും പറഞ്ഞു ആ പെണ്ണിന്റെ കൈ പിടിച്ചു പിന്നേം നടന്നു. ഞാൻ ബൈക്കിന്റെ കേട്പാട് നോക്കി അവിടെ നിന്നു.

"ഈ ചെളിയും വെച്ച് എങ്ങനാ വീട് വരെ പോണത്, വീട്ടിൽ വന്നു അറ്റ്ലീസ്റ്റ് ഇതൊക്കെ ഒന്ന് കഴുകിട്ടു പോവാല്ലോ." ആ ശബ്ദം കേട്ട് ഞാൻ തല ഉയർത്തി നോക്കി. വീണ്ടും ആ പെണ്ണ്. ഇവൾ എന്റെ വായിൽ ഇരിക്കണത് കേട്ടിട്ടേ പോകു. ഞാൻ അവളോട് വീണ്ടും ചൂടാവാൻ ഒരുങ്ങി അപ്പോഴേക്കും അമ്മയുടെ വിളി വന്നു.

"ഡാ!!!" ആ ഒരു വിളിയിൽ എല്ലാം ഉണ്ടായിരുന്നു. ഞാൻ പിന്നെ സംസാരിക്കാൻ നിന്നില്ല. ആ പെണ്ണിന്റെ പിന്നാലെ നടന്നു. അവൾ ഓടി ചെന്ന് വീണ്ടും അമ്മയുടെ കൈ പിടിച്ചു. ആമി മുന്നിൽ നടന്നു. ഞാൻ ഏറ്റവും പിന്നിലും.

നടക്കുന്ന വഴി ഞാൻ ഒന്ന് ചുറ്റും നോക്കി, മാവിന്റെ മറവിലും കുറ്റി ചെടിയുടെ മറവിലും ഒക്കെ ആയി ഇവളുടെ ബാക്കി ടീം മെംബേർസ് ഒളിഞ്ഞിരിക്കുന്നു. എല്ലാരും കൂടി ഇവളെ ഇട്ടിട്ടു ഓടിയത് ആവണം. ആ ദേഷ്യത്തിന് ഇടയിലും എനിക്ക് ചെറിയ ചിരി വന്നു.

പാടവരമ്പും കടന്നു ഞങ്ങൾ ഒരു വീട്ടുമുറ്റത്തേക് കയറി. അവിടെ സിറ്റ് ഔട്ടിൽ ഒരാൾ പത്രം വായിച്ചു ഇരിക്കുന്നു. ഞങ്ങളെ കണ്ട ഉടൻ പുള്ളി എഴുനേറ്റു.

"ആരാ മോളെ ഇതൊക്കെ." ഓ ഇതാപ്പോ ഇവളുടെ അച്ഛൻ ആണ്.

അവൾ നിന്ന് പരുങ്ങുന്ന കണ്ട് അമ്മ തന്നെ മറുപടി പറഞ്ഞു

"ഞങ്ങൾ ഇവിടെ അടുത്തൊരു കല്യാണത്തിന് വന്നതാ, തിരിച്ചു വരും വഴി വണ്ടി ഒന്ന് പാളി ഞങ്ങൾ വീണു. അപ്പൊ മോളാണ് വന്നു ഞങ്ങളെ രക്ഷിച്ചത്." അമ്മ പറഞ്ഞത് കേട്ട് അവൾ നന്ദിപൂർവം അമ്മയെ നോക്കി. അമ്മ അവളെ കണ്ണടച്ച് കാണിച്ചു.

"അവിടെ തന്നെ നിക്കാതെ ഇങ്ങോട്ട് കേറി ഇരിക്ക്. കാര്യായിട്ട് എന്തെങ്കിലും പറ്റിയോ.?"

"എയ് മോൾടെ കാലൊന്നു ഉരഞ്ഞു, എന്റെ കാലൊന്ന് ഉളുക്കി. ഇവന് കുഴപ്പൊന്നും ഇല്ല." അമ്മ പറഞ്ഞത് കേട്ട് പുള്ളി എന്നെ നോക്കി, എന്റെ കോലം കണ്ട് അയാൾ വാ പൊളിച്ചു പോയി.

"ഇതെന്താ ഇങ്ങനെ. മൊത്തം ചെളിയായല്ലോ. ദാ അവിടെ പൈപ്പ് ഉണ്ട് അതിൽ നിന്ന് കഴുകിക്കോ." പുള്ളി ഒരു പൈപ്പ് കാണിച്ചു തന്നിട്ട് എന്നോട് പറഞ്ഞു.

അമ്മയും ആമിയും സിറ്റ് ഔട്ടിലേക് കേറി ഇരുന്നു. ആ പെണ്ണ് അകത്തേക്കും പോയി ഞാനും ആ പെണ്ണിന്റെ അച്ഛനും പൈപ്പിന്റെ അടുത്തേക്കും.

വെള്ളം എടുത്തു എല്ലാം നല്ലോണം കഴുകി. എന്നാലും അധികം അങ്ങനെ വൃത്തി ആയില്ല. അയാളും കുറെ സഹായിച്ചു, ഞാൻ വേണ്ടെന്നു പറഞ്ഞിട്ടും കേട്ടില്ല. എനിക്ക് സോപ്പ് ഒക്കെ എടുത്തു തന്നു. അതിനിടയിൽ വീടും നാടും ഒക്കെ ചോദിച്ചറിഞ്ഞു. അദ്ദേഹം ഒരു സാധു മനുഷ്യൻ ആണെന്ന് തോന്നി. പുള്ളിയോട് സംസാരിച്ചപ്പോൾ എന്റെ ആ ദേഷ്യവും അങ്ങ് കുറഞ്ഞു. കഴുകി കഴിഞ്ഞു മുറ്റത്തേക്കു പോകാൻ നേരം അദ്ദേഹം അടുത്ത് വന്നു.

"ഒന്നും തോന്നരുത്, അമ്മ ഇല്ലാത്ത കുട്ടിയാ, ഞാനും കൊറേ കൊഞ്ചിച്ചു വഷളാക്കിട്ടുണ്ട് അതിന്റെതായ പ്രശ്നങ്ങൾ മോൾക്ക് ഉണ്ട്. നിങ്ങൾ വീണത് അവൾ കാരണം ആണെന്ന് എനിക്ക് ആദ്യമേ തോന്നി അവളുടെ പരുങ്ങൽ കണ്ടപ്പഴേ. ഒന്നും മനസ്സിൽ വെക്കരുത് കേട്ടോ.

ഇങ്ങനെ കുറച്ചു തല്ലുകൊള്ളിത്തരം ഉണ്ടെന്നേ ഉള്ളു ആള് പാവം ആണ്." അയാൾ പറഞ്ഞു നിർത്തി.

"എയ് അത് സാരമില്ലെന്നേ, അമ്മ വീണപ്പോ ഞാനും ടെൻഷൻ ആയിപോയി അതാ. കൊഴപ്പോന്നും ഇല്ല ഒന്നും പറ്റിയില്ലലോ അത് തന്നെ വലിയ കാര്യം." ഞാൻ അദ്ദേഹത്തോട് പറഞ്ഞു. എന്തോ എനിക്ക് അയാളോട് പിന്നെ ഒന്നും അങ്ങ് പറയാൻ തോന്നിയില്ല.

"എന്നാൽ വാ, ഞാൻ ചായ എടുക്കാം മോൻ മുറ്റത്തേക്കു പൊയ്ക്കോളൂ."

"അയ്യോ ചായ ഒന്നും വേണ്ട സർ, ഞങ്ങൾ ഇപ്പൊ ഇറങ്ങും."

"ഹാ അങ്ങനെ പറഞ്ഞാൽ എങ്ങനാ മോൻ അങ്ങോട്ട് ചെല്ല് ഞാൻ ഇപ്പൊ വരാം." എന്നെ തള്ളി മുറ്റത്തേക്കു വിട്ടിട്ട് അദ്ദേഹം അടുക്കള വഴി അകത്തേക്ക് കയറി.

ഞാൻ മുറ്റത്തേക്കു ചെല്ലുമ്പോൾ ആമി ഒരു 5 സ്റ്റാർ ചോക്ലേറ്റ് കയ്യിൽ പിടിച്ചു കടിച്ചോണ്ട് ഇരിക്കുന്നു. അമ്മ കസേരയിൽ ഇരിക്കുന്നുണ്ട്. ആ പെണ്ണ് അമ്മയുടെ കാലിൽ എന്തൊക്കെയോ ചെയ്യുന്നുണ്ട് കൂടെ വാ തോരാതെ വർത്തമാനം പറയുന്നുമുണ്ട്. അമ്മ അതിനൊക്കെ മറുപടി പറഞ്ഞു ചിരിക്കുന്നുണ്ട്. ഈ അമ്മയെ കൊണ്ട്.... പെൺകുട്ടികൾ അമ്മേടെ വീക്നെസ് ആണെന്ന് തോന്നുന്നു.

"ചോദിക്കാൻ മറന്നു എന്താ മോൾടെ പേര്?"

"നയന"

"പഠിക്കുവാണോ മോള്?"

"പഠിത്തം കഴിഞ്ഞു ഇപ്പൊ ഒരു കാൾ സെന്ററിൽ ജോലി നോക്കുന്നു എറണാകുളത്തു. അത് തത്കാലം ഒന്ന് പിടിച്ചു നിക്കാൻ ഉള്ള ജോലി ആണ് വേറെ നോക്കുന്നുണ്ട് ഒന്നും ആയില്ല." അവൾ ചിരിച്ചോണ്ട് പറഞ്ഞു.

"ആഹ് എറണാകുളത്തു ആണോ ദേ ഇവനും അവിടെ ആണ്." അമ്മ എന്നെ ചൂണ്ടി പറഞ്ഞു. അവൾ എന്നെ നോക്കിയതും ഞാൻ നോട്ടം മാറ്റി ആമിയുടെ അടുത്തേക്ക് പോയി.

"ഏട്ടാ ദേ ചേച്ചി തന്നതാ ഏട്ടന് വേണോ ചോക്ലേറ്റ്." ഞാൻ അവളെ നോക്കി പേടിപ്പിച്ചു. അവൾ അതൊന്നും മൈൻഡ് ആക്കാതെ ഇരുന്നു കഴിക്കാൻ തുടങ്ങി.

അപ്പോഴേക്കും അവളുടെ അച്ഛന്റെ ചായയും ആയി വന്നു.

"ദാ എല്ലാവരും ചായ കുടിക്ക്."

"അയ്യോ ഇതൊന്നും വേണ്ടാരുന്നു, എന്തിനാ ഇതൊക്കെ ഉണ്ടാക്കിയെ."

"പിന്നെ വീട്ടിൽ വന്നവരെ വെറുതെ അങ്ങനെ പറഞ്ഞയക്കാൻ പറ്റുവോ." അവളുടെ അച്ഛൻ പറഞ്ഞു.

"നിങ്ങൾ ചായ കുടിക്കാൻ നോക്ക് ഞാൻ ദാ വരുന്നു." അദ്ദേഹം വീണ്ടും അകത്തേക്ക് പോയി.

"അല്ല എവിടെ മോൾടെ അമ്മ, ഇവിടെ ഇല്ലേ?"

അമ്മേടെ ചോദ്യം കേട്ടതും ഞാൻ ഒന്ന് ഞെട്ടി. ഞാൻ ആ പെണ്ണിനെ നോക്കി അവളും ഒന്ന് ഞെട്ടിയെങ്കിലും പെട്ടെന്ന് തന്നെ സമചിത്തത വീണ്ടെടുത്തു.

"അമ്മ.. അമ്മ പോയിട്ട് വർഷങ്ങൾ ആയി." അത് പറഞ്ഞിട്ട് അവൾ അമ്മയുടെ കാലിൽ ബാൻഡേജ് കെട്ടാൻ തുടങ്ങി.

അമ്മ എന്ത് പറയണം എന്നറിയാതെ ഇരുന്നു. എന്തോ ഭാഗ്യം പോലെ അപ്പൊ തന്നെ അവളുടെ അച്ഛൻ പുറത്തേക്കു വന്നു അത്കൊണ്ട് തന്നെ ആ വിഷയത്തിൽ നിന്നും എല്ലാവരും തെന്നിമാറി.

കുറച്ചു നേരം കൂടി അവിടെ നിന്നതിനു ശേഷം ഞങ്ങൾ ഇറങ്ങാൻ റെഡി ആയി. അമ്മയ്ക്ക് ഇപ്പൊ നടക്കാൻ വല്യ ബുദ്ധിമുട്ട് ഇല്ല എന്നാലും ചെറിയൊരു വേദന ഉണ്ട്. ഞാൻ അദ്ദേഹത്തോട് യാത്ര പറഞ്ഞു അവളോട് ഒന്നും പറഞ്ഞില്ല, അതിനു എന്റെ ഈഗോ എന്നെ സമ്മതിച്ചില്ല എന്ന് വേണം പറയാൻ. വണ്ടി ഇരുന്ന സ്ഥലം വരെ അമ്മയുടെ കയ്യും പിടിച്ചു അവൾ വന്നു.

ഞാൻ നേരെ കേറി വണ്ടി സ്റ്റാർട്ട് ആക്കി. ആമിയും അവളോട് യാത്ര പറഞ്ഞു എന്റെ പിന്നിൽ കയറി. അമ്മ അവളെ ചേർത്ത് നിർത്തി നെറുകയിൽ തലോടി.

"പോട്ടെ മോളെ... ഇനിയും എപ്പഴേലും കാണാം. ഞങ്ങളുടെ അങ്ങോട്ട് വല്ലതും വരുവണേൽ വീട്ടിൽ വരണം കേട്ടോ. ദാ ഇതാണ് വീട്ടിലെ ഫോൺ നമ്പർ." അമ്മ ഒരു തുണ്ട് കടലാസ് അവൾക്കു നേരെ നീട്ടി. ഇതൊക്കെ എപ്പോ എഴുതി വെച്ചോ ആവോ.

"വാങ്ങിച്ചോ മോളെ അമ്മ തരുന്നതല്ലേ." അമ്മ അത് അവളുടെ കയ്യിൽ കൊടുത്തിട്ട് ഒന്നുകൂടി അവളെ ചേർത്ത് പിടിച്ചു, എന്നിട്ട് വണ്ടിയിൽ കയറി. ഞാൻ പതിയെ വണ്ടി മുന്നോട്ടു എടുത്തു. അമ്മയും ആമിയും തിരിഞ്ഞു നോക്കി അവൾക്കു ടാറ്റ കൊടുക്കുന്ന തിരക്കിൽ ആയിരുന്നു. എന്നാൽ ഞാൻ മാത്രം നോക്കിയില്ല. പക്ഷെ വണ്ടിയുടെ കണ്ണാടിയിൽ ഞാൻ കണ്ടു ദാവണി ഉടുത്തു കണ്ണ് നിറഞ്ഞു നിൽക്കുന്ന ഒരു രൂപം.

എന്തോ അന്ന് ഉറങ്ങാൻ കിടന്നപ്പോഴും ആ അവസാനം കണ്ട രൂപം തന്നെ ആയിരുന്നു മനസ്സിൽ. ഞാൻ കൊറച്ചു അധികം ദേഷ്യപ്പെട്ടു എന്നൊരു തോന്നൽ.

"നീ എന്താ ഈ ലൈറ്റും തെളിച്ചിട്ട് ഇരുന്നു ആലോചിക്കുന്നേ." അമ്മ മുറിയിലേക്കു കയറി വന്നു.

"ഓ ഒന്നുല്ല നാളെ ഇനി വീണ്ടും പണിക്കു പോണോല്ലോ എന്നാലോചിച്ചതാ. അമ്മ കിടന്നില്ലേ. കാലിനു ഇപ്പൊ വേദന ഉണ്ടോ.?" ഞാൻ അമ്മയുടെ കാൽ എടുത്തു മടിയിൽ വെച്ച് ചോദിച്ചു.

"ഹാ കാല് വലിച്ചു പറിക്കാതെടാ, എനിക്ക് കുഴപ്പൊന്നും ഇല്ല ആ കൊച്ച് നല്ലപോലെ തിരുമി തന്നു അതോണ്ട് നീരൊന്നും വീണില്ല."

"മം..."

"നീ എന്തിനാടാ ആ കുട്ടിയോട് അത്രേം ദേഷ്യപ്പെട്ട് സംസാരിച്ചത് മോശമായി പോയി."

"പിന്നല്ലാതെ ഞാൻ അപ്പൊ എന്ത് ചെയ്യാനാ, അപ്പഴത്തെ ദേഷ്യത്തിൽ പറഞ്ഞു പോയതാ."

"എന്നാ പിന്നെ പോരാൻ നേരം അതിനോട് ഒരു സോറി എങ്കിലും പറഞ്ഞൂടാരുന്നോ പാവം അത് പേടിച്ചു പോയി ഞാൻ വീണപ്പോ."

"ആ ഇനി കാണുവാണേൽ പറയാം."

"ഉവ്വാ ഇനി എവിടുന്നു കാണാൻ. മതി ഞാൻ പോയി കിടക്കട്ടെ. കിടന്നു ഉറങ്ങാൻ നോക്ക് ഇനി ഫോണിൽ കളിക്കാൻ നോക്കിയാൽ ഞാൻ അതെല്ലാം കൂടി എടുത്തു അടുപ്പിൽ വെക്കും പറഞ്ഞേക്കാം." അമ്മ ലൈറ്റ് ഓഫ് ചെയ്തു മുറിയിലേക്ക് പോയി. ഞാനും പതിയെ മയക്കത്തിലേക്ക് വീണു.

ഞാനും അമ്മയും മേരി മാതാ ഹോസ്പിറ്റലിൽ എത്തുമ്പോൾ സമയം ഉച്ചക്ക് 3 മണി. ആമിക്ക് പെട്ടെന്ന് ഒരു പനി. കാണിച്ചപ്പോൾ ഡോക്ടർ 2 ദിവസത്തേക്കു അഡ്മിറ്റ് ആക്കാൻ പറഞ്ഞു. ഞങ്ങൾ റൂമിൽ എത്തുമ്പോൾ വിനയേച്ചിം ചേട്ടനും ഉണ്ട്. ചേട്ടൻ ഓട്ടോ ഡ്രൈവർ ആണ്.

ആമി ഉറക്കത്തിൽ ആണ്. ഡ്രിപ് ഇട്ടിട്ടുണ്ട് അവളുടെ കുഞ്ഞികൈയിൽ. വിശേഷം ഒക്കെ തിരക്കി അവിടെ നിന്നപ്പോൾ അവൾ പതിയെ കണ്ണ് തുറന്നു. ഞങ്ങളെ കണ്ട് ഒന്ന് പുഞ്ചിരിച്ചു. ചിരിക്കൊന്നും ഒരു വോൾടേജ് ഇല്ല. ക്ഷീണം കാണും പാവം.

അമ്മ പോയി അവളുടെ കൂടെ ഇരുന്നു നെറുകയിൽ തലോടി. ഞാനും ചേട്ടനും അവിടെ മാറി നിന്ന് ഓരോന്ന് സംസാരിക്കാൻ തുടങ്ങി.

"ഏട്ടാ രാത്രിയിൽ കുടിക്കാനുള്ള കഞ്ഞി ഒക്കെ എടുക്കാൻ പോണം. ഞാൻ അത് പറയാൻ മറന്നു." വിനയേച്ചി ചേട്ടനോടായി പറഞ്ഞു.

"നിന്നെ ഞാൻ ഫോൺ ചെയ്തപ്പോ നിനക്ക് എന്നാൽ പറഞ്ഞൂടാരുന്നോ, ഞാൻ എടുത്തിട്ട് വരില്ലാരുന്നോ കഞ്ഞി ഒക്കെ." അമ്മയാണ് മറുപടി പറഞ്ഞത്.

"ഞാൻ അത് ഓർത്തില്ല ചേച്ചി, ചേച്ചി വിളിച്ചപ്പോൾ ഇവിടെ ഡോക്ടർ ഉണ്ടായിരുന്നു. അതാ ഞാൻ പെട്ടെന്ന് വെച്ചത്. പിന്നെ ഞാൻ അത് മറന്നും പോയി."

"എന്ന ഒരു കാര്യം ചെയ്യ് നിങ്ങൾ രണ്ടും കൂടി പോയി കഞ്ഞി ഒക്കെ എടുത്തു വാ അതുവരെ ഞാനും ഇവനും ഇവിടെ നിക്കാം." അമ്മ ചേച്ചിയോടും ചേട്ടനോടും കൂടി പറഞ്ഞു.

ആദ്യം ഒന്ന് എതിർത്തെങ്കിലും ചേട്ടൻ സമ്മതിച്ചു. അങ്ങനെ എന്നേം അമ്മയേം അവിടെ നിർത്തി അവർ വീട്ടിലേക്കു പോയി.

അമ്മ അവളുടെ അടുത്ത് തന്നെ ഇരുന്നു. എനിക്ക് അവിടെ ഇരുന്നിട്ട് ആകെ അസ്വസ്ഥത മിണ്ടാനും പറയാനും ഒന്നും ആരും ഇല്ല. ഇടയ്ക്കു ഒരു നേഴ്സ് വന്നു ഡ്രിപ് തീരുമ്പോൾ ഡ്യൂട്ടി റൂമിൽ വന്നു പറയണം എന്ന് പറഞ്ഞു പോയി. കുറച്ച് കഴിഞ്ഞ് ആമി കണ്ണ് തുറന്നു. അമ്മ അവളോട് വിശേഷങ്ങൾ ഒക്കെ തിരക്കി. ഇപ്പൊ ഞങ്ങൾ വന്നപ്പോ കണ്ടതിലും ഉഷാർ ആയിട്ടുണ്ട് ആൾ. അവൾ എഴുന്നേറ്റപ്പോ ഞാനും അടുത്ത് പോയിരുന്ന് ഓരോന്ന് പറഞ്ഞ് അവളെ ശുണ്ഠി കയറ്റാൻ നോക്കി. കൂടെ അവിടെ ഇരുന്ന ഒരു ഓറഞ്ച് എടുത്ത് പൊളിച്ച് അവളും ഞാനും കൂടി തിന്നാൻ തുടങ്ങി.

"ഡ്രിപ് തീരാറായല്ലോ.. ഡാ ഞാൻ ആ നഴ്സിനോട് പറഞ്ഞിട്ട് വരാം നീ ഇവിടെ ഇരിക്ക്." ഞാൻ പോകാം എന്ന് പറഞ്ഞിട്ട് അമ്മ കേട്ടില്ല, അമ്മ തന്നെ പോയി.

ഞങ്ങൾ വീണ്ടും അവിടെ ഇരുന്നു ഓരോന്ന് പറഞ്ഞോണ്ട് ഇരുന്നു. ഒരു രണ്ടു മിനിറ്റ് കഴിഞ്ഞപ്പോൾ ഒരു നേഴ്സ് വന്നു പുതിയ ബോട്ടിൽ തൂക്കിട്ട് എന്നെ ഒന്ന് നോക്കിട്ടു പോയി.

"ഓ രോഗിടെ ഓറഞ്ച് എടുത്ത് തിന്നുന്ന കണ്ട് നോക്കിയതാവും." ഞാൻ അതൊന്നും മൈൻഡ് ചെയ്യാൻ പോയില്ല.

"അല്ല ഈ നഴ്സിനെ വിളിക്കാൻ പോയ അമ്മ എവിടെ പോയി. ഇനി ചായ വല്ലതും വാങ്ങാൻ പോയോ." ഞാൻ അത് ആമിയോട് പറഞ്ഞതും പുറത്ത് അമ്മ വേറെ ആരോടോ സംസാരിച്ചോണ്ട് വരുന്നത് കേട്ടു. ആമിയുടെ ഏതെങ്കിലും ബന്ധുക്കൾ ആവും, ഇവളെ കാണാൻ വരുന്നതാവും.

എന്നാൽ വന്ന ബന്ധുവിനെ കണ്ട് ഞാൻ വായിൽ വെച്ച ഓറഞ്ച് വിഴുങ്ങാൻ വരെ മറന്നുപോയി.

അതാ വീണ്ടും അവൾ - നയന.

"ഓ ആ കൊച്ചിന് വാങ്ങി വെച്ച ഓറഞ്ച് മുഴുവൻ തിന്നു തീർക്കും, നിന്നെ കൊണ്ട് തോറ്റല്ലോ." അമ്മയുടെ ഈ ഡയലോഗ് ആണ് എന്നെ ഉണർത്തിയത്. ഞാൻ വേഗം അത് വിഴുങ്ങിയിട്ട് എഴുന്നേറ്റു ഒരു സൈഡിലോട്ട് മാറി നിന്നു.

"വാ മോളെ.." അമ്മ നയനയെ അകത്തേക്ക് ക്ഷണിച്ചു. അവൾ നടന്ന് ആമിയുടെ അടുത്ത് വന്നിരുന്നു. ഇടയ്ക്ക് എന്നെ ഒന്ന് നോക്കിയോ എന്നൊരു സംശയം. എന്റെ ഓറഞ്ച് തീറ്റ കണ്ട് നോക്കിയതാവും. എന്നാലും അമ്മയുടെ ചില സമയത്തെ ഡയലോഗ് മനുഷ്യന്റെ ഉള്ള വില കളയും.

"ചേച്ചി എന്താ ഇവിടെ? എന്നെ കാണാൻ വന്നതാ?"

"അതേല്ലോ... ആമി മോൾക്ക് പനി പിടിച്ചു കിടപ്പാണെന്ന് ഞാൻ ഒരു സ്വപ്നം കണ്ടു, ഞാൻ അപ്പൊ തന്നെ ഇങ്ങു പോന്നു." ആമിയുടെ കവിളിൽ നുള്ളികൊണ്ട് അവൾ പറഞ്ഞു.

"വെറുതെ... നൊണ പറയുവാ, പറ ചേച്ചി എങ്ങനെ ഇവിടെ എത്തി."

"എന്റെ ഒരു ഫ്രണ്ടിന്റെ അച്ഛൻ ഇവിടെ അഡ്മിറ്റ് ആണ്, ഞാൻ ആ അച്ഛനെ കാണാൻ വന്നതാ. അപ്പോഴാണ് പുറത്തുവെച്ചു അമ്മയെ കണ്ടത്. അമ്മയാ പറഞ്ഞേ മോള് ഇവിടെ ഉണ്ടെന്നു, അങ്ങനെ വന്നതാ. ഇപ്പൊ മനസ്സിലായോ." അവൾ പറഞ്ഞത് കേട്ട് ആമിയും അമ്മയും പുഞ്ചിരിച്ചു ഞാൻ മാത്രം ഒന്നും മിണ്ടാതെ അവിടെ തന്നെ നിന്നു.

എനിക്കെന്തോ അവളെ ഫേസ് ചെയ്യാൻ ഒരു മടി പോലെ. അവൾക്കും അത് ഉണ്ടെന്നു തോന്നുന്നു കാരണം അവൾ ഞാൻ നിക്കുന്ന ഭാഗത്തേക്കെ നോക്കുന്നില്ല എന്നാൽ ബാക്കി രണ്ടു പേരോടും ഓരോന്ന് പറഞ്ഞു ചിരിക്കുന്നുണ്ട്.

അവളുടെ ചില തമാശകൾ കേട്ട് എനിക്ക് തന്നെ ചിരി വന്നു. പക്ഷെ ഞാൻ ആരാ മോൻ ഞാൻ ചിരിക്കുവോ... ഞാൻ ചിരിച്ചാൽ തീർന്നില്ലേ... ഇട്ട വെയിറ്റ് ഒക്കെ വെറുതെ ആവും. അതോണ്ട് ഞാൻ അതൊന്നും മൈൻഡ് ചെയ്യാത്ത പോലെ അവിടെ മാറി ഇരുന്നു.

ഞാൻ അവിടെ ഉണ്ടെന്ന കാര്യം ഇവരൊക്കെ മറന്നെന്നു തോന്നുന്നു. ദൈവമേ ഒരു ഫോൺ കാൾ എങ്കിലും വന്നിരുന്നേൽ അതും ചെവിയിൽ വെച്ച് പുറത്തേക്കു പോകാമായിരുന്നു. അല്ലാത്ത സമയത്ത് ഒക്കെ ഓഫീസിൽ നിന്ന് വിളിയോട് വിളി ആണ്.

എന്നാൽ ഞാൻ ഒരു കാര്യം ശ്രദ്ധിച്ചു, ഇവൾ വന്നു കഴിഞ്ഞ് റൂമിലെ അന്തരീക്ഷം ആകെ മാറി. നേരത്തെ ആമിയുടെ ചിരിക്ക് ഒരു ജീവൻ ഇല്ലായിരുന്നു എന്നാലിപ്പോ അവൾ നല്ലോണം ചിരിക്കുന്നുണ്ട് അത്പോലെ തന്നെ അമ്മയും ഒന്ന് എനെർജിറ്റിക് ആയി.

ഒരു ഇടിവെട്ടിയ ശബ്ദം കേട്ടാണ് എല്ലാവർക്കും പരിസരബോധം വന്നത്.

"അയ്യോ സമയം 5.30 ആയോ, അമ്മേ ഞാൻ എന്നാൽ ഇറങ്ങട്ടെ ഇനി ബസ് കിട്ടി വീട്ടിൽ എത്തുമ്പോൾ 7 മണി കഴിയും." നയന വാച്ചിൽ നോക്കികൊണ്ട് വെപ്രാളത്തോടെ പറഞ്ഞു.

"ആഹ് സംസാരിച്ചു സമയം പോയത് അറിഞ്ഞില്ല എന്നാൽ മോള് ഇറങ്ങാൻ നോക്ക്. ഇനിയിപ്പോ ബസ് കിട്ടാൻ ടൗണിൽ പോകണ്ടേ?"

"വേണം അതാ പ്രശ്നം. ലേറ്റ് ആയി."

"എന്നാൽ ഒരു കാര്യം ചെയ്യാം, മോളെ ഇവൻ കൊണ്ടുചെന്ന് ആക്കും. ഡാ മോളെ കൊണ്ടുപോയി വീട്ടിൽ ആക്കി വാ നീ." അമ്മ എന്നെ നോക്കി പറഞ്ഞു.

"ങേ... ഞാ.. ഞാനോ.."

"ആ ഞാൻ തന്നെ.. എന്താ.."

"അത് വേണ്ടമ്മേ ഞാൻ പൊയ്ക്കോളാം അതൊക്കെ ബുദ്ധിമുട്ട് അല്ലേ." എന്റെ നിൽപ്പ് കണ്ടാവും അമ്മയോട് അവൾ അങ്ങനെ പറഞ്ഞത്.

"എന്ത് ബുദ്ധിമുട്ട്, മോള് അമ്മ പറയണത് കേൾക്ക്. ഇനിയിപ്പോ ബസ് കിട്ടി മോളെപ്പോ വീട്ടിൽ എത്താനാണ്. പോരാത്തേന് നല്ല മഴക്കാറും. താമസിച്ചാൽ അച്ഛനും ടെൻഷൻ ആവില്ലേ." അമ്മ അത് പറഞ്ഞതും അവൾ ഒന്ന് ആലോചിച്ചു.

"ഡാ ചെല്ല്, ഇനിം നിന്ന് താമസിക്കണ്ട."

അതൊരു ഓർഡർ ആയിരുന്നു. ചില കാര്യങ്ങൾ അങ്ങനെ ആണ്, നമുക്ക് അനുസരിച്ചേ പറ്റു അതിപ്പോ നമുക്ക് ഇഷ്ടം ആണേലും അല്ലേലും.

ഞാനും അവളും തമ്മിൽ ഒന്ന് നോക്കി. ഇവിടെ വന്നിട്ട് ആദ്യായിട്ടാണ് ഞങ്ങൾ തമ്മിൽ ഒന്ന് നേരെ നോക്കിയത് തന്നെ. ഞാൻ ബൈക്കിന്റെ കീ എടുത്തു പുറത്തേക്കു നടന്നു. അവളും ആമിയോടും അമ്മയോടും യാത്ര പറഞ്ഞിട്ട് എന്റെ പിന്നാലെ ഇറങ്ങി നടന്നു.

"ദൈവമേ എന്താ ഇപ്പൊ സംസാരിക്കണ്ടേ ഇവളോട്. ഒന്നും മിണ്ടാതിരുന്നാൽ മോശം അല്ലേ. ഈ ഒരു ട്വിസ്റ്റ് ഞാൻ തീരെ പ്രതീക്ഷിച്ചില്ല." ഞാൻ മനസ്സിൽ വിചാരിച്ചു പാർക്കിംഗ് ഏരിയയിലേക്ക് നടന്നു.

"ഇയാളെന്താ ഇത്ര മസിൽ പിടിക്കണേ. ഒന്ന് ചിരിച്ചൂടെ. ആ അമ്മ എത്ര സന്തോഷത്തോടെ ആണ് എന്നോട് സംസാരിച്ചത്. പിന്നെ അന്ന് എനിക്ക് ഒരു അബദ്ധം പറ്റി, പിള്ളേരെല്ലാം കൂടി കളിക്കണത് കണ്ടപ്പോ ഒരു പൂതി തോന്നി ഞാനും കളിക്കാൻ കൂടിയതാ. അടിച്ചത് ഗോൾ പോസ്റ്റിലേക്ക് ആണെങ്കിലും കൊണ്ടത് ഈ മരങ്ങോടന്റെ വണ്ടിയിൽ ആയിപോയി. ഇയാൾ മാത്രം ആയിരുന്നു വണ്ടിയിൽ എങ്കിൽ ഞാൻ ഓടി തള്ളിയേനെ, പക്ഷെ അമ്മയേം ആമിയേം കണ്ടാണ് ഞാൻ ഓടി ചെന്നത്. ഒന്നും പറ്റാഞ്ഞത് ഭാഗ്യം. തെറ്റ് എന്റെ ഭാഗത്ത് ആണ് എന്നാലും ഒന്നും പറ്റില്ലല്ലോ ഇനിയും അതൊക്കെ മനസ്സിൽ ഇട്ട് ഇരിക്കണോ?" നയന ഓരോന്ന്  മനസ്സിൽ ആലോചിച്ചു അരവിന്ദിനെ അനുഗമിച്ചു.

അരവിന്ദ് വണ്ടി സ്റ്റാർട്ട് ആകുമ്പോഴേക്കും നല്ല മഴക്കാർ ഇരുണ്ടുകൂടിയിരുന്നു.

"കേറിക്കോ..." അരവിന്ദ് പതിയെ അവളോടായി പറഞ്ഞു.

"ഊഫ്... അവസാനം ഇയാൾ വാ തുറന്നു. ഇത്ര പതിയെ പറയുന്നത് എന്തിനാ സംസാരിച്ചാൽ മുത്ത് പൊഴിയുവോ." മനസ്സിൽ ഓരോന്ന് ആലോചിച്ചു നയന ബൈക്കിൽ കയറി.

വണ്ടി മുന്നോട്ടു കുതിച്ചോണ്ടേ ഇരുന്നു. ഇടയ്ക്ക് ഞാൻ കണ്ണാടിയിൽ കണ്ടു ദൂരേക്ക് നോക്കി ഇരിക്കുന്ന നയനയുടെ മുഖം.

അവളുടെ ജിമിക്കി കാറ്റിൽ ഇളകി ആടുന്നത് കാണാൻ ഒരു പ്രത്യേക ചേലായിരുന്നു. ഞാൻ അറിയാതെ തന്നെ അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു. പെട്ടെന്ന് നയനയും കണ്ണാടിയിലേക്ക് നോക്കി. അത് കണ്ട് അവൻ ഒന്ന് ഞെട്ടി, വീണ്ടും വണ്ടി ഓടിക്കുന്നതിൽ ശ്രദ്ധിച്ചു.

"അയ്യേ... നാണക്കേട് ആയല്ലോ. ഞാൻ ഒരു വായിനോക്കി ആണെന്ന് വിചാരിച്ചു കാണുമോ ഇനി. ശ്ശ്യോ.."

"ഈ മരങ്ങോടനെ കാണാൻ ഒക്കെ ഒരു ചന്തം ഉണ്ട്, കയ്യിലിരിപ്പ് അത്ര വെടിപ്പല്ല എന്ന് തോന്നുന്നു. വെറുതെ ചാടി കേറി സംസാരിച്ചു വില കളയണ്ട. കൊറച്ചു വെയിറ്റ് ഇട്ട് നിക്കാം. ഇറങ്ങുമ്പോൾ ഒരു താങ്ക്സ് പറഞ്ഞിട്ട് പോകാം അത്ര തന്നെ."

മഴയ്ക്ക് മുന്നോടിയായിട്ടുള്ള തണുത്ത കാറ്റ് വീശി അടിച്ചു. ആ കാറ്റിനു ഒരു പ്രത്യേക സുഖമാണ്, ഒരു പ്രത്യേക മണമാണ്. മഴയുടെ ആദ്യ തുള്ളി നയനയുടെ കവിളിൽ തട്ടി ചിതറി.

"അയ്യോ മഴ..." അവൾ അറിയാതെ തന്നെ പറഞ്ഞു പോയി.

അപ്പോഴേക്കും മഴയുടെ ശക്തി കൂടി കൂടി വന്നു. അരവിന്ദ് വണ്ടി ഒരു പൂട്ടിയിട്ട പെട്ടിക്കടയുടെ മുന്നിലേക്ക് നിർത്തിയതും നയന ഇറങ്ങി ഓടി മഴ കൊള്ളാതെ ഒരിടത്തു കേറി നിന്നു. വണ്ടിയിൽ നിന്ന് ചാവി ഊരി അരവിന്ദ് എത്തുമ്പോഴേക്കും അവൻ നല്ലോണം നനഞ്ഞിരുന്നു. അവൻ നോക്കുമ്പോ നയനയുടെ അടുത്ത് കഷ്ടിച്ചു കുറച്ചു സ്ഥലം ഉണ്ട് നനയാതെ നിൽക്കാൻ. എന്ത് ചെയ്യും എന്നറിയാതെ പകച്ചു നിന്ന അവന്റെ അങ്കലാപ്പ് കണ്ട് നയന മനസ്സിൽ ചിരിച്ചുപോയി. അവൾ കുറച്ചു അഡ്ജസ്റ്റ് ചെയ്ത് നിന്നിട്ട് അവനെ നോക്കി. അവൻ പിന്നൊന്നും ആലോചിക്കാതെ അവളുടെ കൂടെ കേറി നിന്നു.

രണ്ടുപേരും എന്ത് പറയും എങ്ങനെ സംസാരിച്ചു തുടങ്ങും എന്ന ചിന്തയിൽ ആയിരുന്നു. മഴ ഉടനെ എങ്ങും കുറയുന്ന ലക്ഷണം ഇല്ല.

മഴ കുറയുന്നതും കാത്ത് മേലോട്ട് നോക്കി നിൽപ്പാണ് നയന.

"മഴ ഇഷ്ടല്ലേ?" ആഹാ നല്ല ബെസ്റ്റ് ചോദ്യം. ലോകത്ത് വേറെ എന്തൊക്ക ചോദിക്കാൻ ഉണ്ട് എന്നിട്ട് ചോദിച്ച കാര്യം ഓർത്തു അവനു തന്നെ ഒരു ചളിപ്പ് തോന്നി.

"എന്താ ചോദിച്ചേ, കേട്ടില്ല." നയന അവന്റെ മുഖത്തേക്ക് നോക്കി ചോദിച്ചു.

"അല്ല മഴ ഇഷ്ടമല്ലേ എന്ന്?" അവൻ വീണ്ടും മടിച്ചു മടിച്ചു ചോദിച്ചു.

"അതെന്താ അങ്ങനെ ചോദിച്ചേ?"

"ഒന്നുല്ല മുഖം കണ്ടപ്പോ ഇഷ്ടമല്ല എന്ന് തോന്നി അതോണ്ട് ചോയ്ച്ചതാ."

"മഴ കാണാൻ ഒക്കെ ഇഷ്ടാണ്, പക്ഷെ ഇങ്ങനെ അസമയത്തു പെയ്തത് ആകെ ബുദ്ധിമുട്ട് ആയി. മഴ പെയ്തില്ലായിരുന്നേൽ നമ്മൾ ഇപ്പൊ വീട്ടിൽ എത്തിട്ടുണ്ടാവും."

"അല്ല വേറൊന്നും അല്ല, ഞാൻ വായിച്ച കഥകളിൽ ഒക്കെ നായികയ്ക്ക് മഴ ഭയങ്കര ഇഷ്ടം ആണ്, മഴ നനയാനും."

"അരവിന്ദേട്ടൻ വായിക്കാത്ത കഥയിലെ നായികയാണ് ഞാൻ. അങ്ങനെ കൂട്ടിക്കോളൂ." നയന ചിരിച്ചുകൊണ്ട് പറഞ്ഞു.

"ശ്ശെ ചോദിക്കണ്ടായിരുന്നു...ഞാൻ വെറും പൈങ്കിളി ആണെന്ന് കരുതി കാണും. വെറുതെ ഇവളുടെ വായിൽ ഇരിക്കുന്നത് കേട്ടു." അവൻ മനസ്സിൽ ഓർത്തു.

"ഏട്ടൻ എന്താ ചെയ്യുന്നേ?"

"ഞാനോ.. ഞാൻ സെയിൽസ് ഓഫീസർ ആണ്. ഇയാളോ?"

"ഞാൻ ഡിഗ്രി കഴിഞ്ഞു ജോലി നോക്കികൊണ്ട് ഇരിക്കുന്നു. ഇപ്പോ തത്കാലം ഒരു കാൾ സെന്ററിൽ ജോലിക്ക് പോകുന്നുണ്ട്. കൂടെ തന്നെ ഇന്റർവ്യൂ ഒക്കെ അറ്റൻഡ് ചെയ്യുന്നുണ്ട്. ഒന്നും ആയില്ല."

"ഓ.. പിന്നെ ഞാൻ ഇയാളെ ഒന്ന് കാണണം എന്നുവെച്ചിരിക്കുവാരുന്നു ഒരു സോറി പറയാൻ, അന്ന് ഞാൻ കുറച്ച് മോശമായിട്ടാ പെരുമാറിയത് തന്നോട്. സോറി..." അവൻ മടിച്ചു മടിച്ചു പറഞ്ഞു.

"എയ് അത് സാരമില്ല, അതിപ്പോ ആരാണേലും അങ്ങനെ അല്ലേ ചെയ്യൂ. അല്ലെങ്കിലും എനിക്ക് ഒരു അടിയുടെ കുറവുണ്ടായിരുന്നു. അമ്മ ഇല്ലാതെ വളർന്ന കൊണ്ട് അച്ഛൻ എന്നെ ഒന്ന് വഴക്ക് പറയാറുകൂടി ഇല്ല അതാ..."

"ഓ..സോറി..ഞാൻ അങ്ങനെ ഒന്നും ഉദ്ദേശിച്ചു പറഞ്ഞതല്ല, എനിക്ക് അമ്മ മാത്രേ ഉള്ളു, അപ്പൊ അന്ന് അമ്മ വീണപ്പോ പെട്ടന്ന് ഉള്ള ദേഷ്യത്തിന് പറഞ്ഞുപോയതാ."

"മ്മ് എനിക്ക് അത് മനസിലാവും. അല്ലെങ്കിലും അമ്മ വളർത്തിയ മക്കൾക്ക് മറ്റു പെൺകുട്ടികളോട് എങ്ങനെ പെരുമാറണം എന്നൊക്കെ അറിയാൻ പറ്റും." നയന അവനെ സമാധാനിപ്പിക്കാൻ എന്നോണം പറഞ്ഞു.

"എയ് എനിക്ക് അങ്ങനെ അധികം കമ്പനി ഇല്ല പെണ്ണുങ്ങളുമായി. ആകെ ഉള്ള കമ്പനി ആമിയാണ്."

മഴ അപ്പോഴേക്കും പെയ്ത് ഒഴിയാറായിരുന്നു. അല്പനേരം രണ്ടുപേർക്കിടയിലും മൗനം തളം കെട്ടി നിന്നു. അവർക്കിടയിൽ ഇപ്പോൾ ആകെ ഉള്ള ശബ്ദം മഴത്തുള്ളികൾ വീണു ചിതറുന്നതാണ്.

"അല്ല..ഇയാൾ അച്ഛനെ വിളിച്ച് പറഞ്ഞിരുന്നോ ലേറ്റ് ആവും എന്ന്?" മൗനം ഭേദിച്ചു വീണ്ടും അവൻ സംസാരിച്ചു തുടങ്ങി.

"അയ്യോ.. അത് ഞാൻ മറന്നു. വിളിക്കണം എന്നു വിചാരിച്ചതാ അപ്പോഴാ മഴ പെയ്തത്." അവൾ അത് പറഞ്ഞുകൊണ്ട് ബാഗിൽ നിന്നും ഫോൺ എടുത്തു.

"ശ്ശോ ഇത് ഓഫ് ആയി...അച്ഛൻ ഇപ്പൊ എന്നെ കാണാണ്ട് ഗേറ്റിന്റെ വെളിയിൽ വന്നു നിൽക്കുന്നുണ്ടാവും." നയന തെല്ലൊരു പരിഭ്രമത്തോടെ പറഞ്ഞു.

"ദാ ഇതിൽ നിന്നു വിളിച്ചോ, വെറുതെ അച്ഛനെ ടെൻഷൻ അടിപ്പിക്കണ്ട." അരവിന്ദ് അവന്റെ ഫോൺ അവൾക് നേരെ നീട്ടികൊണ്ട് പറഞ്ഞു.

അവൾ ഫോൺ വാങ്ങി വേഗം അച്ഛനെ വിളിച്ചു കാര്യം പറഞ്ഞു. അവൻ അവൾ സംസാരിക്കുന്നതും നോക്കി അങ്ങനെ നിന്നു.

അന്ന് കണ്ടപ്പോ ഇവൾക്ക് ഇത്രേം സൗന്ദര്യം തോന്നിയില്ല എന്നാൽ ഇന്ന്...എന്തോ നോക്കി നിൽക്കാൻ തോന്നുന്നു.

ഫോണിൽ സംസാരിച്ചുകൊണ്ട് നയന അവനെ നോക്കിയപ്പോൾ കണ്ടത് അവളെ തന്നെ നോക്കി നിൽക്കുന്ന അരവിന്ദിനെ ആണ്. അവൾ കണ്ണുകൊണ്ടു എന്താ എന്നു ആംഗ്യം കാണിച്ചു... അപ്പോഴാണ് അവനും പരിസര ബോധം വന്നത്. അവൻ ഉടൻ തന്നെ തോൾ രണ്ടും പൊക്കി ഒന്നുല്ല എന്നു പറഞ്ഞു.

"ശ്ശെ മോശായിപ്പോയി... അവൾ എന്ത് വിചാരിച്ചു കാണും." അവൻ മനസ്സിൽ ഓർത്തു.

അൽപനേരം സംസാരിച്ചു കഴിഞ്ഞ് അവൾ ഫോൺ വെച്ചു.

"താങ്ക്സ്..." അവൾ ചിരിച്ചോണ്ട് ഫോൺ അവന് തിരികെ നൽകി.

"എന്ത് പറഞ്ഞു അച്ഛൻ?"

"അച്ഛൻ ടെൻഷൻ അടിച്ചു ഇരിക്കുവാരുന്നു, വിളിച്ചത് നന്നായി. നമുക്ക് എന്നാ പോയാലോ.. മഴ കുറഞ്ഞില്ലേ.?"

"എന്നാ വാ പോയേക്കാം."

അവർ അവിടെ നിന്നിറങ്ങി.

മഴ പെയ്ത കൊണ്ട് നല്ല തണുപ്പ് ഉണ്ടായിരുന്നു. അത്കൊണ്ട് പതുക്കെ ആണ് അവൻ വണ്ടി ഓടിച്ചത്. കാറ്റടിക്കാതെ ഇരിക്കാൻ അവൾ അവന്റെ പുറകിൽ മറഞ്ഞിരുന്നു.

"നല്ല തണുപ്പുണ്ടല്ലേ.." അവളുടെ ഇരിപ്പ് കണ്ട് അവൻ ചോദിച്ചു.

"എയ് ചെറുതായിട്ട്.."

അത് കേട്ടതും അവൻ വണ്ടിയുടെ സ്പീഡ് ഒന്നുകൂടി കുറച്ചു.

വീണ്ടും അവർ ഓരോന്ന് സംസാരിച്ചു കൊണ്ടിരുന്നു. സംസാരിച്ചു വീട് എത്തിയത് അറിഞ്ഞില്ല, ദൂരം തീരെ കുറഞ്ഞു പോയ പോലെ അവൾക്ക് തോന്നി. നയന ബൈക്കിൽ നിന്നും ഇറങ്ങി. എന്ത് പറയണം എന്നറിയാതെ രണ്ടുപേരും ഒരു നിമിഷം തമ്മിൽ നോക്കി നിന്നു.

"താങ്ക്സ്..." അവൾ തന്നെ തുടക്കമിട്ടു.

"നന്ദി മാത്രേ ഉള്ളോ വീട്ടിലേക്ക് ക്ഷണിക്കുന്നില്ലേ?"

"അയ്യോ സോറി, വാ ഒരു കാപ്പി ഒക്കെ കുടിച്ചിട്ട് പോവാം."

"വേണ്ട വേണ്ട ഞാൻ വെറുതെ ചോദിച്ചതാ. ഞാൻ ഇറങ്ങുവാ." അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"സത്യായിട്ടും ഞാൻ ഓർത്തില്ല അതാ, ഇനി കേറീട്ടു പോയ മതി അല്ലേ എനിക്ക് ഒരു കുറ്റബോധം തോന്നും." അവൾ വീണ്ടും നിർബന്ധിച്ചു. എന്നാൽ അരവിന്ദ് ബൈക്കിൽ തന്നെ ഇരുന്നതേ ഉള്ളു.

"ആഹ് മോളെത്തിയോ.. നല്ല മഴ ആയിരുന്നല്ലേ." അച്ഛന്റെ ശബ്ദം കേട്ട് അവർ രണ്ടു പേരും തിരിഞ്ഞു നോക്കി. ആ മുഖത്ത് ആശ്വാസത്തിന്റെ ഒരു ഭാവം അവൻ കണ്ടു. മക്കൾ ഒന്ന് വരാൻ താമസിച്ചാൽ മാതാപിതാക്കൾക്ക് അവർ വരുന്നത് വരെ ടെൻഷൻ ആയിരിക്കും. ഈ ഒരു കാര്യത്തിനാണ് അമ്മയുമായി സ്ഥിരം ഞാൻ വഴക്ക് പിടിക്കാറുള്ളത് എന്നവൻ ഓർത്തു. ഞാൻ പോയി മടങ്ങി വരുന്നത് വരെ അമ്മ ഉറങ്ങാണ്ടിരിക്കും എത്ര പറഞ്ഞാലും കേൾക്കില്ല. എന്തിനാ ഇങ്ങനെ നോക്കി ഇരിക്കുന്നത്? കിടന്നുറങ്ങിക്കൂടെ എന്ന് ഞാൻ പലവട്ടം ചോദിച്ചിട്ടുണ്ട്. അപ്പോഴെല്ലാം അമ്മ എന്നോട് ഒരു ഡയലോഗ് മാത്രേ പറഞ്ഞിട്ടുള്ളു.

"നിനക്ക് ഞാൻ ഇത് എത്ര പറഞ്ഞാലും മനസിലാവില്ല, നീ ഒരു അച്ഛൻ ആവുമ്പോൾ മാത്രേ അതൊക്കെ മനസ്സിലാവു. ചില കാര്യങ്ങൾ അങ്ങനാണ് നമ്മൾക്ക് എത്ര പറഞ്ഞുതന്നാലും മനസ്സിലാവില്ല. അനുഭവിച്ചാൽ മാത്രേ മനസ്സിലാകു."

ഞാൻ അത് എന്നത്തേയും പോലെ പുച്ഛിച്ചു തള്ളും. എന്നാൽ അമ്മ പറയുന്ന ആ ഡയലോഗിന്റെ അർത്ഥം അതെ ഗൗരവത്തോടെ മനസിലായില്ല എങ്കിലും ഇപ്പൊ നയനയുടെ അച്ഛന്റെ മുഖഭാവം കാണുമ്പോൾ ഒരു കാര്യം മനസിലായി, ഇത് എല്ലാ വീട്ടിലും നടക്കുന്ന ഒരു കാര്യം ആണ്.

അച്ഛന്റെ കൈ തോളത്തു തൊട്ടപ്പോൾ ആണ് ഞാൻ എന്റെ ചിന്തകളിൽ നിന്നും ഉണർന്നത്.

"താൻ ഇത് എന്ത് ആലോചിച്ചു നിക്കുവാ? വാ ഇറങ്ങു ഇവിടെ വരെ വന്നിട്ട് വീട്ടിൽ കേറാതെ പോകുന്നത് മോശമല്ലേ? മോളെ പോയൊരു ചായ ഇട്ടോണ്ട് വാ." അദ്ദേഹത്തിന്റെ സ്നേഹപൂർവമുള്ള നിർബന്ധം എനിക്ക് നിരസിക്കാൻ തോന്നിയില്ല. ഞാൻ നയനയെ ഒന്ന് നോക്കി, ഇങ്ങനെ വേണം ഒരാളെ ക്ഷണിക്കാൻ എന്ന അർത്ഥത്തിൽ. വീണ്ടും അവൾ അച്ഛൻ കാണാതെ സോറി എന്ന് ചുണ്ടനക്കി. അത് കണ്ടതും ഞാൻ ഒന്നു ചിരിച്ചിട്ട് വണ്ടിയിൽ നിന്നും ഇറങ്ങി.

നയന അപ്പോഴേക്കും അടുക്കളയിലേക്ക് നടക്കാൻ തുടങ്ങി. ഞാനും അച്ഛനും ഓരോന്ന് പറഞ്ഞു അവളുടെ പിന്നാലെ വീട്ടിലേക്ക് നടന്നു. "അല്ല മോന്റെ പേരെന്തായിരുന്നു? ഞാൻ അത് മറന്നു." "അരവിന്ദ്.." അദ്ദേഹം എന്റെ ഓരോ വിശേഷങ്ങൾ ചോദിക്കാൻ തുടങ്ങി. ഞാൻ നല്ലൊരു ശ്രോതാവായി ഇരുന്നു. സാദാരണ ഒരാളെ കത്തിവെച്ചു കൊല്ലുന്ന പോലത്തെ സംസാരം ആയിരുന്നില്ല അദ്ദേഹത്തിന്റെ, എനിക്ക് ബോർ അടിക്കുന്നു എന്ന് തോന്നിയാൽ അപ്പൊ തന്നെ വിഷയം മാറ്റും. അദ്ദേഹം ഒരു റിട്ടയേർഡ് സ്കൂൾ മാഷാണ്, ഇപ്പൊ ടൗണിൽ ഒരു ചെറിയ ബിസിനസ് നടത്തുന്നു. എല്ലാ കാര്യത്തിലും നയനയുടെ അച്ഛനുള്ള കാഴ്ചപ്പാട് എന്നെ അത്ഭുതപ്പെടുത്തി. ഞങ്ങൾ സംസാരിക്കുന്നതിന് ഇടയിൽ നയന 3 കപ്പിൽ ചായയുമായി എത്തി. എല്ലാരും ചായ എടുത്തു. സത്യത്തിൽ ആ ചൂട് ചായ കയ്യിൽ പിടിച്ചപ്പോ തന്നെ തണുപ്പിന് ഒരു ആശ്വാസം വന്ന പോലെ തോന്നി. വളരെ ചുരുങ്ങിയ സമയം കൊണ്ട് തന്നെ ഞാനും അവരോടു വല്ലാതെ അടുത്ത പോലെ തോന്നി. എനിക്ക് എല്ലാം ഒരു പുതുമയുള്ള അനുഭവം ആയിരുന്നു. കാരണം അച്ഛന്റെ തണൽ ഞാൻ അധികം അനുഭവിച്ചിട്ടില്ല എന്നത് തന്നെ, പിന്നെ എനിക്ക് പെൺസുഹൃത്തുക്കൾ വളരെ കുറവായിരുന്നു. തികച്ചും അപ്രതീക്ഷിതമായി ആണ് നയനയെ ഇപ്പൊൾ ഞാൻ കണ്ടുമുട്ടിയത്. സംസാരിച്ചിരുന്നു സമയം പോയത് അറിഞ്ഞില്ല.

"ഞാൻ എന്ന ഇറങ്ങട്ടെ, ഞാൻ ചെന്നിട്ടു വേണം അമ്മയെ വീട്ടിലോട്ട് കൊണ്ടുപോകാൻ."

"ആഹ് എന്ന പിന്നെ അങ്ങനെയാവട്ടെ, മോന് ബുദ്ധിമുട്ടായല്ലേ ഈ മഴയത്ത് ഇവളെ ഇവിടം വരെ കൊണ്ടുവന്നത്." അദ്ദേഹം നയനയെ ചേർത്ത് പിടിച്ചുകൊണ്ട് എന്നോട് ചോദിച്ചു.

"ഹേയ് അങ്ങനൊന്നും വിചാരിക്കണ്ട ഇതിലിപ്പോ എന്ത് ബുദ്ധിമുട്ട് ആണ്."

"ഇനി ഇതിലെ വരുമ്പോൾ ഇങ്ങു വരണം കേട്ടോ, വിളിക്കാൻ ഒന്നും നിക്കണ്ട."

"ഓ അതിനെന്താ, ഇനിയൊരിക്കൽ ആവട്ടെ." അച്ഛനൊരു ഷേക്ക് ഹാൻഡ് കൊടുത്ത് ഞാൻ നയനയെ നോക്കി കണ്ണ് കൊണ്ട് വിട പറഞ്ഞു അവിടെ നിന്ന് ഇറങ്ങി. ബൈക്ക് സ്റ്റാർട്ട് ആക്കാൻ നേരം നയന അടുത്തേക്ക് വന്നു, അച്ഛൻ സിറ്റ് ഔട്ടിൽ തന്നെ നിന്നതേ ഉള്ളു. ഞാൻ അവളുടെ മുഖത്തേക്ക് നോക്കി കൊണ്ട് തന്നെ കിക്കർ അടിച്ചു. തണുപ്പ് അടിച്ചിട്ടാവണം അവന് സ്റ്റാർട്ട് ആവാൻ ഒരു മടി പോലെ.

മൂന്നാമത്തെ അടിയിൽ സ്റ്റാർട്ട് ആയി. ഞാൻ ഒരിക്കൽ കൂടി അവളോട് വിട പറഞ്ഞു. അവൾ മൗനമായി നിന്നതേ ഉള്ളു. വണ്ടി മുന്നോട്ട് എടുത്തു. ഇടറോഡിൽ നിന്ന് മെയിൻ റോഡിലേക്ക് കേറുന്നതിനു തൊട്ടു മുൻപ് ഒന്ന് തിരിഞ്ഞു നോക്കി. അവൾ ഗേറ്റിന് അടുത്ത് തന്നെ ഉണ്ട്. അത് കണ്ടതും ഉള്ളിൽ എന്തോ സന്തോഷം തോന്നി.

ചെറിയ ഇരുട്ട് വീണ് തുടങ്ങി, തണുത്ത കാറ്റ് മുഖത്ത് അടിച്ചുകൊണ്ടേ ഇരുന്നു, മഴ പെയ്ത് കഴിഞ്ഞ് മണ്ണിൽ നിന്ന് വരുന്ന ആ മണവും ഒക്കെക്കൂടി പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു അനുഭൂതി. തണുത്തു വിറച്ചാണ് ഞാൻ മുറിയിലേക്കു കയറിയത്. അമ്മ എന്നെ കാണാഞ്ഞത് കൊണ്ട് പുറത്തേക്കു ഇറങ്ങാൻ തുടങ്ങുവാരുന്നു. ആമി കട്ടിലിന്റെ കാലിൽ ചാരി ഇരുന്നു കഞ്ഞി കുടിക്കുന്നുണ്ട്. വിനയേച്ചി അവളുടെ കൂടെ തന്നെ കട്ടിലിൽ ഇരിക്കുന്നു. ചേട്ടൻ ആരെയോ ഫോൺ ചെയ്ത് സംസാരിക്കുന്നുണ്ട്.

"ഇതെന്താടാ ഇത്ര വൈകിയേ, വണ്ടി ഓടിക്കുവാരിക്കും എന്നു കരുതിയാ ഞാൻ പിന്നെ ഫോൺ വിളിക്കാഞ്ഞേ. ആ കൊച്ചിനെ കൊണ്ടുചെന്ന് ആക്കിയോ വീട്ടിൽ?" അമ്മ ഒറ്റ ശ്വാസത്തിൽ ഇത്രേം ചോദിച്ചിട്ട് എന്റെ മറുപടിക്ക് ആയി എന്നെ നോക്കി.

"പോണ വഴി മഴ പെയ്തു അതാ ലേറ്റ് ആയത്. ആ പെണ്ണിനെ ഞാൻ വീട്ടിൽ ആക്കി. പോരെ.." ഞാൻ ഒട്ടും താല്പര്യം ഇല്ലാത്ത പോലെ പറഞ്ഞു.

"മ്മ്..." അമ്മ ഒന്ന് നീട്ടി മൂളി.

"എന്ന പിന്നെ ഞങ്ങൾ ഇറങ്ങട്ടെ വിനയേ? ഇനിം നിന്നാൽ അടുത്ത മഴ പെയ്യും പിന്നെ പോക്ക് നടക്കില്ല." അമ്മ വിനയേച്ചിയോട് പറഞ്ഞു.

"ഇവിടെ നിന്നോ വല്യമ്മേ എന്തിനാ വീട്ടിൽ പോണേ? അരവിന്ദേട്ടൻ പൊക്കോട്ടെ വല്യമ്മ ഇവിടെ നിക്ക്." ആമി അമ്മയെ അരയിൽ ചുറ്റി പിടിച്ച് കൊഞ്ചിക്കൊണ്ട് പറഞ്ഞു.

"വല്യമ്മ നാളെ രാവിലെ ഇങ്ങു വരാം മോളെ, മോൾക്ക് നാളെ രാവിലെ എന്താ കഴിക്കാൻ വേണ്ടത്? മോള് പറയണ സാധനം വല്യമ്മ ഉണ്ടാക്കി കൊണ്ടരാം." ആമിയെ ചേർത്ത് പിടിച്ച് ഉമ്മ കൊടുത്തോണ്ട് അമ്മ ചോദിച്ചു.

ഇവരുടെ ഈ സ്നേഹം കാണുമ്പോ എനിക്ക് ശെരിക്കും കുശുമ്പ് ആണ്. എന്നോട് അമ്മ ഇങ്ങനൊന്നും പറയാറില്ല. എന്നാലും ആമി എനിക്ക് എന്റെ കുഞ്ഞി പെങ്ങൾ തന്നെ ആണ്. ഒരമ്മേടെ വയറ്റിൽ നിന്ന് വന്നതല്ലെങ്കിലും അവളെ എനിക്ക് അത്രക്ക് ഇഷ്ടാണ്. പക്ഷെ ഞാൻ അത് പുറത്ത് കാണിക്കാറില്ല, അവളും കാണിക്കാറില്ല. പുറമെ ഞങ്ങൾ കീരിയും പാമ്പും ആണ് തമ്മിൽ കണ്ടാൽ അടിയാണ്.

ഹോസ്പിറ്റലിൽ നിന്ന് വീട്ടിൽ എത്തിയപ്പോൾ 8 മണി കഴിഞ്ഞു. വരണ വഴി ഒരു തട്ടുകടയിൽ നിന്ന് നല്ല ദോശേം ഓംലെറ്റും കഴിച്ചു. അതോണ്ട് വന്ന ഉടനെ റൂമിൽ പോയി കിടന്നു. അമ്മ ജനലും വാതിലും ഒക്കെ അടക്കാൻ പോയി. മഴ വീണ്ടും പെയ്യാൻ തുടങ്ങി. യാദിർശ്ചികം ആണോ എന്തോ ഞാൻ അപ്പൊ ഓർത്തത് നയനയെ ആണ്.

"മാതാവേ.... വീണ്ടും പ്രേമം ആണോ." ഞാൻ അറിയാതെ തന്നെ ഒന്ന് പുഞ്ചിരിച്ചു.

"നിനക്ക് വല്ല വട്ടും ഒണ്ടോ ചെർക്കാ? വെറുതെ മേലോട്ട് നോക്കി ഇരുന്നു ചിരിക്കാൻ." ഞാൻ ഒന്ന് ഞെട്ടി, നോക്കുമ്പോ അമ്മ വാതിലിൽ ചാരി എളിക്ക് കയ്യും കുത്തി നിക്കുന്നു. "ദൈവമേ എന്റെ പ്രേമം

നീ മുളയില്ലേ നുള്ളുവാണോ?" ഞാൻ മനസ്സിൽ ഓർത്തുകൊണ്ട് അമ്മയെ നോക്കി ഒന്ന് പല്ലിളിച്ചു കാണിച്ചു.

"വേണ്ട വേണ്ട നീ ഇളിച്ചൊന്നും കാണിക്കണ്ട, എനിക്ക് എല്ലാം മനസ്സിലാവുന്നുണ്ട്. ഞാൻ അത്ര മണ്ടി ഒന്നുമല്ല എന്നെന്റെ പൊന്നുമോൻ ഓർത്താൽ മതി." "ങേ... എന്ത് മനസ്സിലായെന്ന പറയണേ. ഞാൻ വെറുതെ ഓരോ കോമഡി ആലോചിച്ചു ചിരിച്ചതാ. എന്റെ ദൈവമേ എനിക്ക് ഒന്ന് ചിരിക്കാൻ ഉള്ള സ്വാതന്ത്ര്യം പോലും ഇല്ലേ ഈ വീട്ടിൽ?" ഞാൻ കട്ടിലിൽ നിന്ന് എഴുന്നേറ്റ് കൈ രണ്ടും മലർത്തി ചോദിച്ചു.

"ഉവ്വ ഉവ്വ...നാളെ നീ ഓഫീസിൽ പോണ വഴി എന്നെ ആ ആശുപത്രിയിൽ ഒന്നിറക്കണം. കൊച്ചിന് രാവിലെ കഴിക്കാൻ ഇഡലി കൊണ്ടുപോണം." "അയ്യേ നാളെ ഇഡ്ഡലി ആണാ..? എനിക്ക് വേണ്ട. എനിക്ക് പുട്ട് മതി." "നിനക്ക് വേണ്ടേ നീ തിന്നണ്ട..അയ്യട.. പുട്ട് വേണേൽ പോയി ഏതെങ്കിലും ഹോട്ടലിൽ നിന്ന് കഴിക്കാൻ നോക്ക്. പുട്ട് ഒന്നും ആശുപത്രിയിൽ കൊണ്ടുപോകാൻ പറ്റില്ല. ആമിമോൾക് ഇഡ്ഡലി വേണം എന്ന പറഞ്ഞത്." അമ്മ ഒരു ദാക്ഷിണ്യവും ഇല്ലാണ്ട് പറഞ്ഞുകളഞ്ഞു.

"കറന്റ് പോകുവാരിക്കും, നിനക്ക് രാത്രി വെള്ളം വല്ലതും വേണേൽ ഇവിടെ എടുത്തു വെച്ചേക്ക്, ഇനി രാത്രിയിൽ തപ്പി തടഞ്ഞു വല്ലടുത്തും തട്ടി വീഴണ്ട." അമ്മ അത് പറഞ്ഞു തീർന്നതും കറന്റ് പോയി.

"ആഹ് ബെസ്റ്റ്... അമ്മക്ക് കരിനാക്ക് ഉണ്ടോ. പറഞ്ഞു നാക്ക് വായിലേക്ക് ഇട്ടില്ല അതിന് മുന്നേ തന്നെ മൊത്തം അടിച്ചുപോയി." ഞാൻ മൊബൈൽ എടുത്തു ഫ്ലാഷ് ഓൺ ആക്കി. "ആഹ് ഇനി റൂമിലോട്ട് നടന്നോ.. ഇന്നത്തെ കച്ചേരി ഒക്കെ കഴിഞ്ഞില്ലേ. ഇനി പോയി കിടക്കാൻ നോക്ക്. വാ ഇങ്ങോട്ട് ഞാൻ വെട്ടം അടിച്ചു തരാം." ഞാൻ ഫ്ലാഷ് അടിച്ചു മുന്നേ നടന്നു അമ്മ എന്റെ പിന്നാലെയും.

"ഡാ നയന മോൾടെ അച്ഛനെ കണ്ടോ നീ?" റൂമിൽ നിന്ന് തിരിച്ചു പോരാൻ ഇറങ്ങിയ എന്നോട് അമ്മ ചോദിച്ചു. "ആ കണ്ടു..എന്തെ?" "എന്ത് പറഞ്ഞു എന്നിട്ട്?" "എന്ത് പറയാൻ.. മകളെ കൊണ്ടുവന്നു ആക്കിയതിനു നന്ദി പറഞ്ഞു. വേറെന്ത് പറയാൻ" ഞാൻ ഒരു ഒഴുക്കൻ മട്ടിൽ അങ്ങ് പറഞ്ഞു. അല്ലേ പിന്നെ ഓരോന്ന് കുത്തി കുത്തി ചോദിക്കും. അമ്മ ഒന്ന് മൂളുക മാത്രേ ചെയ്തുള്ളൂ. "ദൈവമേ ഡൌട്ട് അടിച്ച് കാണുവോ...? എയ്...ഇത് സാദാരണ പോലെ ചോദിച്ചത് ആവും." ഞാൻ അങ്ങനെ ഒക്കെ മനസ്സിൽ പറഞ്ഞു എന്നെ തന്നെ സമാധാനിപ്പിച്ചു. നേരെ പോയി പുതച്ചു മൂടി കിടന്നു. തണുപ്പ് പുതപ്പിനുള്ളിലേക്ക് അരിച്ചിറങ്ങുന്നു. തലയണ ഒന്നുകൂടി ചേർത്ത് പിടിച്ച് കണ്ണ് പൂട്ടി കിടന്നു. അമ്മയുടെ കൈ പുറത്ത് വീണപ്പോ ആണ് ബോധം വന്നത്. "ഡാ..വേഗം എഴുന്നേറ്റു റെഡി ആയിക്കെ, ഹോസ്പിറ്റലിൽ പോകേണ്ടതാ ഇപ്പൊ തന്നെ 7 മണി കഴിഞ്ഞു." ഞാൻ പതുക്കെ പുതപ്പ് മാറ്റി ഫോണിൽ നോക്കി 6.30 കഴിഞ്ഞതേ ഉള്ളു. ഇത് അമ്മേടെ സ്ഥിരം പരിപാടി ആണ്, 6 മണിക്ക് വിളിക്കാൻ പറഞ്ഞാൽ 5 മണിക്ക് തന്നെ വിളിച്ചിട്ട് 6 മണി കഴിഞ്ഞെന്ന് പറയും. ഞാൻ ഒന്നുകൂടി പുതച്ചു കിടന്നു ഉറങ്ങാൻ നോക്കി. എവിടെ... ഉറക്കത്തിന്റെ ആ ഫ്ലോ അങ്ങ് പോയി. പിന്നെ അധികം കിടന്നില്ല. നേരെ എഴുന്നേറ്റു പല്ല് തേച്ചു കുളിച്ചു റെഡി ആയി വന്നപ്പോ അമ്മ നല്ല ചൂട് ഇഡലിയും സാമ്പാറും എടുത്ത് വെച്ചിട്ടുണ്ട്. പിന്നൊന്നും നോക്കിയില്ല ഇരുന്നു തട്ടാൻ തുടങ്ങി. സത്യം പറയാല്ലോ ഇന്ന് സാദാരണ ഉണ്ടാക്കുന്നതിനേക്കാൾ ടേസ്റ്റ് ഉണ്ട്. ആഹ് ആമിക്ക് വേണ്ടി ഉണ്ടാക്കിയ കൊണ്ടാവും. അവളുടെ ഒരു യോഗം അല്ലാണ്ടെന്താ.

"നീ ആ ഇഡലിം കിള്ളി കിള്ളി ഇരിക്കാണ്ട് വേഗം കഴിച്ചിട്ട് എഴുന്നേറ്റു വന്നേ താമസിച്ചാൽ മോൾക്ക് നല്ല വിശപ്പ് ആവും. ഇത് കഴിപ്പിച്ചിട്ട് വേണം മരുന്നൊക്കെ കൊടുക്കാൻ. വേഗം എഴുന്നേറ്റു വാ പോകാം." അമ്മ അതും പറഞ്ഞു അടുക്കള വാതിൽ പൂട്ടാൻ പോയി.

കഴിച്ച് കൈ കഴുകി വന്നപ്പോഴേക്കും അമ്മ റെഡി ആയി പുറത്ത് ഇറങ്ങി നിൽക്കുന്നുണ്ടാരുന്നു. ഒരു അര മണിക്കൂറിനുള്ളിൽ ഞങ്ങൾ ഹോസ്പിറ്റലിൽ എത്തി. "എന്നാൽ നീ പോയിട്ട് വാ, വൈകുന്നേരം ഈ വഴി വന്നാൽ മതി ഞാൻ ഇവിടെ ഉണ്ടാവും. ഇനി അഥവാ ഞാൻ വീട്ടിലോട്ട് പോയാൽ ഞാൻ നിന്നെ വിളിച്ച് പറഞ്ഞോളാം."

"ആഹ് ശെരി.. എന്തെങ്കിലും ഉണ്ടെങ്കിൽ വിളിക്ക്. പറ്റുവാണെങ്കിൽ ഞാൻ ഉച്ച കഴിഞ്ഞു ഇറങ്ങാൻ നോക്കാം."

അമ്മയോട് യാത്ര പറഞ്ഞു ഞാൻ ഓഫീസിലേക്ക് വണ്ടി വിട്ടു. ഒറ്റയ്ക്ക് വണ്ടി ഓടിച്ചപ്പോൾ വീണ്ടും ആ മുഖം മനസ്സിലേക്ക് വന്നു... നയന... എങ്ങനേലും അവളെ ഒന്നുകൂടി കാണണം. കുറച്ച് നേരം സംസാരിക്കണം. ഓരോന്ന് ആലോചിച്ചു ഓഫീസ് എത്തിയത് അറിഞ്ഞില്ല. അല്ലേലും നല്ല സമയങ്ങൾ പെട്ടെന്ന് കടന്നുപോകുവല്ലോ.

ഓഫീസിൽ പിടിപ്പത് പണി ആയിരുന്നു. ഒരു ചായ കുടിക്കാൻ ഉള്ള ഗ്യാപ് പോലും കിട്ടിയില്ല. ലഞ്ച് കഴിഞ്ഞു ക്യാന്റീനിലെ മരച്ചുവട്ടിൽ ഫോണും തോണ്ടി റസ്റ്റ് എടുക്കുമ്പോൾ ആണ് വാട്സാപ്പിൽ ഒരു മെസ്സേജ് വന്നത്.

"ഹായ്...എന്നെ മനസ്സിലായോ?" നമ്പർ മാത്രേ ഉള്ളു.

ഞാൻ വിശദമായി ഒന്ന് നോക്കി ഡിപി ഒന്നും ഇല്ല. ഇതാരപ്പാ...

"ഇല്ല ആരാ? " "നയന..."

അത് വായിച്ചതും എന്റെ റിലേ പോയി. ഞാൻ അറിയാണ്ട് തന്നെ ഞാൻ ചിരിച്ചുപോയി. ഹൃദയം ഒക്കെ പട പടാ ഇടിക്കാൻ തുടങ്ങി ആകെക്കൂടി ഒരു വൈക്ലബ്യം. ഞാൻ ആ നിമിഷം തന്നെ നമ്പർ സേവ് ചെയ്തു. അപ്പൊ ദേ എഴുതി കാണിച്ചു "നയന കാളിങ്"

ഉഫ്... എനിക്ക് ഉണ്ടായ സന്തോഷം അത് പറഞ്ഞറിയിക്കാൻ പറ്റില്ല. ഞാൻ വേഗം തന്നെ കാൾ അറ്റൻഡ് ചെയ്തു.

"ഹലോ..." "ഹലോ!! ഇത് ഞാനാ നയന, മനസ്സിലായോ?" "പിന്നെ മനസ്സിലാവാതെ...എന്റെ നമ്പർ എവിടുന്നു കിട്ടി?" "ഓർമയില്ലേ?? അന്ന് അരവിന്ദേട്ടന്റെ ഫോണിൽ നിന്നല്ലേ ഞാൻ അച്ഛനെ വിളിച്ചത്. ഞാൻ അപ്പൊ നമ്പർ സേവ് ചെയ്താരുന്നു." "അത് ഇന്നലെ അല്ലേ... എന്നിട്ടിപ്പോ ആണോ വിളിക്കാൻ തോന്നിയത്..?" എന്തോ എനിക്ക് പെട്ടെന്ന് അങ്ങനെ ആണ് ചോദിക്കാൻ തോന്നിയത്. "എയ്... അങ്ങനൊന്നുല്ല. ഞാനിപ്പോ ആമിടെ കൂടെ ഹോസ്പിറ്റലിൽ ഉണ്ട്. ഇവിടെ ഒരു മരുന്ന് കിട്ടാനില്ല, അപ്പൊ അമ്മയാണ് പറഞ്ഞത് അരവിന്ദേട്ടനെ വിളിച്ചു പറഞ്ഞാൽ വൈകിട്ട് വരുമ്പോൾ വാങ്ങിട്ടു വരും എന്ന്. അതാ വിളിച്ചത്."

ഈശോ.... അവൾ ഹോസ്പിറ്റലിൽ ഉണ്ടോ... ദൈവമേ എങ്ങനെങ്കിലും ഒന്ന് പുറത്ത് ചാടണോല്ലോ. എന്തും പറഞ്ഞാണ് ഇപ്പൊ ഓഫീസിൽ നിന്ന് ഇറങ്ങുന്നത്. എന്റെ മനസ്സിൽ അപ്പൊ അതായിരുന്നു ചിന്ത മുഴുവൻ.

"ഹലോ...കേൾക്കുന്നില്ലേ??" അവൾടെ സൗണ്ട് എന്നെ ചിന്തയിൽ നിന്ന് ഉണർത്തി. "ഹാ കേക്കുന്നുണ്ട്. ആ മരുന്നിന്റെ പേരൊന്നു വാട്സാപ്പ് ചെയ്തേക്ക്. ഞാൻ വേഗം വരാൻ നോക്കാം. ഇയാൾ ഇപ്പൊ തിരിച്ചു പോകുവോ?"

"ഇപ്പൊ ഇല്ല കുറച്ച് കഴിഞ്ഞ് ഇറങ്ങും. എന്തെ?" "ഇല്ല, വെറുതെ ചോദിച്ചതാ." "എന്നാ ശെരി ഞാൻ പേര് മെസ്സേജ് ചെയ്യാം വാങ്ങാൻ മറക്കണ്ട. ഓക്കേ?" "ഓക്കേ ശെരി...." രണ്ട് നിമിഷം കഴിഞ്ഞതും ഫോൺ കട്ട് ആയി. ഞാൻ ആകെ തരിച്ചു നിന്നുപോയി.

ദൈവമേ ഇവിടുന്ന് എങ്ങനേലും പുറത്ത് ചാടണം. എന്ത് കള്ളം പറഞ്ഞാൽ ആണ് ഒന്ന് പോകാൻ പറ്റുന്നത്. നയന പോകുന്നതിനു മുന്നേ ഹോസ്പിറ്റലിൽ എത്തണം. ഞാൻ ഒരു ഐഡിയക്ക് വേണ്ടി തല പുകഞ്ഞു ആലോചിക്കാൻ തുടങ്ങി. അവസാനം പെങ്ങൾക്ക് വയ്യാതെ ഹോസ്പിറ്റലിൽ ആണെന്ന് തന്നെ പറഞ്ഞു. ആദ്യം കുറെ എതിർത്തെങ്കിലും അടുത്ത ശെനിയും ഞായറും ഒക്കെ വന്ന് പണി എടുത്തോളാം എന്ന ഒറ്റ വാക്കിന്റെ പുറത്ത് മാനേജർ ഹാഫ് ഡേ ലീവ് തന്നു. ഹാഫ് ഡേ എന്ന് പറയാൻ പറ്റില്ല. ഞാൻ ഓഫീസിൽ നിന്ന് ഇറങ്ങുമ്പോൾ തന്നെ മണി 3 ആയി. വേഗം ഒരു മെഡിക്കൽ ഷോപ്പിൽ കയറി നയന അയച്ച മെസ്സേജ് കാണിച്ചു.

മരുന്നും വാങ്ങി നേരെ ഹോസ്പിറ്റലിലേക്ക് വെച്ച് പിടിച്ചു. 4 മണി കഴിഞ്ഞു ഹോസ്പിറ്റലിൽ എത്തിയപ്പോൾ. ബൈക്ക് പാർക്ക് ചെയ്ത് ഒറ്റ ഓട്ടം ആയിരുന്നു റൂമിലേക്ക്. റൂമിന്റെ ഡോറിനു മുന്നിൽ എത്തിട്ടാണ് പിന്നെ നിന്നത്. ഓടി വന്ന കിതയ്പ് മാറ്റാൻ ആയി ഒരു 10 സെക്കന്റ് അവിടെ തന്നെ നിന്നു. അല്ലെങ്കിൽ ഉള്ളിൽ കേറുമ്പോൾ തന്നെ എല്ലാർക്കും ഒരു സ്പെല്ലിങ് മിസ്റ്റേക്ക് തോന്നും. കുറച്ച് നേരം വെയിറ്റ് ചെയ്തിട്ട് ഒന്നും അറിയാത്ത പോലെ ഒരു മൂളിപ്പാട്ടും പാടി ഞാൻ അകത്തേക്ക് കയറി.

"ആഹ് നീ എത്തിയോ. ഞാൻ നിന്നെ വിളിക്കാൻ തുടങ്ങുവാരുന്നു." ഞാൻ മരുന്ന് അമ്മേടെ കയ്യിലേക്ക് കൊടുത്തോണ്ട് ചുറ്റും ഒന്ന് വീക്ഷിച്ചു. ഇല്ല അവളെ കാണാനില്ല. എന്നാൽ ബാത്‌റൂമിൽ ആരോ ഉണ്ട്. ദൈവമേ അത് അവൾ ആയിരിക്കണേ... "ഡോ താൻ എന്താ ഈ തിരിഞ്ഞു കളിക്കണേ?" ആമിയുടെ ചോദ്യം കേട്ട് ഞാൻ ഒന്ന് ഞെട്ടി. എന്നാൽ ആ ഞെട്ടൽ മുഖത്ത് വരും മുന്നേ ഞാൻ ഒഴിഞ്ഞു മാറി. "അല്ല വിനയേച്ചി വീട്ടിലേക്ക് പോയോ എന്ന് നോക്കിയതാ" "ഞാൻ ഇവിടെ ഉണ്ട്. എന്താടാ?" ബാത്‌റൂമിൽ നിന്ന് ഇറങ്ങി വന്നുകൊണ്ട് വിനയേച്ചി പറഞ്ഞു.

ശ്ശെ...അപ്പൊ അവൾ എവിടെ പോയി...

"ഒന്നുല്ല ചേച്ചി കാണാഞ്ഞിട്ട് തിരക്കിയതാ." ഞാൻ വിക്കി വിക്കി പറഞ്ഞ് ഒപ്പിച്ചു.

എന്തെന്നറിയില്ല എല്ലാരുടേം മുഖത്ത് ഒരു ആക്കിയുള്ള ചിരി ഉള്ള പോലെ... എയ് ഇനി എനിക്ക് തോന്നുന്നതാവും.

"നീ വല്ലതും കഴിച്ചോ?" "ആഹ് ഞാൻ കഴിച്ചിട്ടാ ഇറങ്ങിയേ അതാ ലേറ്റ് ആയിപോയത്." ഞാൻ തെല്ലൊരു നിരാശയോടെ പറഞ്ഞു.

"ലേറ്റൊ? അതിന് ഇപ്പൊ 4 മണി കഴിഞ്ഞതല്ലേ ഉള്ളു സാദാരണ ഏട്ടൻ വരുമ്പോൾ 5 കഴിയില്ലേ." ഒരു പിരികം പൊക്കി എന്നെ നോക്കികൊണ്ട് ആമി ചോദിച്ചു.

"അല്ല...അങ്ങനല്ല...ഞാൻ ആ കുട്ടി എന്നെ വിളിച്ച് കഴിഞ്ഞ് കൊറച്ചുകൂടെ കഴിഞ്ഞാണ് ഇറങ്ങിയേ എന്ന് പറഞ്ഞതാ...അല്ല അത് പറഞ്ഞപ്പോഴാ ഓർത്തെ ആ പെണ്ണ് പോയോ?" ഞാൻ അത് അവിടെ കിടന്ന ഒരു വാരിക എടുത്ത് കയ്യിൽ പിടിച്ചിട്ട് അത് വായിക്കുന്ന പോലെ ഇരുന്നാണ് ചോദിച്ചത്. സത്യത്തിൽ ഞാൻ അത് വായിച്ചൊന്നും ഇല്ല എന്റെ മുഖം അവർ കാണാതെ ഇരിക്കാൻ ഉള്ളൊരു ഉപാധി ആയെ ഞാൻ അതിനെ അപ്പൊ കണ്ടോള്ളൂ.

ചോദ്യം ചോദിച്ചു 3 സെക്കന്റ് കഴിഞ്ഞും എനിക്ക് ഉത്തരം കിട്ടിയില്ല. ഞാൻ പതുക്കെ ആ വാരിക ഒന്ന് മാറ്റി. നോക്കുമ്പോ 6 കണ്ണുകൾ എന്നെ തന്നെ നോക്കി നിക്കുന്നു. എന്നാൽ ആരും ഒന്നും പറയുന്നുമില്ല. ഈശ്വരാ പെട്ടു...

"ചേച്ചി പോയി.. ഞാൻ പറഞ്ഞതാ ഏട്ടൻ വന്നിട്ട് കൊണ്ടുപോയി ആക്കും എന്ന്. പക്ഷെ വല്യമ്മ കേട്ടില്ല. വെറുതെ കഴിഞ്ഞ ദിവസത്തെ പോലെ ഇന്നും ലേറ്റ് ആക്കണ്ട പറഞ്ഞു. അവസാനം ചേച്ചി മനസില്ലാ മനസ്സോടെ ആണ് പോയത്." ആമി അത് പറഞ്ഞു നിർത്തുമ്പോഴും അവളുടെ ചുണ്ടിൽ ഒരു കുസൃതി ചിരി ഉണ്ടായിരുന്നു.

ആകെ ഒരു നഷ്ടബോധം ആയിരുന്നു പിന്നെ. ഹാ സാരമില്ല നമ്പർ കിട്ടിയല്ലോ ഇനി എങ്ങനേലും പതുക്കെ മെസ്സേജ് ഒക്കെ അയക്കാം. ഞാൻ എന്നെ തന്നെ പറഞ്ഞ് ആശ്വസിപ്പിച്ചു. വാട്സാപ്പ് എടുത്തു നോക്കി. ലാസ്റ്റ് സീൻ 3 മണി. ഡിപി മാറ്റിയിട്ടുണ്ട്. ഞാൻ അത് എടുത്തു നോക്കി. അത് കണ്ടപ്പോൾ വീണ്ടും നഷ്ടബോധം. ആമിയും നയനയും ഒന്നിച്ചുള്ള ഒരു ഫോട്ടോ ആണ് ഇട്ടേക്കുന്നത്. ആരെയെന്നില്ലാതെ ഞാൻ എന്നേ തന്നെ ശപിച്ചു.

"ഏട്ടൻ എന്താ ഈ പിറുപിറുക്കുന്നെ കൊറേ നേരായാലോ ഒരു വിമ്മിഷ്ടം." ആമി ഒരു ഓറഞ്ച് തൊലി പൊളിച്ചുകൊണ്ട് എന്റെ അടുത്തേക്ക് വന്നു. "ഓ ഒന്നുല്ല ഓഫീസിലെ ഓരോ ടെൻഷൻ." ഞാൻ ഒരു ഓറഞ്ച് അല്ലി വാങ്ങി വായിലേക്ക് ഇട്ടു. അമ്മേം വിനയേച്ചിം കട്ടിലിൽ ഇരുന്നു എന്തൊക്കെയോ സംസാരിക്കുന്നു. എനിക്ക് ആകെ ബോർ അടിക്കാൻ തുടങ്ങി. ആമി ആണേൽ എന്റെ തോളത്തു ചാരി ഇരുന്നു എന്തൊക്കെയോ പറയുന്നുണ്ട്. അവളുടെ പനി ഇപ്പൊ നല്ലോണം കുറഞ്ഞിട്ടുണ്ട്. നാളെ ഉച്ചയോടെ ഡിസ്ചാർജ് ചെയ്തേക്കും.

"ഏട്ടാ ആ ഫോൺ താ ഞാൻ ഗെയിം കളിക്കട്ടെ. " ആമി ഫോണിൽ പിടിച്ചു വലിച്ചോണ്ട് ചോദിച്ചു. "പോയി അവിടെങ്ങാനും കിടക്കാൻ നോക്ക് പെണ്ണെ പനി മാറി ഒന്ന് തല പൊക്കിയപ്പോഴേക്കും ഇനി ഫോണിൽ കളിക്കാഞ്ഞിട്ടാ..." വിനയേച്ചി അവളെ വഴക്കിടാൻ തുടങ്ങി. എന്നാൽ അവൾ അതൊന്നും മൈൻഡ് ചെയ്തതെ ഇല്ല. ഫോൺ വാങ്ങി അൺലോക്ക് ചെയ്ത് അവൾ ഒന്ന് എന്റെ മുഖത്തേക്ക് നോക്കി. "ഉം ഇനിയെന്താ?" "ഒന്നുല്ല..." അവൾ ഒരു ആക്കിയ ചിരി ചിരിച്ച് എഴുന്നേറ്റു അമ്മയുടെ അടുത്തേക്ക് പോയി. അവർ മൂന്ന് പേരും കൂടി എന്തോ ഇരുന്നു കുശുകുശുക്കുന്ന കണ്ടു. ഞാൻ അതൊന്നും മൈൻഡ് ചെയ്യാതെ ഒരു തലയണ എടുത്ത് കട്ടിലിലേക്ക് ചരിഞ്ഞു കണ്ണടച്ചു... പെട്ടെന്നാണ് എന്റെ ഉള്ളിൽ ഒരു കൊള്ളിയാൻ മിന്നിയത്. "ദൈവമേ... ഞാൻ ഫോണിൽ അവസാനം നോക്കിയത് നയനയുടെ ഡിപി അല്ലേ.. ആമി വരുന്നത് കണ്ട് ഞാൻ അത് അങ്ങനെ തന്നെ ലോക് ചെയ്തത് ആരുന്നു. അപ്പൊ അവൾ അൺലോക്ക് ചെയ്യുമ്പോ ആദ്യം കാണുന്നത് ആ ഡിപി ആവുമല്ലോ..." ഞാൻ ഞെട്ടി കണ്ണുകൾ തുറന്നു.

"ഇപ്പൊ അവള്ടെ കയ്യിൽ നിന്ന് ഫോൺ തട്ടിപ്പറിക്കുന്നത് അബദ്ധം ആണ് അത് എല്ലാർക്കും സംശയം ഉണ്ടാക്കും. അവൾ കണ്ടു എന്നത് ഉറപ്പാണ്, അവൾ അത് ഈ നേരം കൊണ്ട് അമ്മയേം വിനയേച്ചിയേം അറിയിച്ചിരിക്കും. വെറുതെ അല്ല 3 പേരും കൂടി ഇരുന്നു രഹസ്യം പറഞ്ഞത്." ഇപ്പോഴാണ് അവളുടെ ആ നോട്ടത്തിന്റെ രഹസ്യം പിടികിട്ടിയത്. ഇനിയിപ്പോ പറഞ്ഞിട്ട് കാര്യമില്ല നമ്മളായിട്ട് ഒന്നും അങ്ങോട്ട് പറഞ്ഞ് നാണം കെടണ്ട. മൗനം വിദ്വാന് ഭൂഷണം എന്നാണല്ലോ. ഞാൻ അനങ്ങാതെ തന്നെ കിടന്നു. അധികം വൈകാതെ തന്നെ ഉറങ്ങി.

അമ്മ വന്ന് വിളിക്കുമ്പോഴാണ് കണ്ണ് തുറന്നത്. "ഇതെന്തു ഉറക്കമാണ്, പോകണ്ടേ ഇവിടെ കിടന്നാൽ മതിയ?" "ആഹ് പോകാം, സമയം എത്രയായി?" "മണി 7 കഴിഞ്ഞ് നീ എഴുന്നേറ്റ് മുഖം കഴുകി വാ. നാളെ എന്തായാലും ഡിസ്ചാർജ് ചെയ്യും. ആ പിന്നെ വിനയേ നാളെ രാവിലത്തേക്കുള്ള ഭക്ഷണം ഞാൻ

ഇവന്റെ കയ്യിൽ കൊടുത്ത് വിടാം. ഡോക്ടർ വന്ന് ഡിസ്ചാർജ് ആകുമ്പോ എന്തായാലും ഉച്ചയാകും." അമ്മ എന്നോടും വിനയേച്ചിയോടും ആയി പറഞ്ഞു.

"അപ്പൊ വല്യമ്മ നാളെ വരില്ലേ? "ഇല്ല മോളെ വല്യമ്മ വീട്ടിൽ പോയി മോൾടെ മുറിയൊക്കെ അടിച്ച് വാരി വൃത്തിയാക്കി ഇടാം. ഇനി പൊടിയടിച്ചു വീണ്ടും പനി വരുത്തണ്ട."

അപ്പോഴേക്കും ഞാൻ മുഖം കഴുകി എത്തിയിരുന്നു. "ഇറങ്ങാം? എടി എന്റെ ഫോൺ എവിടെ?" "ദേ മേശപ്പുറത്തു ഇരിക്കുന്നു." അധികം വൈകാതെ തന്നെ ഞാൻ ഫോണും എടുത്ത് അമ്മയേം കൂട്ടി ഇറങ്ങി. പോണ വഴി ഒരു തട്ടുകടയിൽ കേറി ഫുഡ് കഴിച്ചു. "ആ ഡാ ഞാൻ പറയാൻ മറന്നു, അടുത്ത ആഴ്ച ഒരു പെണ്ണുകാണാൻ പോണം ആ ബ്രോക്കർ വിളിച്ചിരുന്നു ഞാൻ പിന്നെ മറന്നുപോയി." കഴിക്കുന്നെനിടയിൽ അമ്മ പറഞ്ഞു. "ഓ എന്റമ്മേ എനിക്ക് ഇപ്പ കല്യാണം ഒന്നും വേണ്ട. കൊറച്ചു നാൾ കൂടെ ഇങ്ങനെ നടക്കട്ടെ. " "പിന്നേ... നിനക്ക് വെച്ച് വിളമ്പി എനിക്ക് മടുത്തു. എനിക്ക് ഒരു മോളെ ദൈവം തന്നില്ല. അത്കൊണ്ട് നീ അധികം വർത്താനം ഒന്നും പറയണ്ട ഞാൻ പറയണത് അങ്ങ് കേട്ടാൽ മതി. നാളെ തന്നെ നടത്താൻ അല്ലല്ലോ പെണ്ണ് കണ്ടു വെക്കാം. അല്ലേലും എത്ര പെണ്ണ് കണ്ടാലാണ് ഒരെണ്ണം ഉറപ്പിക്കാൻ പറ്റണത്. നിനക്ക് ഇനി വല്ല പ്രേമം വല്ലതും ഉണ്ടെങ്കിൽ അത് പറ ഞാൻ ഇങ്ങനെ പെണ്ണ് അന്വേഷിച്ചു നടക്കണ്ടല്ലോ" "ഓ നമ്മളെ ഒക്കെ ആര് പ്രേമിക്കാൻ." ഞാൻ ഒരു നിസ്സംഗ ഭാവത്തിൽ പറഞ്ഞു. "ആ അത് നേരാണ്, പ്രേമിക്കാൻ ആദ്യം വേണ്ടത് അത് നമ്മൾ സ്നേഹിക്കുന്നവരോട് ചങ്കുറ്റത്തോടെ തുറന്നു പറയാൻ ഉള്ള മനസ്സാണ്. അത് നിനക്ക് ഉണ്ടെന്ന് എനിക്ക് തോന്നണില്ല." അതും പറഞ്ഞു അമ്മ കൈ കഴുകാൻ എഴുനേറ്റു പോയി.

അമ്മയുടെ ആ പറച്ചിൽ കേട്ട് ഞാൻ ഒന്ന് ഞെട്ടി. അമ്മ ഇനി വല്ലതും അറിഞ്ഞിട്ട് പറഞ്ഞതാണോ? എങ്ങനെ അറിയാനാ, അറിയണം എങ്കിൽ ഞാൻ പറഞ്ഞാൽ അല്ലേ അറിയൂ... ഓരോന്ന് ആലോചിച്ചു ഞാൻ അവിടെ തന്നെ ഇരുന്നു.

"നീ ഇത് എന്താ ഇവിടെ ഇരുന്നു സ്വപ്നം കാണുവാണോ. എഴുന്നേറ്റു വാ പോകണ്ടേ." ഞാനും വേഗം കൈ കഴുകി വന്നു.

വീട്ടിൽ ചെന്നപാടെ ഞാൻ റൂമിൽ കേറി ഡോർ ലോക് ചെയ്തു. ഫോൺ എടുത്ത് നോക്കി. നയന 3 മെസ്സേജ്....

എന്റെ ചങ്ക് പിടച്ചു. വേഗം ചാറ്റ് ഓപ്പൺ ചെയ്തു നോക്കി. അത് കണ്ട ഞാൻ തകർന്ന് പോയി.

ആമിയും നയനയും കൂടി ചാറ്റ് ചെയ്തേക്കുന്നു. ഹോസ്പിറ്റലിൽ എല്ലാരും കൂടി ഇരിക്കുന്ന ഫോട്ടോ ഒക്കെ അയച്ചിട്ടുണ്ട്. അതൊന്നും പോരാത്തതിന് ഞാൻ കിടന്നു ഉറങ്ങുന്ന ഫോട്ടോയും അവൾ അയച്ചിട്ടുണ്ട്.

ചതിച്ചല്ലോ...

ഞാൻ വേഗം ഒരു ഹായ് അയച്ചു. കുറച്ച് നേരം നോക്കി ഇരുന്നു. അവൾ ഓൺലൈൻ ഇല്ല. ഞാൻ ഫോൺ വെച്ചിട്ട് ബാത്റൂമിൽ ഒക്കെ പോയി വന്നു. അപ്പോഴേക്കും മെസ്സേജ് വന്നിട്ടുണ്ട്. ഞാൻ എടുത്തു നോക്കി.

"ഹായ് ആമീസ്..." ഞാൻ ആമി ആണെന്ന് കരുതി കാണും.

"ഞാൻ ആമി അല്ല. അരവിന്ദ് ആണ്." റിപ്ലൈ അയച്ചു കഴിഞ്ഞപ്പോൾ ആമിയോട് ഞാൻ മനസ്സിൽ നന്ദി പറഞ്ഞു. എന്ത് പറഞ്ഞു മെസ്സേജ് അയക്കും എന്ന് വിചാരിച്ചു ഇരിക്കുവാരുന്നു ഞാൻ. അവൾ എന്തായാലും ആ ബുദ്ധിമുട്ട് മാറ്റി തന്നു.

"അയ്യോ സോറി...അരവിന്ദേട്ടൻ എഴുന്നേറ്റോ? നല്ല ഉറക്കം ആരുന്നല്ലോ. ആമി ഫോട്ടോ എടുത്തു അയച്ചിരുന്നു."

അത് ഒരു തുടക്കം ആയിരുന്നു. എന്തൊക്കെ സംസാരിച്ചു എന്ന് എനിക്ക് തന്നെ അറിയില്ല. രാത്രി 1 മണി വരെ ഒരേ ചാറ്റിങ്.

നടന്നത് സ്വപ്നമാണോ എന്നൊരു സംശയം മാത്രം ആയിരുന്നു ബാക്കി. കാരണം എനിക്ക് പെണ്ണുങ്ങളോട് സംസാരിക്കാൻ അറിയില്ലായിരുന്നു. അത്കൊണ്ട് തന്നെ എനിക്ക് പെൺ സുഹൃത്തുക്കൾ ആരും തന്നെ ഇല്ലായിരുന്നു. എന്റെ കമ്പനി മുഴുവൻ ആണുങ്ങൾ തന്നെ ആയിരുന്നു.

അതിൽ എനിക്ക് നഷ്ടബോധം ഒന്നും ഇല്ല. എനിക്ക് പെണ്ണെന്നാൽ അമ്മയും ആമിയും ആണ്. അവർക്കപ്പുറം ഉള്ളവരോടൊന്നും ഞാൻ അധികം സംസാരിക്കാറേ ഇല്ലായിരുന്നു. ആ ഞാൻ ആണ് ഇപ്പൊ ഒരു പെണ്ണിനോട് അതും ആദ്യ കാഴ്ച്ചയിൽ തന്നെ ഞാൻ പോരെടുത്ത ഒരു പെണ്ണിനോട് ഇത്ര നേരം ഉറക്കം പോലും കളഞ്ഞ് സംസാരിച്ചത്.

"അരവിന്ദേ ഇത് നിന്റെ ജീവിതത്തിലെ ഒരു നാഴിക കല്ലാണ് മോനേ." അങ്ങനെ ആരോ എന്റെ ഉള്ളിൽ തന്നെ ഇരുന്നു പറഞ്ഞു.

ആദ്യായിട്ടാണ് ഞാൻ ഒരാളോട് ഇങ്ങനെ ചാറ്റ് ചെയ്യുന്നത്. ശെരിക്കും പറഞ്ഞാൽ അവളുടെ സംസാരം ഞാൻ ആസ്വദിക്കുവായിരുന്നു. പിന്നെ ഇതൊരു പതിവായി. എന്ത് ചെറിയ കാര്യം ആയാലും തമ്മിൽ ഷെയർ ചെയ്യാൻ തുടങ്ങി. 3 - 4 ദിവസം കൊണ്ട് ഞങ്ങൾ അത്ര ക്ലോസ് ആയി.

പതിയെ ചാറ്റുകൾ ഫോൺ വിളികൾക്കും നേരിട്ട് ഉള്ള മീറ്റിംഗുകൾക്കും വഴി മാറി. മീറ്റിംഗ് എന്ന് പറയുമ്പോ അവളുടെ ഓഫീസ് വിട്ട് അവൾ ബസ് കേറുന്ന വരെ ഉള്ള സമയം. പക്ഷേ അതിൽ ഞങ്ങൾ ഹാപ്പി ആയിരുന്നു. ഞങ്ങൾ രണ്ടും ജോലി ചെയ്യുന്നത് എറണാകുളം ആയതിനാൽ കാണാൻ അധികം ബുദ്ധിമുട്ട് ഉണ്ടായില്ല.

പതുക്കെ പതുക്കെ എന്റെ ചിന്തകൾ മുഴുവൻ അവളെ കുറിച്ചായി. അതും അല്ല പണ്ടത്തെ പോലെ എനിക്ക് അവളുടെ കണ്ണിൽ നോക്കി സംസാരിക്കാൻ ഒരു ബുദ്ധിമുട്ട്. ഒരു കള്ളത്തരം. എന്നോട് സംസാരിക്കുമ്പോ അവളുടെ മുഖത്തും ഒരു കള്ളത്തരം ഞാൻ കാണാറുണ്ട്. അതൊക്കെ

ആലോചിക്കുമ്പോ എന്റെ പകുതി മനസ്സ് എന്നോട് പറയും "എടാ മോനേ ഇതാണ് പ്രേമം. അവൾ നിന്നേം നീ അവളേം പ്രേമിക്കാൻ തുടങ്ങിയിരിക്കുന്നു." എന്ന്.

അടുത്ത നിമിഷം തന്നെ എന്റെ മനസ്സിന്റെ മുക്കാൽ ഭാഗവും കയ്യേറി ഇരിക്കുന്ന ഇൻട്രോവെർട്ട് എന്നോട് പറയും "മാങ്ങാത്തൊലി ആണ്... പ്രേമം.. അതും നിന്നോട്. എട പൊട്ടാ നിനക്ക് ബോധം ഇല്ലേ, ഒന്ന് ചിന്തിച്ചു നോക്ക് നിന്നേം അവളേം കൂടെ... അവളെ പോലെ കിടു ലുക്ക് ഉള്ള ഒരു പെണ്ണിന് പ്രേമിക്കാൻ പറ്റിയ ഒരു കാര്യം ഒരേ ഒരു കാര്യം നിന്നിൽ ഉണ്ടെങ്കിൽ നീ ഒന്ന് പറഞ്ഞേ കേക്കട്ടെ. അവൾ നിന്റെ നല്ലൊരു ഫ്രണ്ട് ആണ്. നീ ഈ ഇഷ്ടം പറയണ ദിവസം വരെ അതുണ്ടാവു. നീ എങ്ങാനും അങ്ങനെ പോയി പറഞ്ഞാൽ പിന്നെ അവൾ നിന്നെ മൈൻഡ് ആക്കില്ല ഓർത്തോ."

സ്വാഭാവികം ആയിട്ട് ഞാൻ ഇൻട്രോവെർട്ട് പറയുന്നതേ കേൾക്കു. കാരണം ഇനി എന്ത്കൊണ്ട് തന്നെ ആയാലും അവൾ എന്നിൽ നിന്ന് അകന്ന് പോകുന്നത് എനിക്ക് ചിന്തിക്കാൻ പറ്റുന്ന ഒരു കാര്യം ആയിരുന്നില്ല. അങ്ങനെ തോന്നിയ ഇഷ്ടം ഒക്കെ മനസ്സിൽ കുഴിച്ചിട്ട് ഞാൻ നടക്കും. എന്നാലും ആ സമയം ഉള്ളിൽ ഒരു നോവ് ആണ്.

ഇങ്ങനെ പറയാതെ പോയ ഒരുപാട് ഇഷ്ടങ്ങൾ ഉണ്ടാവും നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ.

*********************************

അന്നൊരു വെള്ളിയാഴ്ച ആയിരുന്നു, ഉച്ച കഴിഞ്ഞപ്പോൾ നയനയുടെ ഒരു കാൾ വന്നു.

"ഹലോ.. അരവിന്ദേട്ടൻ ബിസി ആണോ?"

"എയ് അല്ല പറയെടോ എന്താ ഒരു ഫോർമാലിറ്റി ഒക്കെ?"

"ഇന്ന് ഒന്ന് കാണാൻ പറ്റുവോ?" അവളുടെ ശബ്ദത്തിൽ സങ്കടം ആണോ ക്ഷീണം ആണോ നിസ്സഹായത ആണോ എന്നെനിക്ക് വേർതിരിച്ചു എടുക്കാൻ ആയില്ല.

"ഹലോ അരവിന്ദേട്ടാ.. കേൾക്കുന്നില്ലേ?"

"ആ കേൾക്കാം.. ഞാൻ എവിടാ വരേണ്ടത്?"

"ഒരു 5 മണി ആകുമ്പോ എന്റെ ഓഫീസിന്റെ മുന്നിൽ വന്ന മതി."

"മം.. വരാം. എന്താ നിന്റെ ശബ്ദം വല്ലാണ്ടിരിക്കണേ? എന്തെങ്കിലും പ്രശ്നം ഉണ്ടോ?"

"എയ്... ഒന്നുല്ല ഏട്ടന് തോന്നിയതാവും. 5 മണിക്ക് തന്നെ വരണേ ലേറ്റ് ആവരുത്."

"ഇല്ല ഞാൻ എത്തിയേക്കാം. ലേറ്റ് ആവില്ല."

"എന്നാ ശെരി.. കാണാം..."

എന്റെ മറുപടിക്ക് കാത്ത് നില്കാതെ തന്നെ അവൾ ഫോൺ വെച്ചു.

എന്തോ പറ്റിയിട്ടുണ്ട് അത് ഉറപ്പാണ്. പിന്നെ എനിക്ക് ജോലി ചെയ്യാൻ ഒന്നും ഒരു മൂഡ് തോന്നിയില്ല.

"കൊറേ നേരായല്ലോ നീ വാച്ച് നോക്കി വെപ്രാളപ്പെടുന്നു. എന്താ പ്രശ്നം?" ബിനോയ്ടെ ചോദ്യം കേട്ടാണ് എനിക്ക് ബോധം വന്നത്. ബിനോയ് എന്റെ കൂടെ വർക്ക് ചെയ്യുന്നതാണ്. കട്ട കമ്പനി. അവന് അറിയാം നയനയുടെ കാര്യം ഒക്കെ.

"ഓ ഒന്നുല്ല മാൻ... നമുക്ക് ഒരു ചായ കുടിച്ചാലോ?"

"പിന്നെന്താ...വാ പോയേക്കാം ഞാൻ ഒരാളെ കമ്പനി കിട്ടാൻ നോക്കി ഇരിക്കുവാരുന്നു."

2 കപ്പിൽ ചായ എടുത്ത് ഞങ്ങൾ ബാൽക്കണി പോയി നിന്നു.

"ആഹ് ഇനി പറ എന്താ നിന്റെ പ്രശ്നം?"

"നിനക്ക് എങ്ങനെ അറിയാം പ്രശ്നം ഉണ്ടെന്നു?"

"അതിനു വല്യ വിവരം ഒന്നും വേണ്ട ഒരാളുടെ മുഖം കണ്ടാൽ അറിഞ്ഞുടെ. നീ കെടന്നു ഉരുളാതെ കാര്യം പറ."

"അത് വേറൊന്നും അല്ല, നയന വിളിച്ചിരുന്നു. എന്തോ അത്യാവശ്യം ആയി കാണണം എന്നു പറഞ്ഞു. അവളുടെ ശബ്ദം കേട്ടിട്ട് എനിക്കെന്തോ ഒരു പന്തികേട് തോന്നി അതാ."

"നീ അവളോട് പറഞ്ഞോ ഇഷ്ടാണെന്ന്?"

"എയ്... എനിക്ക് ഇതുവരെ അതിനുള്ള ധൈര്യം വന്നില്ല."

"ഒന്ന് പോയെടാ... നീ ഇങ്ങനെ ഇരുന്നോ അവസാനം പെണ്ണുകാണാൻ വരുന്ന ഏതേലും ഒരുത്തനെ അവൾ കെട്ടും നീ പിന്നേം ഇങ്ങനെ ഇരിക്കും.

ഡാ ഇഷ്ടാണെന്ന് പറയണത് അത്ര മോശം കാര്യം ഒന്നുമല്ല. അത് പറയണ രീതി മാന്യമാവണം അത്രേ ഉള്ളു. പിന്നെ അവരുടെ റിപ്ലൈ നെഗറ്റീവ് ആണെങ്കിൽ അതിനെ ഉൾക്കൊണ്ടു മാറി കൊടുക്കണം അത്രേ ഉള്ളു. നീ ഒന്ന് ആലോചിച്ചു നോക്ക്, നീ നിന്റെ ഇഷ്ടം അവളോട് പറഞ്ഞില്ല ഒരുപക്ഷെ കൊറേ വർഷങ്ങൾ കഴിഞ്ഞ് നീ ഇത് ആലോചിക്കുമ്പോൾ നിനക്ക് തോന്നും അന്ന് ചെയ്തത് വൻ മണ്ടത്തരം

ആയെന്നു. നീ കൊറച്ച്കൂടി ധൈര്യം കാണിച്ചിരുന്നേൽ അവൾ ചെലപ്പോ നിന്റെ ഭാര്യ ആയി വന്നേനെ എന്ന്. ആ കുറ്റബോധം അപ്പൊ തോന്നാതെ ഇരിക്കണം എങ്കിൽ ഇപ്പൊ നീ കുറച്ച് ധൈര്യം കാണിച്ചേ പറ്റു."

"നീ പറഞ്ഞത് വെച്ച് അവൾ നല്ലൊരു കുട്ടിയാണ്, നിന്റെ ഇഷ്ടം പറഞ്ഞെന്ന് വെച്ച് അവൾ നിന്നെ ഇട്ടിട്ട് പോകും എന്നൊന്നും എനിക്ക് തോന്നണില്ല. നീ നല്ലൊരു അവസരം നോക്കി കാര്യം പറ. യെസ് ആണേലും നോ ആണേലും ഇതിനൊരു തീരുമാനം വേണ്ടേ. ഒരു ചേട്ടനായി നിന്ന് അവളുടെ കല്യാണം നടത്തികൊടുക്കണോ അതോ ഒരു ജീവിതകാലം മൊത്തം അവളെ കൂടെ കൂട്ടണോ എന്ന് നീ ആലോചിക്ക്"

ബിനോയിയുടെ വാക്കുകൾ എനിക്ക് ഒരു പുത്തൻ ഉണർവ്വ് ആയിരുന്നു. പക്ഷേ എന്റെ ഇൻട്രോവെർട്ട് തെണ്ടി ഉണർവിനെ കെടുത്തുന്നതിനു മുന്നേ അവളോട് കാര്യം അവതരിപ്പിക്കണം എന്ന് ഞാൻ തീരുമാനിച്ചു.

************

"കാത്തിരുന്നു മടുത്തോ?"

പെട്ടെന്നുള്ള ചോദ്യം കേട്ട് നയന തിരിഞ്ഞു നോക്കി...അവളെ നോക്കി പുഞ്ചിരിച്ചു നിൽക്കുന്ന അരവിന്ദിനെ ആണ് കണ്ടത്.

നിമിഷ നേരം കൊണ്ട് അവളുടെ മുഖത്ത് ആശ്വാസം മിന്നി മറഞ്ഞു അത് നിരാശയായി മാറുന്നത് അരവിന്ദ് കണ്ടു.

"ലേറ്റ് ആവല്ലേ എന്നു ഞാൻ പറഞ്ഞതല്ലേ" അവൾ ദേഷ്യത്തോടെ ചോദിച്ചു.

"അയ്യോ സോറി സർ.. മെട്രോയുടെ പണി നടക്കുന്ന കൊണ്ട് ചെറിയ ബ്ലോക്ക് കിട്ടി അതാ ലേറ്റ് ആയെ.. അല്ല ആകെ 15 മിനിറ്റ് അല്ലേ ലേറ്റ് ആയുള്ളൂ"

"ഉവ്വ... എല്ലാത്തിനും കൊറേ ന്യായം പറച്ചിൽ ആണ്.." അവൾ അവന്റെ മുഖത്ത് നോക്കാതെ പിറുപിറുത്തു.

"നല്ല ദേഷ്യത്തിൽ ആണല്ലോ... വാ നമുക്ക് ഒരു റൗണ്ട് ആ മറൈൻ ഡ്രൈവിൽ കൂടി നടന്നിട്ട് വരാം." അവളെ ഒന്ന് തണുപ്പിക്കാൻ ആയി അരവിന്ദ് പറഞ്ഞു.

അവൻ ബൈക്ക് പാർക്ക് ചെയ്തിട്ട് അവളുടെ അടുത്തേക്ക് നടന്നു.

ദൂരേയ്ക്ക് നോക്കി എന്തോ ചിന്തിച്ചു നിൽക്കുന്ന നയനയെ ആണ് അരവിന്ദ് കണ്ടത്.

"ഇവൾക്ക് എന്തോ കാര്യമായിട്ട് പറ്റിട്ടുണ്ടല്ലോ.. ആകെ ഒരു മ്ലാനത.. പതുക്കെ ചോദിച്ചു നോക്കാം.." അരവിന്ദ് നയനയെ തന്നെ നോക്കികൊണ്ട് അവളുടെ അടുത്തെത്തി.

"എന്താടോ ആകെ ഡിസ്റ്റർബ്ഡ് ആണല്ലോ. എന്ത് പറ്റി?"

"വാ നമുക്ക് ഒന്ന് നടക്കാം..." അവന്റെ ചോദ്യം അവഗണിച്ചുകൊണ്ട് അവൾ മുന്നേ നടന്നു... അവൻ പിന്നാലെയും..

തിരക്ക് കുറഞ്ഞ ഒരിടം എത്തിയതും നയന ഒന്ന് നിന്നു.

"അരവിന്ദേട്ടാ... നാളെ എന്നെ പെണ്ണുകാണാൻ ഒരു കൂട്ടർ വരുന്നുണ്ട്." നെഞ്ചിൽ ഇടിത്തീ വീണത് പോലെ ആണ് അരവിന്ദ് അത് കേട്ടത്. എന്തൊക്കെയോ അവന് അവളോട് ചോദിക്കണം എന്നുണ്ട് പക്ഷെ ഒന്നും സംസാരിക്കാൻ പറ്റാത്ത ഒരു അവസ്ഥ.

"മം..അതിനാണോ ഇങ്ങനെ വിഷമിച്ചു ഇരിക്കുന്നത്? പെണ്ണുകാണൽ അല്ലേ അവർ വന്നു കണ്ടിട്ട് പോട്ടെടോ അതിനിപ്പോ എന്താ. ഇതിനു മുന്നേയും പെണ്ണുകാണാൻ വന്നിട്ടില്ലേ നിന്നെ." അവൻ സമനില വീണ്ടെടുത്തുകൊണ്ട് ചോദിച്ചു.

അത് കേട്ടതും അവളുടെ മുഖത്ത് ദേഷ്യം ഇരച്ചു കയറി.

"പണ്ടത്തെ പോലെ അല്ല ഇപ്പൊ... ഇനിയും ഓരോ ആൾക്കാരുടെ മുന്നിൽ ഒരുങ്ങി കെട്ടി നിൽക്കാൻ എനിക്ക് പറ്റില്ല." നയന അവന്റെ മുഖത്ത് നോക്കി തറപ്പിച്ചു പറഞ്ഞു.

"എയ് ഇയാൾ ടെൻഷൻ ആവണ്ടിരിക്ക്. നമുക്ക് എന്തെങ്കിലും ഒരു വഴി നോക്കാം."

"എന്ത് വഴി? ഞാൻ എന്റെ അച്ഛനെ എതിർത്തു ഒന്നും ചെയ്യില്ല. അച്ഛന് ഇതാണ് ഇഷ്ടമെങ്കിൽ എനിക്ക് നാളെ വരുന്ന ആൾക്ക് തല കുനിച്ചു കൊടുക്കേണ്ടി വരും. പക്ഷേ എന്തോ ഒന്ന് എന്നെ അതിൽ നിന്നെല്ലാം പിന്നോട്ട് വലിക്കുന്നുണ്ട്. എന്നാൽ അത് എന്താണെന്ന്...." നയന വാക്കുകൾ മുഴുവിക്കാൻ വയ്യാതെ വിതുമ്പിപ്പോയി.

"അരവിന്ദേട്ടന് എന്നോട് ഒന്നും പറയാനില്ലേ?" അവൾ അരവിന്ദിന്റെ കണ്ണിൽ നോക്കിയാണ് അത് ചോദിച്ചത്.

ആ നോട്ടം അവന് താങ്ങാവുന്നതിനും അപ്പുറം ആയിരുന്നു. എന്നെ കൂടെ കൂട്ടിക്കൂടെ എന്ന് അവളുടെ കണ്ണുകൾ അവനോടു പറയുംപോലെ അവന് തോന്നി.

അരവിന്ദിന്റെ മനസ്സിൽ ഒരു യുദ്ധം അരങ്ങേറുക ആയിരുന്നു ആ സമയം. ഒരു ഭാഗത്ത് നയനയോട് അവനുള്ള പ്രണയവും മറുഭാഗത്തു അവളെ വിട്ട് പിരിയേണ്ടി വരുമോ എന്ന ഭയവും.

യുദ്ധം മുറുകിയതും അവൻ മെല്ലെ അവളുടെ അടുത്ത് നിന്ന് നീങ്ങി ദൂരേക്ക് നോക്കി നിന്നു.

അവന്റെ മൗനം അവൾക്ക് താങ്ങാൻ കഴിയുന്നുണ്ടാരുന്നില്ല.

അല്പസമയം കഴിഞ്ഞതും എന്തോ ആലോചിച്ചു ഉറപ്പിച്ച പോലെ അരവിന്ദ് അവൾക്കരുകിലേക്ക് വന്നു അവളെ തന്നെ ഉറ്റു നോക്കി.

"നയന... തീരെ റൊമാന്റിക് അല്ലാത്ത ഒരു മനുഷ്യജീവി ആണ് ഞാൻ. അത്കൊണ്ട് സാഹിത്യം പറയാനൊന്നും എനിക്ക് അറിയില്ല എന്നാലും ഞാൻ ഒന്ന് ശ്രമിക്കാം."

അരവിന്ദിന്റെ പെട്ടെന്നുള്ള ആ വാക്കുകൾ കേട്ട് നയന ഒന്ന് അമ്പരന്നു. അവളുടെ കണ്ണുകൾ വിടർന്നു.

"എന്റേതെന്നു ഞാൻ വിശ്വസിക്കുന്ന രണ്ടേ രണ്ട് സ്ത്രീകളെ ഈ ലോകത്ത് ഉണ്ടായിരുന്നുള്ളു. എന്റെ അമ്മയും പിന്നെ ആമിയും." അരവിന്ദ് ഒന്ന് പറഞ്ഞു നിർത്തി അവളെ നോക്കി.

"അതിനിടയിലേക്ക് ആണ് നീ ഒരു ഫുട്ബോളുമായി പാഞ്ഞു കേറി വന്നത്. ദേഷ്യം ആയിരുന്നു എനിക്ക് നിന്നോട്. എന്നാൽ അന്ന് ആ ഹോസ്പിറ്റലിൽ നിന്ന് നിന്റെ വീട്ടിലേക്ക് ഉള്ള യാത്ര... അത് ഒരിക്കലും അവസാനിക്കരുതേ എന്ന് ഞാൻ ആത്മാർഥമായി ആഗ്രഹിച്ചിരുന്നു. പിന്നീട് ഓരോ തവണ നിന്നെ കാണുമ്പോഴും സംസാരിക്കുമ്പോഴും ഞാൻ നിന്നിലേക്ക് കൂടുതൽ അടുക്കുക ആയിരുന്നു. ഇപ്പൊ ഈ നിമിഷം എനിക്ക് ഉറപ്പിച്ചു പറയാൻ പറ്റും എനിക്ക് എന്റേത് എന്ന് പറയാൻ ഒരാൾ കൂടി ഉണ്ട് എന്ന്."

കേട്ടത് സത്യമാണോ സ്വപ്നമാണോ എന്ന അവസ്ഥയിൽ ആയിരുന്നു നയന. സന്തോഷം കൊണ്ട് അവളുടെ കണ്ണ് നിറഞ്ഞു ഒഴുകി.

അത് കണ്ടു അരവിന്ദ് അവന്റെ മുഖം അവളുടെ മുഖത്തിന് നേരെ കൊണ്ടുവന്നു അവളെ നോക്കി മെല്ലെ ചിരിച്ചുകൊണ്ട് പറഞ്ഞു.

"പോരുന്നോടി പുല്ലേ.. എന്റെ വീടിന്റെ ഗോൾകീപ്പർ ആവാൻ?"

അവൻ പറഞ്ഞു മുഴുവൻ ആക്കുന്നതിനു മുന്നേ അവൾ അവന്റെ ഷിർട്ടിൽ കൈ പിടിച്ചു വലിച്ചു അവന്റെ നെഞ്ചിലേക്ക് വീണ് കെട്ടിപിടിച്ചു കരഞ്ഞു. അവന്റെ കണ്ണും നിറയുന്നുണ്ടായിരുന്നു.

അരവിന്ദ് അവളുടെ നെറുകയിൽ ചുണ്ട് ചേർത്ത് ചുംബിച്ചു. അങ്ങനെ തന്നെ കുറച്ച് നേരം നിന്നു.

പരിസരം മോശമായതിനാൽ അവൾ വേഗം തന്നെ അവനിൽ നിന്ന് വിട്ടു മാറി കണ്ണ് തുടച്ചു.

അവരുടെ കണ്ണുകൾ പക്ഷെ ഒരായിരം പരിഭവങ്ങൾ തമ്മിൽ പറഞ്ഞുകൊണ്ടേ ഇരുന്നു.

********************

അൽപ സമയം എടുത്തു രണ്ടുപേർക്കും ആ പ്രൊപ്പോസലിന്റെ ഹാങ്ങോവർ മാറാൻ.

അസ്തമയ സൂര്യനെയും കണ്ട് അരവിന്ദിന്റെ തോളിൽ ചാരി ഇരുന്നു ഐസ് ക്രീം നുണഞ്ഞുകൊണ്ട് അവർ തമ്മിൽ കണ്ടുമുട്ടിയത് മുതൽ ഇങ്ങോട്ട് ഉണ്ടായ എല്ലാ സംഭവവികാസങ്ങളും തമ്മിൽ പങ്കുവെച്ചു ചിരിച്ചു.

"അല്ല മോളെ അപ്പൊ എങ്ങനാ? നാളെ അച്ഛൻ കൊണ്ടുവരുന്നവനെ കെട്ടി നീ അങ്ങ് സെറ്റിൽ ആവാൻ തന്നെയാണോ പ്ലാൻ?"

നയന കൈ ചുരുട്ടി അരവിന്ദിന്റെ വയറിൽ ആഞ്ഞു കുത്തി.

"ആഹ്ഹ....ഭാവി ഭർത്താവിനെ ഇങ്ങനെ ഇടിക്കല്ലേ പെണ്ണെ ശാപം കിട്ടും."

"അയ്യോ... ഒരു ഭാവി ഭർത്താവ്.. എനിക്ക് ഒറപ്പ് ആണ് ഞാൻ ഇന്ന് ഇത് പറഞ്ഞില്ലാരുന്നേൽ നിങ്ങൾ ഇത് ഒരിക്കലും എന്നോട് പറയാൻ പോണില്ല. അവസാനം ഞാൻ നാളെ വരണ കൊന്തനേം കെട്ടി ജീവിക്കേണ്ടി വന്നേനെ."

അവൾ ദേഷ്യം അഭിനയിച്ചു കൊണ്ട് പറഞ്ഞു.

"ഞാൻ ഇത് പറയണം എന്ന് കരുതി തന്നെ ആണ് ഇരുന്നത്. ഇനി ഒരുപക്ഷെ നിനക്ക് അങ്ങനെ ഒന്നും മനസ്സിൽ ഇല്ലായിരുന്നു എങ്കിൽ പിന്നെ നീ എന്നിൽ നിന്ന് അകന്നാലോ എന്നോർത്ത് പറയാഞ്ഞതാ."

"ഇനി കൂടുതൽ പറഞ്ഞു ബോർ ആക്കണ്ട മരിയാദയ്ക്ക് നാളെ വന്ന് എന്നെ പെണ്ണ് ചോദിച്ചോണം." അവൾ ചിരിച്ചു.

"അത് പിന്നെ പറയാനുണ്ടോ... പക്ഷേ ഇത് കുറച്ച് ഫാസ്റ്റ് ആൻഡ് ഫ്യൂരിയസ് ആയിപോയി. ഇന്ന് പ്രൊപോസിംഗ് നാളെ പെണ്ണ് ചോദിക്കൽ"

അവളുടെ നുണക്കുഴിയിൽ വിരൽ കൊണ്ട് കുത്തി അവൻ പറഞ്ഞു.

"എടോ എടോ അരവിന്ദൻ തെണ്ടി എന്നെക്കൊണ്ട് ഒന്നും പറയിക്കരുത്. താൻ ഇന്ന് പറയും നാളെ പറയും എന്ന് കരുതി ഞാൻ ഇരിക്കാൻ തുടങ്ങിട്ട് എത്ര നാൾ ആയെന്ന് അറിയുവോ തനിക്ക്."

"ഓഹോ... എന്ന പിന്നെ നിനക്ക് എന്നെ അങ്ങ് വളച്ചെടുത്തുടാരുന്നോ. അല്ല ഞാൻ തന്നെ പറയണം എന്ന് എന്താ നിർബന്ധം, നിനക്ക് അങ്ങ് പറഞ്ഞൂടാരുന്നോ എന്നോട്. ഇതിപ്പോ പ്രേമിച്ചു നടക്കേണ്ട എത്ര സമയം ആണ് ഈ മറൈൻ ഡ്രൈവിൽ വെറുതെ വെയില് കളഞ്ഞത് ശ്ശെ..."

"എനിക്ക് നാണം ആരുന്നു... പിന്നെ ഇയാൾ തേക്ക് മരത്തിനു കാറ്റ്പിടിച്ച പോലെ ഒരു കുലുക്കോം ഇല്ലാണ്ട് നിന്നപ്പഴാ എനിക്ക് മനസ്സിലായത് ഞാനായിട്ട് മുൻകൈ എടുത്തില്ലേൽ ഇയാൾ എന്റെ കല്യാണത്തിന് വന്ന് സദ്യ ഉണ്ട് പോവത്തെ ഉള്ളു എന്ന്. അതോണ്ടാ ഞാൻ ഇന്ന് തന്നെ കാണണം എന്ന് പറഞ്ഞത്." നയന പറഞ്ഞത് കേട്ട് അരവിന്ദ് അവളുടെ കൈ മുറുകെ കോർത്ത് പിടിച്ചു.

"സോറി... പറയണം എന്ന് പലവട്ടം കരുതിയതാ.. പക്ഷേ ഒരു നോ പറഞ്ഞ് നീ പോയാൽ അത് താങ്ങാൻ തക്ക മനക്കട്ടി ഒന്നും എനിക്ക് ഇല്ല. കുറച്ചുനാൾ കഴിഞ്ഞ് ഓക്കേ ആയാലും നിന്റെ ഫ്രണ്ട്ഷിപ്പ്

നഷ്ടപ്പെടുന്നത് എനിക്ക് അപ്പോഴും ഓർക്കാൻ പറ്റില്ലായിരുന്നു. അതുകൊണ്ടാണ്. ഒത്തിരി കോംപ്ലക്സ് ഒക്കെ ഉള്ളൊരു സാധാരണ നാട്ടിൻപുറത്തുകാരൻ ആണ് ഞാൻ. ഒരുപക്ഷേ ഞാൻ വളർന്നു വന്ന സാഹചര്യങ്ങൾ ആവാം. നീ ഇനി വന്നിട്ട് വേണം എല്ലാം ഒന്നെന്നു തുടങ്ങാൻ." അരവിന്ദ് പറഞ്ഞത് കേട്ട് നയന അവന്റെ തോളിലേക്ക് ഒന്നുടെ ചാരി ഇരുന്നു.

"അല്ല അമ്മ സമ്മതിക്കുവോ?"

"സമ്മതിക്കാതെ ഇരിക്കാൻ വഴി ഇല്ല, അമ്മക്ക് നിന്നെ വല്യ കാര്യം ആണ് പിന്നെ ഞാൻ എങ്ങനേലും ഒരുത്തിയെ കെട്ടണം എന്നാണ് അമ്മയുടെ ആഗ്രഹം. എന്തായാലും ഇന്ന് തന്നെ പോയി സംസാരിക്കണം."

"മം.. എന്നെ അല്ലാതെ ഇനി വേറെ ആരെയെങ്കിലും കെട്ടാൻ നോക്കിയ കണ്ണ് ഞാൻ കുത്തിപ്പൊട്ടിക്കും പറഞ്ഞേക്കാം."

"ദൈവമേ ഇങ്ങനൊരു ഗുണ്ടിയെ ആണല്ലോ നീ എനിക്ക് പ്രേമിക്കാൻ തന്നത്." അവൻ മേലോട്ട് നോക്കി കൈ രണ്ടും കൂപ്പിക്കൊണ്ട് പറഞ്ഞു.

"ആഹ് അത് ഓർമ്മവേണം എപ്പഴും." അവൾ മീശ പിരിക്കുംപോലെ ആക്ഷൻ കാണിച്ചുകൊണ്ട് പറഞ്ഞു.

"സമയം കൊറേ ആയി പോകണ്ടേ? ഇനി ചെന്നിട്ടു വേണം ഫുൾ പ്ലാൻ ചെയ്യാൻ. അമ്മയെ കൊണ്ട് സമ്മതിപ്പിക്കാനും നിന്റെ അച്ഛനോട് പറയാനുള്ളത് പ്ലാൻ ചെയ്യാനും ഒക്കെ ഇന്നൊരു രാത്രിയെ ടൈം ഉള്ളു."

"മം.. ശെരിയാ. എന്നാ എന്നെ ആ ബസ് സ്റ്റോപ്പിൽ ഇറക്കുവോ?" അവൾ കൊഞ്ചിക്കൊണ്ട് ചോദിച്ചു.

"ബസ് സ്റ്റോപ്പിൽ ഒക്കെ ഇറക്കാം. പക്ഷേ ഏത് ബസ് സ്റ്റോപ്പ് എന്ന് ഞാൻ തീരുമാനിക്കും. വാ വന്ന് വണ്ടിയിൽ കേറാൻ നോക്ക്. ആഹ് പിന്നെ വലത് കാൽ വെച്ച് തന്നെ കേറിക്കോ"

"അയ്യട.. ആദ്യം പോയി എല്ലാം പറഞ്ഞു റെഡി ആക്കാൻ നോക്ക്. എന്നിട്ട് മതി വലത് കാൽ ഒക്കെ"

നയന കേറിയതും അരവിന്ദ് വണ്ടി മുന്നോട്ട് എടുത്തു. വഴി നീളെ അവർ ഓരോ കാര്യങ്ങൾ പ്ലാൻ ചെയ്തോണ്ട് ഇരുന്നു. അവളുടെ വീടിന്റെ ഒരു സ്റ്റോപ്പ് മുന്നിൽ അവൻ അവളെ ഇറക്കി.

"അപ്പൊ പറഞ്ഞത് ഒക്കെ ഓർമ ഉണ്ടല്ലോ അല്ലേ. നാളെ ഉച്ച കഴിഞ്ഞാണ് അവർ വരുന്നത് അതിനു മുന്നേ തന്നെ വന്ന് എല്ലാം പറഞ്ഞു ശെരിയാക്കാൻ നോക്കിക്കോ ഇല്ലേ ഞാൻ പെട്ടീം കെടക്കേം ഒക്കെ എടുത്തു അങ്ങ് വരും."

"പൊന്നുമോളെ എന്നെ കൊലയ്ക്കു കൊടുക്കരുത്. നാളെ രാവിലെ തന്നെ എത്താൻ നോക്കാം പോരെ?"

"നോക്കിയാൽ പോരാ... വരണം."

"ഹ വരാടി പുല്ലേ. ഇങ്ങനെ ഉണ്ടോ കച്ചറ...

ആഹ് പിന്നെ എന്തായാലും ഇത്രേം ആയില്ലേ. നീ വേഗം ചേട്ടന് ഒരുമ്മ തന്നേ." അരവിന്ദ് അവൾക്ക് നേരെ കവിൾ നീട്ടികൊണ്ട് പറഞ്ഞു.

"പൊക്കോണം അവിടുന്ന്... ഉമ്മേം ഇല്ല ബാപ്പേം ഇല്ല ആദ്യം മോൻ പോയി ഇത് നടത്താൻ ഉള്ള വഴി നോക്ക്. അങ്ങനാണേൽ ഈ നയനേച്ചി ഒരു കൈ നോക്കാം."

"മം.... ശെരി... അപ്പൊ ഉമ്മയില്ല... ആയിക്കോട്ടെ. എന്നാ പിന്നെ ഇത് നടത്തിട്ടു തന്നെ ബാക്കി കാര്യം."

രണ്ടുപേരും മനസ്സ് നിറഞ്ഞു ചിരിച്ചു.

അവളെ ബസ്സിൽ കേറ്റി വിട്ടശേഷം ആണ് അരവിന്ദ് പോയത്.

അവന് മുന്നിൽ ഉള്ള അടുത്ത കടമ്പ ഒറ്റ രാത്രി കൊണ്ട് അമ്മയെ പറഞ്ഞു കൺവീനസ് ചെയ്യിക്കുക എന്നത് ആയിരുന്നു.

***************************

അരവിന്ദിന്റെ മനസ്സ് ശാന്തമായിരുന്നു. ഒരുപാട് നാളായി മനസ്സിൽ കൊണ്ട് നടന്ന ഭാരം ഒന്നിറക്കി വെച്ച പോലെ തോന്നി. അവൾ പറഞ്ഞത് ശെരിയാണ് ഒരുപക്ഷെ അവൾ മുൻകൈ എടുത്ത് ഇത് പറഞ്ഞില്ലായിരുന്നു എങ്കിൽ എല്ലാം കൈവിട്ടു പോയേനെ. അവന് അവനോടു തന്നെ പുച്ഛം തോന്നി.

വീട് എത്താറായതും എന്തെന്നില്ലാത്ത ഒരു ഭയം അവന് തോന്നി.

"ഒരു പക്ഷെ അമ്മ സമ്മതിച്ചില്ലെങ്കിലോ... എയ് അങ്ങനെ ഒരിക്കലും ഉണ്ടാവില്ല." അവൻ സ്വയം ആശ്വസിച്ചു.

ഗേറ്റ് കടക്കുമ്പോഴേ അവൻ കണ്ടു സിറ്റ് ഔട്ടിൽ തൂണിൽ ചാരി ഇരിക്കുന്ന അമ്മയും അമ്മയുടെ മടിയിൽ കിടന്നു എന്തോ വായിക്കുന്ന ആമിയും. "ദൈവമേ ആമി ഉള്ളപ്പോ പറഞ്ഞാൽ ഇനി അവൾ ബഹളം ഉണ്ടാക്കുവോ..ഈശ്വരാ കാത്തോണേ."

അവൻ ബൈക്ക് പാർക്ക് ചെയ്തു ഒന്നും മിണ്ടാതെ അകത്തേക്ക് കേറാൻ ഒരുങ്ങി, അപ്പോഴേക്കും ആമി ചാടി വീണു.

"ഏട്ടാ നമക്ക് ടൗണിൽ പോവാം എനിക്ക് ഇപ്പൊ ബിരിയാണി തിന്നാൻ തോന്നുന്നു."

"പിന്നെ പാതിരാത്രി അല്ലേ ബിരിയാണി. നിനക്ക് എന്നാ ഫോൺ വിളിച്ചു പറഞ്ഞൂടെ അങ്ങനാണേൽ ഞാൻ വരുമ്പോൾ വാങ്ങി വരില്ലേ."

"പ്ലീസ് പ്ലീസ് പ്ലീസ്.. ഏട്ടാ ഞാൻ അത് മറന്നു പോയി."

"നാളെ പോവാം ഇന്ന് വയ്യ ക്ഷീണം."

"ഓ ഒരു ക്ഷീണക്കാരൻ. എന്നാ നാളെ പോവാം മോളെ ഇന്ന് വല്യമ്മ ഇവിടെ നല്ല മീൻ കറി ചോർ ഒക്കെ വെച്ചിട്ടുണ്ട്. അത് അപ്പൊ വേസ്റ്റ് ആവില്ലേ. നാളെ വല്യമ്മ ഒന്നും ഉണ്ടാക്കുന്നില്ല. നാളെ നമക്ക് ബിരിയാണി കഴിക്കാൻ പോവാം പോരെ?"

ആമിയുടെ മുഖം അത് കേട്ടതും വിടർന്നു.

"ബിരിയാണിന്ന് കേട്ടപ്പഴേ അവൾടെ കിളി പോയി. നിക്കണ കണ്ടില്ലേ കഴുത"

"ഓ.. " അവൾ ചുണ്ട് കോട്ടി അകത്തേക്ക് പോയി. പിന്നാലെ അമ്മയും ഞാനും.

*************

കുളിക്കുമ്പോഴും ഇത് എങ്ങനെ അവതരിപ്പിക്കും എന്നായിരുന്നു എന്റെ ചിന്ത. അവസാനം വരണത് വരട്ടെ എന്ന് തീരുമാനിച്ചു കുളി കഴിഞ്ഞു ഇറങ്ങി.

"ഡോ തന്നോട് ഫോണിൽ കുത്തി കളിക്കാതെ വന്ന് ചോറ് കഴിക്കാൻ പറഞ്ഞു വല്യമ്മ." ഞാൻ ഫോൺ എടുക്കാൻ തുടങ്ങിയതും ആമി എവിടെ നിന്നോ പ്രത്യക്ഷപ്പെട്ടു. ഇവൾ ഇനി വല്ല ചാത്തനോ മറുതായോ വല്ലോം ആണോ ഈ വീട്ടിൽ ഒരു കാര്യം ഇവളെ ഒളിച്ചു ചെയ്യാൻ പറ്റില്ല.

"ഹ വരുന്നു..നീ കെടന്നു ബഹളം വെക്കണ്ട. അങ്ങോട്ട് ചെല്ല് ഞാനിപ്പം വരാം."

"തന്നേം കൂട്ടി വരാനാ വല്യമ്മ പറഞ്ഞത്."

"ഓ ഒരു വല്യമ്മയും മോളും വന്നേക്കുന്നു."

പെട്ടെന്നാണ് എനിക്ക് ആ ഐഡിയ തോന്നിയത്. കാര്യം ഇവൾ മഹാ പാര ആണെങ്കിലും ഇടക്കൊക്കെ എന്നെ തല്ലുകൊള്ളിക്കാതെ ഇവൾ രക്ഷപെടുത്താറുണ്ട്. എന്റെ സിഗരറ്റ് വലിയുടെ കാര്യം ഇവൾ ഒന്ന് പൊക്കിയത് ആണ്. അന്ന് എന്നെ വാണിംഗ് തന്ന് വിട്ടയച്ചു അമ്മയോട് ഇതുവരെ പറഞ്ഞുകൊടുത്തില്ല. പക്ഷേ ഇനി കണ്ടാൽ ഉറപ്പായും പറയും എന്ന ശക്തമായ താക്കീത് അന്നേ എനിക്ക് കിട്ടിയത് ആണ്. അങ്ങനാണേൽ ഇവളെ ചാക്കിട്ട് പിടിച്ചാൽ അമ്മയെ പെട്ടെന്ന് വളക്കാം.

ഞാൻ ഓരോന്ന് മനസ്സിൽ കണക്ക് കൂട്ടി നോക്കി.

അമ്മ എന്തായാലും സമ്മതിക്കും എന്നെനിക്ക് ഉറപ്പാണ് പക്ഷേ എന്തെന്നില്ലാത്ത ഒരു ഭയം എനിക്ക് ഉണ്ടായിരുന്നു.

"ഇയാൾ ഇതെന്താ നിന്ന് സ്വപ്നം കാണണേ വരുന്നുണ്ടോ അതോ വല്യമ്മ വന്നാലേ വരൂ എന്നുണ്ടോ?" അവൾ പുരികം ഇളക്കി കൊണ്ട് ചോദിച്ചു.

"നീ ഇങ് വന്നേ, ഒരു കാര്യം പറയാനുണ്ട്." ഞാൻ അവിടെ കിടന്ന കസേര എടുത്ത് അതിൽ കയറി ഇരുന്നു.

"മം..? എന്താ..? എന്നെ പറ്റിക്കാൻ അല്ലേ..?"

അവൾ എന്തോ പന്തികേട് ഉള്ളപോലെ അവിടെ തന്നെ നിന്ന് പരുങ്ങി.

"പറ്റിക്കാൻ ഒന്നുമല്ല സീരിയസ് ആണ്."

ഞാൻ അല്പം ഗൗരവത്തിൽ പറഞ്ഞു. പിന്നെ അവൾ അധികം ഒന്നും സംസാരിക്കാതെ തന്നെ എന്റെ കട്ടിലിൽ കേറി ഇരുന്നു.

"എന്താ പറ.." എന്റെ മുഖഭാവം കണ്ടിട്ടാവണം അവളും സീരിയസ് ആയി.

ഞാൻ ഒരു നിമിഷം അവളുടെ മുഖത്ത് തന്നെ നോക്കി.

"അതെ നീ കാര്യം കേട്ട ഒടനെ കിടന്നു ബഹളം ഉണ്ടാക്കരുത്. പിന്നെ ഒച്ച ഉണ്ടാക്കി പോയി അമ്മയോട് പറയേം ചെയ്യരുത് സമ്മതിച്ചോ.? "

"ഓ.. ഒന്ന് പറയുന്നുണ്ടോ. ഞാൻ ആരോടും പറയില്ല പോരെ. പറ." അവളുടെ കണ്ണ് രണ്ടും ക്യൂരിയോസിറ്റി കൊണ്ട് തള്ളി പുറത്തേക്കു വന്നു.

"അതെ നയനയെ പറ്റി എന്താ നിന്റെ അഭിപ്രായം.?" ഞാൻ ഒരു തുടക്കം എന്നോണം പതിയെ ചോദിച്ചു.

"നയനയോ..? ഏത് നയന..? ഓ...നമ്മടെ നയനെച്ചിയോ?"

"എന്റെ പൊന്നെ ഒന്ന് പതുക്കെ പറ.." ഞാൻ കൈ കൂപ്പി.

"അയ്യോ സോറി സോറി.. നമ്മടെ നയനെച്ചി ആണോ?"

"ആ അത് തന്നെ. എന്താ അഭിപ്രായം നിന്റെ?"

"ചേച്ചി സൂപ്പർ അല്ലേ.. എന്നെ വല്യ കാര്യം ആണ്. അന്ന് പനി പിടിച്ചു കെടന്നപ്പോ ചേച്ചി വന്നില്ലേ ഹോസ്പിറ്റലിൽ. അന്ന് ചേച്ചി ആണ് എന്നെ ഫുൾ നോക്കിയത് ഒക്കെ. ഭയങ്കര കമ്പനി ആണ് സമയം പോണതെ അറിയില്ല." അവൾ വാ തോരാതെ നയനയെ പുകഴ്ത്തി കൊണ്ടേ ഇരുന്നു. അത് കേക്കും തോറും എനിക്ക് ഒരു കാര്യം ഉറപ്പായി ആരൊക്കെ കൂടെ നിന്നില്ലേലും ആമി എന്റെ കൂടെ തന്നെ നിക്കും.

"അല്ല... ഇതെന്താ ഇപ്പൊ ചോദിക്കാൻ?" അവൾ പെട്ടന്ന് പറഞ്ഞു നിർത്തിട്ട് എന്നെ സംശയ ദൃഷ്ടിയോടെ കണ്ണ് കൂർപ്പിച്ചു ഒന്ന് നോക്കി.

"ഈൗ..." ഞാൻ ഒന്ന് നല്ലോണം ഇളിച്ചുകൊടുത്തു...

"ഏഹ്ഹ്.... എന്താണ് ലൈൻ ആണാ..? സത്യം പറഞ്ഞോ ഇല്ലേ ഞാൻ ഇപ്പൊ വിളിച്ചു കൂവും." ആമി ചാടി എഴുനേറ്റ് കട്ടിലിൽ കേറി നിന്ന് എന്നെ തന്നെ നോക്കി.

അവളുടെ മുഖം കണ്ടാൽ അറിയാം ഉള്ളിൽ നല്ല സന്തോഷം ഉണ്ടെന്ന്.

"എന്റെ പൊന്നുമോൾ അല്ലേ, നാളെ വരുമ്പോൾ ഞാൻ എന്തായാലും ബിരിയാണി വാങ്ങി തരാം. നീ എന്നെ ഒന്ന് സഹായിക്കണം അമ്മയോട് പറയാൻ."

"നടക്കുല്ല മോനേ... ഇത് ഒരു ബിരിയാണിയിൽ ഒതുങ്ങുന്ന കേസ് അല്ല. എനിക്ക് വേറേം കൊറേ കാര്യങ്ങൾ വേണം. പറ്റുവോ?"

"നിനക്ക് എന്ത് വേണേലും തരാം എന്റെ കൂടെ ഒന്ന് നിന്ന് തന്നാ മതി. അമ്മക്ക് എതിർപ്പ് ഉണ്ടാവാൻ ചാൻസ് ഇല്ല എന്നാലും ഇൻ കേസ് എന്തെങ്കിലും പ്രശ്നം ഉണ്ടായാൽ നീ എന്റെ കൂടെ നിക്കണം കേട്ടാ. ചതിക്കല്ലേ. പ്ലീസ്..." ഞാൻ തൊഴുതു പറഞ്ഞു.

"മം... അതൊക്കെ ഞാൻ ഏറ്റു. അത് ഇയാളോട് ഉള്ള സ്നേഹം കൊണ്ടൊന്നും അല്ല, എനിക്ക് ആ ചേച്ചിയെ നല്ല ഇഷ്ടായി. ചേച്ചി ഇവിടെ വന്നാ പിന്നെ എനിക്ക് ഒരു കൂട്ട് ആയില്ലേ. അതോണ്ട് മാത്രം ആണ് കേട്ടാ മണ്ടുസേ."

മനസ്സിൽ വന്ന തർക്കുത്തരങ്ങൾ ഒക്കെ ഞാൻ അപ്പാടെ വിഴുങ്ങിയിട്ട് ആമിയെ നോക്കി ചിരിച്ചു. കാരണം എന്തെങ്കിലും സംഭവിച്ചാൽ ഇവൾ ആണ് എന്റെ തുറുപ്പ് ചീട്ട്. ഈ വീട്ടിൽ എന്നേക്കാൾ ഹോൾഡ് ഉള്ള കക്ഷി ഇവൾ മാത്രം ആണ്.

"അല്ല ഈ കാര്യം ആ ചേച്ചിക്ക് അറിയുവോ?" ആമിക്ക് വീണ്ടും സംശയം.

"അറിയാണ്ട് പിന്നെ... അവൾ ആണ് എന്നെ പ്രൊപ്പോസ് ചെയ്തത്. നീ എന്നെ കുറിച്ച് എന്താ കരുതിയത്."

"ഉണ്ട... ഇങ്ങനെ പുളു അടിക്കല്ലേ. നയനേച്ചി എന്തായാലും അത്ര മണ്ടി ഒന്നും അല്ല."

"ഉവ്വ.. എന്താടി എനിക്കൊരു കുറവ്. എന്റെ ലുക് കണ്ടു അവൾ വീണു അത്ര തന്നെ."

"പിന്നേ... ലുക്കെ.. മരിയാദക്ക് പറഞ്ഞോ കാര്യങ്ങൾ എന്നിട്ട് വേണം എനിക്ക് ചില കാര്യങ്ങൾ തീരുമാനിക്കാൻ."

"എന്റെ പൊന്നോ പറയാം ആദ്യം നീ ആ കട്ടിലെന്നു ഇങ് ഇറങ്ങു."

ആമി കട്ടിലിൽ നിന്ന് ഇറങ്ങി മേശമേൽ കേറി കഥ കേൾക്കാൻ റെഡി ആയി ഇരുന്നു.

പിന്നെ ഞാൻ ഒട്ടും താമസിപ്പിച്ചില്ല. അന്ന് ഹോസ്പിറ്റലിൽ വെച്ച് കണ്ടത് മുതൽ ഇങ്ങോട്ട് വള്ളി പുള്ളി വിടാതെ പറഞ്ഞു കൊടുത്തു. ഇതെല്ലാം കേട്ട് അവൾ വാ പൊളിച്ചു ഇരുന്നു.

"ദുഷ്ടാ.. ഇത്ര ഒക്കെ ഉണ്ടായിട്ടും എന്നോട് ഒരു വാക്ക് പറഞ്ഞോ എന്നിട്ട് ഇപ്പൊ വല്യമ്മയെ സോപ്പ് ഇടാൻ ഞാൻ വേണം അല്ലേ." അവൾ മേശയിൽ നിന്ന് ചാടി ഇറങ്ങി എന്നെ തലങ്ങും വിലങ്ങും തല്ലാൻ തുടങ്ങി.

"എടി എടി ഞാൻ പറയട്ടെ. ഞാൻ അറിഞ്ഞോ നിനക്ക് അവളെ ഇഷ്ടം ആണെന്ന്. അത് അറിഞ്ഞിരുന്നെങ്കിൽ ഞാൻ ഇത് പണ്ടേ പറഞ്ഞേനെ നിന്നോട് സത്യം..."

"വേണ്ട വേണ്ട ഇനി താൻ ഒന്നും പറയണ്ട..." അവൾ എന്റെ മുടി പിടിച്ചു വലിച്ചു കുടഞ്ഞു.

"ആഹ്ഹ് എടി ദ്രോഹീ..."

"എന്തോന്നാ പിള്ളേരെ ഇത്. കണ്ണ് തെറ്റിയ രണ്ടും കൂടി അടിയാണല്ലോ. ചോറ് വിളമ്പി വെച്ച് എത്രനേരം കാത്ത് ഇരിക്കണം രണ്ടിനേം. പൊയ്ക്കെ അങ്ങോട്ട് പോയി എടുത്തു കഴിക്കാൻ നോക്ക് എന്നിട്ടാവാം ബാക്കി അടി."

അമ്മയുടെ രംഗപ്രവേശം കണ്ട് ഞങ്ങൾ രണ്ടും ഞെട്ടി. ദൈവമേ എല്ലാം കേട്ടു കാണുവോ.. എയ്..

പിന്നെ ഞങ്ങൾ അധികം അവിടെ നിന്നില്ല നേരെ പോയി ഡൈനിങ് ടേബിൾ കയ്യടക്കി. അമ്മയും വന്നു ഞങ്ങളുടെ കൂടെ ഇരുന്നു. എല്ലാരും കഴിക്കാൻ തുടങ്ങി.

അമ്മയോട് പറയാൻ ഞാൻ ആമിയോട് കണ്ണുകൊണ്ടു ആംഗ്യം കാണിച്ചു. ഒരു തുടക്കം കിട്ടാതെ കേറി പറഞ്ഞു കുളമാക്കണ്ട എന്ന് കരുതി.

"വല്യമ്മേ... ഈ ആഴ്ച ഏട്ടന് പെണ്ണുകാണൽ ഒന്നൂല്ലേ?"

"ഈ ആഴ്ചത്തെ കാര്യം ഒന്നും ബ്രോക്കർ പറഞ്ഞില്ല മോളെ. അതെങ്ങനാ ഇവനും കൂടി ഒരു ബോധം വേണ്ടേ. ഇത് ഞാൻ ഇങ്ങനെ വഴിപാട് നേരുന്ന പോലെ പറഞ്ഞോണ്ട് ഇരിക്കുന്നു എന്നല്ലാതെ ഇവന് ഒരു കുലക്കോം ഇല്ല."

"ആര് പറഞ്ഞു. അമ്മ പറഞ്ഞ എല്ലാ പെണ്ണിനേം ഞാൻ പോയി കണ്ടില്ലേ? ശെരിയാവാത്തത് എന്റെ കുഴപ്പം ആണോ?"

"ആ...എനിക്കറിഞ്ഞൂട.. എനിക്ക് വയ്യ ഇനി നിന്നേം എഴുന്നള്ളിച്ചു നടക്കാൻ."

"വല്യമ്മേ നമ്മക്കെ മറ്റേ നയന ചേച്ചിയെ ഏട്ടന് വേണ്ടി നോക്കിയാലോ ഒന്ന്?"

ആമിയുടെ ഇടിവെട്ട് ചോദ്യത്തിൽ ഞാൻ ഒന്ന് നടുങ്ങി. യവള് ഞാൻ വിചാരിച്ച പോലെ അല്ല അതുക്കും മേലെ ആണ്. ഇത്ര സ്പീഡിൽ ഇങ്ങനെ ചോദിക്കും എന്ന് ഞാൻ സ്വപ്നത്തിൽ പോലും ഓർത്തില്ല.

"എയ്... അതൊന്നും വേണ്ട. ആ പെണ്ണ് ഒരു മരംകേറിയാണ്." ഞാൻ ഇടയിൽ കേറി പറഞ്ഞു. അങ്ങനെ നമ്മൾ പെട്ടന്ന് സമ്മതിച്ചു കൊടുക്കരുതല്ലോ. ഒരു വെയിറ്റ് ഒക്കെ ഇടണ്ടേ.

ആമി എന്നെ കടുപ്പിച്ചൊന്ന് നോക്കി. ഞാൻ അവളെ നോക്കി കണ്ണടച്ചു കാണിച്ചു. അവൾക്ക് കാര്യം മനസ്സിലായി.

"ഓ പിന്നേ ഏട്ടന്റെ സ്വഭാവത്തിന് പറ്റിയ പെണ്ണാണ് എന്തായാലും. ഇയാളും വല്യ മോശം ഒന്നും അല്ലല്ലോ.

വല്യമ്മ പറ. ആ ചേച്ചിയെ ആലോചിച്ചുടെ ഏട്ടന് വേണ്ടി?"

"മം.. എനിക്കും ഇഷ്ടാണ് ആ കുട്ടിയെ. ഇവൻ പറയണ പോലെ ഒന്നുല്ല. നല്ല പെരുമാറ്റം ആണ്, നല്ല കാര്യപ്രാപ്തിയും ഉണ്ട്." അമ്മയുടെ മുഖം ഒന്ന് തെളിഞ്ഞു. എന്നെ നോക്കി.

"ആ കുട്ടിക്ക് എന്താടാ ഒരു കുഴപ്പം? നോക്കിയാലോ നമുക്ക്? നിനക്ക് ഇഷ്ടമില്ലേൽ വേണ്ട എനിക്ക് എന്തായാലും ഇഷ്ടാണ്. എന്നാലും ഞാൻ ആ കുട്ടീടെ കാര്യം അങ്ങ് മറന്നുപോയി അല്ലാരുന്നേ അന്ന് കണ്ടപ്പോ തന്നെ ചോദിക്കരുന്നു."

"ആഹ്..അമ്മ എന്താന്ന് വെച്ചാ ചെയ്യ്. ഇനി ഞാൻ ആയിട്ട് പ്രശ്നം ഒന്നും ഉണ്ടാക്കണില്ല." ഞാൻ അലസമായി അമ്മയുടെ മുഖത്ത് നോക്കാതെ പറഞ്ഞു.

ആമി എന്റെ അഭിനയം കണ്ട് വാ പൊളിച്ചു.

"നീ അങ്ങനെ ബുദ്ധിമുട്ടി ഒന്നും സമ്മതിക്കണ്ട, താല്പര്യം ഒണ്ടേൽ മതി." അമ്മയുടെ ആ ഡയലോഗ് കേട്ട് എനിക്ക് ഒരു അങ്കലാപ്പ് ഉണ്ടായി. ഞാൻ ഇനിയും വെയിറ്റ് ഇടാൻ നിന്നാൽ ചെലപ്പോ കാര്യങ്ങൾ കൈ വിട്ട് പോകും എന്ന് തോന്നി.

"അങ്ങനെ അല്ല അമ്മേ. എനിക്ക് കുഴപ്പൊന്നും ഇല്ല. നിങ്ങൾക്ക് ഒക്കെ ഇഷ്ടം ആണേൽ പിന്നേ എനിക്കെന്തു ഇഷ്ടക്കേട് ഉണ്ടാവാൻ ആണ്." ഞാൻ ഒരു വിധം പറഞ്ഞു ഒപ്പിച്ചു.

"അപ്പൊ അത് ഫിക്സ്...ഇനി ഒന്നും നോക്കണ്ട വല്യമ്മേ നമക്ക് നാളെ തന്നെ പോയി പെണ്ണ് കാണാം."

"നാളെയോ? നാളെ ഇവന് ഓഫീസിൽ പോവണ്ടേ?"

"ആഹ് ഞാൻ പറയാൻ മറന്നു, നാളെ എനിക്ക് ലീവ് ആണ്."

"ലീവോ?? നാളെ എന്ത് ലീവ് ആണ്?" അമ്മയിലെ സംശയ രോഗി ഉണരുന്നത് ഞാൻ കണ്ടു.

"അത്... പിന്നേ.... ആഹ്.. നാളെ എന്റെ ഡിപ്പാർട്മെന്റിൽ ഉള്ളവരൊക്കെ ടൂർ പോകുവാ ഇടുക്കി മൂന്നാർ ഒക്കെ. ഞാൻ അവിടെ കുറെ തവണ പോയതല്ലേ അതോണ്ട് ഞാൻ വരണില്ലന്ന് പറഞ്ഞു."

"മം... അങ്ങനാണേൽ നാളെ പോകാം. എന്താ നിന്റെ അഭിപ്രായം. ഇനി നാളെ പോകാൻ നേരം ആ പന്തും ഉരുട്ടി ഇറങ്ങുവോ?"

"എയ് ഞാൻ അതൊക്കെ പണ്ടേ വിട്ടില്ലേ."

"ഉവ്വ ഉവ്വ..ആഹ് പിന്നേ നേരെ ചൊവ്വേ വരാൻ പാറ്റുവാണേൽ വന്നാ മതി. ഈ താടി ഒക്കെ വെട്ടി ഒതുക്കാൻ നോക്ക്. നിന്ന ഒരു മനുഷ്യകോലത്തിൽ ആ പെണ്ണ് കണ്ടോട്ടെ. സത്യം പറഞ്ഞാൽ എനിക്ക്

ഇത് വല്യ പ്രതീക്ഷ ഒന്നുല്ല. പിന്നെ ആ കുട്ടി ആയോണ്ട് ആണ്, ശെരിക്കും നല്ല തങ്കം പോലത്തെ സ്വഭാവം ആണ്."

"ശെരിയാ. ഇനി ഏട്ടന്റെ കൂടെ കൂടി മോശവാതെ ഇരുന്നാൽ മതി." ആമി എന്നെ നോക്കി ഇളിച്ചു.

"പോടീ..."

"നീ പോടാ..."

"ആ മതി മതി ഇനി അതിന് അടി കൂടാൻ നിക്കണ്ട. കഴിച്ചു കഴിഞ്ഞില്ലേ എഴുന്നേറ്റു പോ രണ്ടും.

നാളെ അപ്പൊ ഒരു 10 മണി ആവുമ്പോൾ പോവാം അല്ലേ."

"ആ 10 എങ്കിൽ 10 അമ്മ പറയണ പോലെ."

"അല്ല ആ കുട്ടിക്ക് കല്യാണം വല്ലതും ഉറപ്പിച്ചിട്ടുണ്ടെങ്കിലോ?"

"എയ് അതൊന്നും ഇല്ല." പറഞ്ഞു കഴിഞ്ഞാണ് ഞാൻ അബദ്ധം മനസ്സിലാക്കിയത്.

"ഏഹ്ഹ്  അത് നിനക്ക് എങ്ങനെ അറിയാം?"

"അ.. അല്ല.. അന്ന് വീട്ടിൽ കൊണ്ടാക്കാൻ പോയപ്പോൾ ഞാൻ ആ പെണ്ണിന്റെ അച്ഛനോട് സംസാരിക്കുന്ന കൂട്ടത്തിൽ പുള്ളി പറഞ്ഞാരുന്നു ഒന്നും ആയില്ലെന്ന്." ഞാൻ ഒന്ന് പരുങ്ങി.

"ഹ അത് എപ്പഴാ.. അതൊക്കെ കഴിഞ്ഞിട്ട് എത്ര നാളായി. അതിനിടയിൽ ഏതെങ്കിലും ഉറപ്പിച്ചിട്ടുണ്ടെങ്കിലോ?"

"അതൊന്നും സാരമില്ല വല്യമ്മേ. എന്തായാലും നാളെ പോയി നോക്കാം. പെണ്ണ് കാണാൻ വന്നത് ആണെന്ന് ആദ്യമേ പറയണ്ട. വല്യമ്മ അന്ന് നമ്മൾ കല്യാണത്തിന് പോയ വീട്ടിൽ പോയ വഴി വന്നത് ആണെന്ന് പറഞ്ഞാൽ മതി. എല്ലാം ചോദിച്ചു അറിഞ്ഞു കഴിഞ്ഞ് കുഴപ്പൊന്നും ഇല്ലെങ്കിൽ കാര്യം പറഞ്ഞാൽ മതി." വീണ്ടും ആമിയുടെ കുരുട്ടു ബുദ്ധി പ്രവർത്തിച്ചു.

"എടി പാറു നീ ആള് കൊള്ളാലോ. എന്തൊക്ക കുരുത്തക്കേട് ആണ് തലക്കുള്ളിൽ." അമ്മക്ക് അവൾടെ ഐഡിയ കേട്ട് ആശ്ചര്യം തോന്നി. എനിക്ക് അഭിമാനവും ആശ്വാസവും.

"ഇതൊക്കെ എന്ത്... ആമിയുടെ ബുദ്ധികൾ കമ്പനി കാണാൻ ഇരിക്കുന്നതെ ഉള്ളു."

എല്ലാവരും ചിരിച്ചുകൊണ്ട് തന്നെ എഴുനേറ്റു കൈ കഴുകി.

ഉറങ്ങാനായി വീട്ടിലേക് പോകുന്നതിനു മുന്നേ ആമി വന്നു എന്റെ അരികിൽ.

"എങ്ങനുണ്ടാരുന്നു ആമിമോൾടെ പെർഫോമൻസ്..?"

ഞാൻ അവൾടെ രണ്ട് വശത്തും പിന്നി ഇട്ട മുടിയിൽ പിടിച്ചു അവളെ വട്ടം കറക്കി..

"സമ്മതിച്ചിരിക്കുന്നു. നീ സൂപ്പർ ആണ്. ഇത്ര പെട്ടന്ന് ഇത് നടക്കും എന്ന് ഞാൻ വിചാരിച്ചില്ല. പക്ഷേ എനിക്ക് എന്തോ ഞാൻ അമ്മയെ പറ്റിക്കുവല്ലേ എന്നൊരു തോന്നൽ. ശെരിക്കും ഞാൻ ഉള്ള കാര്യം ഉള്ളത് പോലെ അമ്മയോട് പറഞ്ഞിരുന്നേൽ തന്നെ അമ്മ സമ്മതിച്ചേനെ. ഇല്ലേ? ഇതിപ്പോ എനിക്ക് ഒരു കുറ്റബോധം പോലെ."

"മം.. അത് ശെരിയാണ്." ആമി എന്റെ മുഖത്തേക്ക് ഒന്ന് നോക്കി.

"ഞാൻ ഒരു കാര്യം പറഞ്ഞാൽ ഏട്ടന് വിഷമം ആകുവോ?"

"എന്താടി? നീ പറഞ്ഞോ."

ഒരു നിമിഷം അവൾ എന്നെ തന്നെ നോക്കി.

"ഏട്ടൻ ശെരിക്കും വല്യമ്മയെ മനസ്സിലാക്കിട്ടില്ല ഇത് വരെ. വല്യമ്മ ഏട്ടനെ വഴക്കിടും എങ്കിലും ഏട്ടന്റെ ഏതെങ്കിലും ആഗ്രഹത്തിന് എതിര് നിന്നിട്ടുണ്ടോ?

അപ്പൊ പിന്നെ ഈ വളച്ചുകെട്ടിന്റെ ആവിശ്യം ഇല്ലായിരുന്നു."

അവളുടെ ചോദ്യത്തിന് മുന്നിൽ എനിക്ക് ഉത്തരം ഒന്നും തന്നെ ഇല്ലായിരുന്നു.

ശെരിയാണ് എന്റെ ഒരു ആഗ്രഹത്തിനും അമ്മ എതിര് നിന്നിട്ടില്ല. എത്ര വഴക്ക് ഇട്ടാലും എപ്പോഴും എന്നെ സപ്പോർട് ചെയ്യുക മാത്രേ ചെയ്തിട്ടുള്ളു. എനിക്കെന്തോ വലിയൊരു തെറ്റ് ചെയ്തപോലെ തോന്നി. എല്ലാം പോയി ഇപ്പൊ തന്നെ പറഞ്ഞാലോ..?

"ഏട്ടാ.. നാളെ എന്തായാലും ഈ കല്യാണം ഉറപ്പിക്കും. ഒരു കാര്യം ഞാൻ ഏട്ടനോട് പറയാം, കല്യാണത്തിന് മുന്നേ എങ്കിലും ഏട്ടൻ ഇത് അമ്മയോട് തുറന്നു പറയണം. അത് ഏട്ടന്റെ അമ്മയാണ്... എല്ലാ അർത്ഥത്തിലും."

അവൾ അവസാനം പറഞ്ഞ വരിയുടെ അർത്ഥം എനിക്ക് ഗ്രഹിച്ചെടുക്കാൻ പറ്റിയില്ല.

എന്റെ മറുപടിക്ക് കാത്തു നില്കാതെ അവൾ ഇറങ്ങി വീട്ടിലേക്ക് നടന്നു.

എന്റെ മനസ്സിലും അത് തന്നെ ആയിരുന്നു ചിന്ത സൗകര്യം പോലെ അമ്മയോട് കാര്യങ്ങൾ പറയണം.

അവൾ പോയിട്ടും കുറെ നേരം കൂടി ഞാൻ അവിടെ തന്നെ ഓരോന്ന് ആലോചിച്ചു നിന്നു. പിന്നെ പതുക്കെ വാതിൽ പൂട്ടി റൂമിലേക്കു നടന്നു.

റൂമിൽ ചെന്ന് കേറിയതും ഫോൺ എടുത്തു നോക്കി. പ്രതീക്ഷിച്ച പോലെ തന്നെ നയനയുടെ 4 മിസ്കാൾ. കട്ടിലിലേക്ക് കേറി ഇയർഫോൺ കുത്തി നയനയുടെ നമ്പർ ഡയൽ ചെയ്തു. എന്റെ കാൾ പ്രതീക്ഷിച്ചിരുന്ന പോലെ ഒറ്റ റിങ്ങിൽ തന്നെ അവൾ എടുത്തു.

"ഇതെവിടാരുന്നു? എന്തായി കാര്യങ്ങൾ? അമ്മ സമ്മതിച്ചോ? നാളെ എപ്പോ വരാനാ പ്ലാൻ?" ഫോൺ എടുത്തതും ഒരു ഹലോ പോലും പറയാതെ നയന ഒറ്റശ്വാസത്തിൽ നിരവധി ചോദ്യങ്ങളുടെ കെട്ടഴിച്ചുവിട്ടു.

"എന്താവാൻ... സംഗതി ഓക്കെ ആണ്. ഞാൻ കാര്യങ്ങൾ ഒക്കെ പറഞ്ഞു സമ്മതിപ്പിച്ചു. പക്ഷെ നമ്മൾ തമ്മിൽ ഇഷ്ടത്തിൽ ആണെന്ന് ഞാൻ പറഞ്ഞില്ല. അതോർത്തു എനിക്കിപ്പോ വല്ലാത്ത കുറ്റബോധം തോന്നുന്നു."

"ങേ.. ഇഷ്ടത്തിൽ ആണെന്ന് പറഞ്ഞില്ലേ? പിന്നെ ഇയാൾ എന്താ പറഞ്ഞത്? ഇതൊന്നും പറയാതെ അമ്മ എങ്ങനെ സമ്മതിച്ചു?" നയനയ്ക്ക് ആകെ കൺഫ്യൂഷൻ ആയി.

"ഹ പറയട്ടെ. നീ തോക്കിൽ കേറി വെടിവെക്കാതെ. ഞാൻ എല്ലാം തുറന്ന് പറയാം എന്ന് തന്നെ ആണ് കരുതിയത് പക്ഷേ ഇനിയിപ്പോ എന്തെങ്കിലും ഒരു കാര്യത്തിന് അമ്മക്ക് ഈ ബന്ധം ഇഷ്ടമില്ല എന്ന് പറഞ്ഞാൽ ചെലപ്പോൾ എനിക്ക് ഈ ഒറ്റ രാത്രികൊണ്ട് അമ്മയെ പറഞ്ഞു സമ്മതിപ്പിക്കാൻ ചെലപ്പോ ബുദ്ധിമുട്ട് ആവും. അങ്ങനെ വന്നാൽ നാളെ എനിക്ക് പകരം നിന്നെ കാണാൻ വരുന്നത് നിന്റെ അച്ഛൻ കണ്ടുവെച്ച ടീം ആവും. അഥവാ നമ്മടെ കഷ്ടകാലത്തിനു അതെങ്ങാനും വാക്കാൽ ഉറപ്പിച്ചാൽ പിന്നെ അതിൽ നിന്നൊക്കെ ഊരുന്നത് വല്യ ബുദ്ധിമുട്ട് ആവും. അത്കൊണ്ട് ഞാൻ ആമിയെക്കൊണ്ട് അമ്മയോട് പറയിച്ചു എനിക്ക് വേണ്ടി നിന്നെ ആലോചിച്ചാലോ എന്ന്." ഞാൻ ഒന്ന് പറഞ്ഞു നിർത്തി.

"അയ്യോ.. എന്നിട്ട്? ഇത് ഇനി എങ്ങാനും അമ്മ സത്യം അറിഞ്ഞാൽ അമ്മക്ക് വിഷമം ആവില്ലേ അരവിന്ദേട്ടാ? ഞാനും ഇതിനൊക്കെ കൂട്ട് നിന്നു എന്നറിഞ്ഞാൽ അമ്മക്ക് എന്നോട് ദേഷ്യം തോന്നില്ലേ..?" നയനയുടെ ശബ്ദത്തിൽ നിരാശയും ഭയവും കലർന്നിരുന്നു.

"നീ ടെൻഷൻ അടിക്കണ്ട, നമ്മടെ ആദ്യത്തെ ഉദ്ദേശം നാളെ അച്ഛൻ കണ്ടുവെച്ച ആളുകൾ നിന്നെ കാണാൻ വരുന്നതിനു മുന്നേ തന്നെ ഇത് വന്ന് ഉറപ്പിക്കണം. അത് കഴിഞ്ഞാൽ നമുക്ക് പതുക്കെ അമ്മയെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കാം. അമ്മക്ക് എന്തായാലും മനസ്സിലാവും. മാത്രമല്ല നിന്നെപ്പറ്റി പറയുമ്പോൾ അമ്മക്ക് നൂറു നാവാണ്." അരവിന്ദ് പറഞ്ഞത് കേട്ട് നയനയുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു.

"മം.. നാളെ അപ്പൊ എപ്പഴാ വരുന്നേ? എനിക്കെന്തോ ടെൻഷൻ പോലെ, എല്ലാം എങ്ങനേലും ഒന്ന് നടന്നു കിട്ടിയാൽ മതിയാരുന്നു."

"അല്ല ടെൻഷൻ ഒക്കെ അവിടെ നിക്കട്ടെ. നീ വീട്ടിൽ പറഞ്ഞോ?"

"ഞാനോ..? ഞാൻ എന്ത് പറയാൻ? വെറുതെ ഓടി പോയി എനിക്ക് ഇയാളെ ഇഷ്ടാണ് എന്നങ് പറയാൻ പറ്റുവോ?"

"പിന്നെന്താ പറഞ്ഞാൽ. അപ്പൊ നീ ഒരു സൂചന പോലും വീട്ടിൽ കൊടുത്തില്ലേ കഴുതേ? ഇവളെ കൊണ്ട് തോറ്റല്ലോ..."

"ദേ മിണ്ടരുത്... എത്ര നേരായി ഞാൻ വിളിക്കുന്നു. ആ ഫോണിൽ നോക്ക് എത്ര മിസ്സ്‌കാൾ വന്നു എന്ന് പോരാത്തേന് ഫോണിലും വാട്സാപ്പിലും ഒക്കെ തുരു തുരാ മെസ്സേജും വിട്ടിട്ടുണ്ട്. അരവിന്ദേട്ടൻ നാളെ വരുവോ ഇല്ലയോ എന്നറിയാതെ ഞാൻ അച്ഛനോട് എന്താ പറയണ്ടേ."

"ശേ.. ഫോൺ റൂമിൽ ആരുന്നു. ഞാനും ആമിയും കൂടെ അമ്മയോട് ഇത് പറഞ്ഞോണ്ട് ഇരിക്കുവാരുന്നു അതാ കാണാഞ്ഞേ. സോറി. അപ്പൊ നാളെ ഞങ്ങൾ വരുമ്പഴേ അച്ഛൻ ഇത് അറിയൂ അല്ലേ."

"മം അതെ. അരവിന്ദേട്ടൻ ടെൻഷൻ ആവണ്ട അച്ഛൻ ഇത് സമ്മതിക്കും എന്ന് തന്നെ ആണ് എന്റെ വിശ്വാസം. അന്ന് എന്നെ ഇവിടെ കൊണ്ട്വന്നു ആക്കിയില്ലേ അന്ന് തന്നെ എന്നോട് അച്ഛൻ അരവിന്ദേട്ടനെ പറ്റിയും അമ്മയെ പറ്റിയും ഒക്കെ കൊറേ ചോദിച്ചു. ഇവിടേം അരവിന്ദേട്ടന് നല്ല മതിപ്പ് ആണ്. പിന്നെ ഞാൻ ഇവിടെ ഇല്ലേ. എന്റെ ഭാഗത്ത് നിന്നും ഒരു പോസിറ്റീവ് റിപ്ലൈ ഉണ്ടായാൽ എന്തായാലും അച്ഛൻ ഇതിനു സമ്മതിക്കും എനിക്ക് ഉറപ്പാണ്."

"ഒക്കെ... എല്ലാം നല്ലതിന് എന്ന് തന്നെ കരുതാം. ഞങ്ങൾ ഒരു 10-11 മണി ആവുമ്പോൾ എത്തും. പെണ്ണ് ചോദിക്കാൻ വരുന്നത് പോലെ ആവില്ല വെറുതെ ഒരു വിസിറ്റിനു വന്ന പോലെ. പിന്നെ പതിയെ കാര്യങ്ങളിലേക് കടക്കാം പോരെ?"

"മം.. മതി. ശ്ശോ... എത്ര പെട്ടന്നാ അല്ലേ. വൈകിട്ട് പ്രൊപ്പോസ് ചെയ്യുന്നു പിറ്റേന്ന് കല്യാണം ഉറപ്പിക്കുന്നു. സോ ഫാസ്റ്റ്." നയനക്ക് എല്ലാം ഒരു സ്വപ്നം പോലെ തോന്നി.

"ഇത് വെറും ഫാസ്റ്റ് അല്ല ഫാസ്റ്റ് ആൻഡ് ഫ്യൂരിയസ് ആണ്. പ്രേമിച്ചു നടക്കാൻ തീരെ സമയം കിട്ടിയില്ല. അതാ എനിക്ക് സങ്കടം. നമുക്ക് എൻഗേജ്മെന്റ് കഴിഞ്ഞ് ഒരു 6 മാസം ഒക്കെ കഴിഞ്ഞു കല്യാണം വെക്കാം അതാകുമ്പോൾ പ്രേമിക്കാൻ ടൈം കിട്ടും."

"അയ്യട... എടൊ മനുഷ്യാ പ്രേമിക്കാൻ ആദ്യം വേണ്ടത് അത് നേരെ ചൊവ്വെ മുഖത്ത് പറയാൻ ഉള്ള മനസ്സാണ്. എന്റെ ജീവിതത്തിൽ ഇത്രേം വൃത്തികെട്ട പ്രൊപോസൽ എനിക്ക് കിട്ടീട്ടില്ല. എന്തൊക്കെ ആണ് പറഞ്ഞത് എന്ന് വല്ല ഓർമ്മ ഉണ്ടോ? ഗോൾ കീപ്പർ ആവാൻ വരുന്നോ എന്നോ. അയ്യേ....

വെറുതെ അല്ല ഇത്രനാളും ആരും തിരിഞ്ഞു നോക്കാഞ്ഞത്." നയന പൊട്ടി ചിരിച്ചുകൊണ്ട് പറഞ്ഞു. അവളുടെ അസ്ഥാനത്തു ഉള്ള ഡയലോഗ് കേട്ട് അരവിന്ദിനും ചിരി പൊട്ടി.

"ഓ.. നമ്മക്ക് വല്യ എക്സ്പീരിയൻസ് ഒന്നും ഇല്ലടെയ്. നിനക്ക് അപ്പൊ കൊറേ പ്രൊപ്പോസൽ കിട്ടിട്ടുണ്ട് അല്ലേ."

"പിന്നല്ല... എന്റെ ഈ ഗ്ലാമർ കണ്ടാൽ അറിഞ്ഞൂടെ. ഞാനെ കോളേജിൽ ബ്യൂട്ടി ക്വീൻ ആയിരുന്നു അറിയാവോ." നയന ചിരിച്ചുകൊണ്ട് പറഞ്ഞു. "പിന്നെ കോപ്പാണ്. ഒരു 'പൂട്ടികൂൻ' വന്നേക്കുന്നു. മതിയെടി തള്ളിയത്. അത്കൊണ്ട് ഇപ്പൊ എന്താ ഇത്രേം കഴിവും സൗന്ദര്യവും സർവോപരി സല്ഗുണ സമ്പന്നൻ ആയ എന്നെ കിട്ടിയില്ലേ."

"മം... അത് എന്റെ വിധി. അതെ നേരം കൊറേ ആയി. കിടന്നു ഉറങ്ങാൻ നോക്ക് നാളെ നേരത്തും കാലത്തും ഒക്കെ എഴുനേറ്റു വന്നേക്കണം. പിന്നെ മുണ്ട് ഉടുത്താൽ മതി പാന്റ് ഇട്ടാൽ ഒരു ഓഞ്ഞ ലുക് ആണ്. പിന്നെ ആ ഡാർക്ക് ബ്ലു ഷർട്ട് ഇല്ലേ.. അതിട്ടാൽ മതി. വല്ലതും കേക്കുന്നുണ്ടോ പറയണത്."

"എന്റെ പൊന്നോ കെട്ടു. പെണ്ണ് കാണാൻ വരണേനു മുന്നേ തന്നെ വൻ ഭരിക്കൽ ആണല്ലോ നീ ഇക്കണക്കിനു കെട്ടുകഴിഞ്ഞാൽ എന്താവും." "ഓ.. കൊറച്ചു വൃത്തി ആയിക്കോട്ടെ എന്ന് വെച്ച് പറഞ്ഞതാ. ഞാൻ പറഞ്ഞത് പോലെ വന്നില്ലേൽ നാളത്തെ ചായയിൽ ഞാൻ ഉപ്പിട്ട് തരും പറഞ്ഞേക്കാം." "ആ... നോക്കട്ടെ. ആ ഷർട്ട് ഒക്കെ എവിടാണോ എന്തോ." "ആഹ് അതെല്ലാം പോയി തപ്പി എടുക്ക് ആദ്യം എന്നിട്ട് ഉറങ്ങിയാൽ മതി." "വോ ശെരി മൊതലാളി..." "എന്നാ പിന്നെ ശെരി... വെക്കട്ടെ?" നയന ഒരു കുസൃതി ചിരിയോടെ ചോദിച്ചു

"വെക്കണോ...കൊറച്ചു നേരം കൂടി സംസാരിച്ചിട്ട് വെക്കാം." "അയ്യട.. എന്താ ഇത്ര സംസാരിക്കാൻ." "ഒന്നുല്ല ചുമ്മാ..." "അതെ വേറൊന്നും അല്ല നാളെ നമ്മുടെ ജീവിതത്തിലെ തന്നെ വളരെ വിലപ്പെട്ട ഒരു ദിവസം അല്ലേ. അരവിന്ദേട്ടൻ നല്ലോണം റസ്റ്റ് എടുക്ക്. നാളെ തെളിഞ്ഞ മനസ്സോടെയും മുഖത്തോടെയും ആത്മവിശ്വത്തോടെയും വേണം വരാൻ. അതുകൊണ്ടാ പറഞ്ഞത്." അവൾ പറഞ്ഞത് കാര്യം ആണെന്ന് അരവിന്ദിനും തോന്നി.

"മം നേരാണ്. എന്നാ പിന്നെ അങ്ങനെ ആവട്ടെ കിടന്നു ഉറങ്ങിയേക്കാം."

"മം..." ഒന്ന് രണ്ട് നിമിഷത്തേക്ക് നയനയുടെ ശബ്ദം ഒന്നും കേട്ടില്ല. "ഹലോ... വെച്ചിട്ട് പോയ?" "അരവിന്ദേട്ടാ... ഐ ലവ് യൂ... ഉംമ്മമ്മ...." പറഞ്ഞു കഴിഞ്ഞതും നയന ഫോൺ കട്ടാക്കിയതും ഒരുമിച്ചായിരുന്നു.

ജീവിതത്തിൽ ആദ്യമായി കിട്ടിയ ഒരുമ്മയുടെ തരിപ്പിൽ അരവിന്ദ് കട്ടിലിലേക്ക് വീണുപോയി. കുറച്ച് സമയം എടുത്തു ആ ഉമ്മയുടെ കെട്ടെറങ്ങാൻ.

അരവിന്ദ് ഒരു തലയണ എടുത്തു കെട്ടിപ്പിടിച്ചു കിടന്നു. പതിയെ ഉറക്കത്തിലേക്ക് വീണു. നാളത്തെ പുലരി സ്വപ്നംകണ്ടുകൊണ്ട്. *******************

6 മണി കഴിഞ്ഞപ്പോൾ തന്നെ എഴുനേറ്റു. എന്തോ അറിയാതെ എഴുന്നേറ്റു പോയി. ഇതിനു മുന്നേ ഇങ്ങനെ എഴുന്നേറ്റിട്ടുള്ളത് കോളേജിൽ നിന്ന് ടൂർ പോണ ദിവസം ആണ്. പതുക്കെ അടുക്കളയിലേക്ക് നടന്നു. ഞാൻ വിചാരിച്ച പോലെ തന്നെ ആമി അടുക്കളയിൽ ഹാജരായിട്ടുണ്ട്.

"ഹല്ല ഇതാരാ ഈ കൊച്ചുവെളുപ്പാൻകാലത്തു... എന്താ ഇത്ര രാവിലേ തന്നെ? ഓ ഞാൻ അത് മറന്നു ഇന്ന് പെണ്ണുകാണൽ ഉണ്ടല്ലേ." എന്നെ കണ്ടതും ഒരു കള്ള ചിരിയോടെ ആമി പറഞ്ഞു.

"നിനക്ക് കൊറച്ചുനേരം നിന്റെ വീട്ടിൽ നിന്നുടെ, ആ പാവം വിനയേച്ചി അവിടെ ഒറ്റക്ക് ഉള്ള ജോലി എല്ലാം എടുക്കണം. നിനക്ക് എന്താ ഒന്ന് സഹായിച്ചാൽ. എപ്പ നോക്കിയാലും അമ്മേടെ വാലിൽ തൂങ്ങി ഈ നടപ്പ് ആണ്." ഞാൻ അവളെ ചൊടിപ്പിക്കാൻ ആയി പറഞ്ഞു. പക്ഷേ ചൊടിച്ചത് അമ്മയാണ്.

"ഡാ... എന്റെ കൊച്ചിനെ വല്ലതും പറഞ്ഞാൽ തിളച്ച ചായ എടുത്തു ഞാൻ തലവഴി ഒഴിക്കും പറഞ്ഞേക്കാം. അവൾ ഉള്ളത്കൊണ്ട് ആണ് എനിക്ക് ഒരു ആശ്വാസം. നീ ഒക്കെ തിന്നാൻ നേരം കേറി വരണത് അല്ലാതെ ഇവിടുത്തെ വല്ല കാര്യങ്ങൾ അന്വേഷിക്കാറുണ്ടോ?" അമ്മ ആമിയുടെ തലയിൽ തലോടി അവളെ ചേർത്ത് പിടിച്ചുകൊണ്ട് എന്നോട് തട്ടിക്കയറി.

വേണ്ടിയിരുന്നില്ല.... ഇന്നത്തെ ദിവസം ഞാൻ ഇതിന് മറുപടി പറയാൻ നിന്നാൽ ചെലപ്പോ ഇന്നത്തെ പ്ലാൻ ഒക്കെ വെള്ളത്തിൽ ആവും. ഞാൻ അമ്മേടെ കയ്യിൽ നിന്ന് ചായയും വാങ്ങി ഫോണും എടുത്ത് നേരെ സിറ്റ് ഔട്ടിലേക്ക് വിട്ടു.

പത്രം വായിച്ചു ഇരിക്കുമ്പോൾ പതിവ് പോലെ നയനയുടെ ഗുഡ്മോർണിംഗ് മെസ്സേജ് എത്തി. വീണ്ടും ഒരുവട്ടം കൂടി എല്ലാം പറഞ്ഞു ഉറപ്പിച്ചു. ഞങ്ങൾ രണ്ട് പേർക്കും ടെൻഷൻ ഉണ്ടായിരുന്നു.

"എപ്പഴാ വല്യമ്മേ നിങ്ങൾ പോണത്?" അടുക്കളയിൽ നിന്ന് ആമിയുടെ ചോദ്യം എന്റെ കാതിൽ പതിഞ്ഞു. ഞാൻ പെട്ടന്ന് തന്നെ അവരുടെ സംസാരം ശ്രദ്ധിക്കാൻ തുടങ്ങി. എത്ര അടികൂടിയാലും ആമിക്ക് എന്റെ കാര്യത്തിൽ ഒക്കെ ഭയങ്കര ശ്രദ്ധ ആണ് അല്ലെങ്കിൽ അവൾ തന്നെ മുൻകൈ എടുത്തു ഇത് അമ്മയോട് ചോദിക്കില്ലലോ.

"പോവാം മോളെ ആദ്യം ഇവിടുത്തെ പണികൾ ഒക്കെ ഒന്ന് ഒതുക്കട്ടെ. നീ പോയി അവനോട് നേരത്തും കാലത്തും ഒക്കെ ഒരുങ്ങി നിക്കാൻ പറ." അമ്മ അത് പറഞ്ഞതും ആമി സിറ്റ് ഔട്ടിലേക്ക് നടന്നു.

"ആ പിന്നേ... അവന്റടുത്തു പോയി രണ്ടും കൂടെ അടി ഉണ്ടാക്കരുത്. രണ്ടിനേം ഞാൻ ഓടിക്കും പറഞ്ഞേക്കാം." അമ്മ അടുക്കളയിൽ നിന്ന് ആമിയോട് വിളിച്ചു പറഞ്ഞു.

അവൾ വരുന്നത് കണ്ടതും ഞാൻ ഒന്നും അറിയാത്ത പോലെ പത്രത്തിൽ തന്നെ നോക്കി ഇരുന്നു.

അവൾ വന്നു എന്നെ തന്നെ നോക്കി നിന്നു. ഞാൻ മൈൻഡ് ആക്കാൻ പോയില്ല. കുറച്ചു നേരം കഴിഞ്ഞും ആൾടെ അനക്കം ഒന്നുല്ല. ഞാൻ പതിയെ തല പൊക്കി നോക്കി. എളിയിൽ കയ്യും കുത്തി എന്നെ നോക്കി നിക്കുന്ന ആമിയെ ആണ് കണ്ടത്.

"മം..? എന്താണ്?" "എന്ത്?" "നീ എന്താ ഈ നോക്കി നിക്കണേ?" "ഞാൻ ഏട്ടന്റെ ആക്ടിങ് കണ്ട് അങ്ങനെ മതിമറന്നു നിക്കുവാരുന്നു." "ആക്റ്റിംഗോ?? എന്തോന്ന് ആക്ടിങ്? " "ദേ ദേ അധികം അങ്ങ് നല്ല പിള്ള ചമയല്ലേ. എനിക്കറിയാം ഏട്ടൻ ഞാനും വല്യമ്മയും സംസാരിക്കുന്നത് ഒളിഞ്ഞു കേട്ടില്ലേ സത്യം പറ."

"പിന്നേ... എനിക്ക് അതല്ലേ ജോലി. നിങ്ങൾ അതിന് നാസ റോക്കറ്റ് വിടണ കാര്യം ഒന്നുമല്ലലോ ചർച്ച ചെയ്യണത്. നിങ്ങളുടെ പരദൂഷണം ഞാൻ എന്തിനാ ഒളിഞ്ഞു കേക്കണേ?"

"ഓഹോ... അഹങ്കാരം... ഒരു പെണ്ണിനെ കിട്ടിയപ്പോൾ നമ്മളോട് ഒക്കെ പുച്ഛം അല്ലേ... ശെരിയാക്കി തരാം. വല്യമ്മേ ഈ അരവിന്ദേട്ടൻ........"

ഞാൻ ഇരുന്നിടത്തു നിന്ന് തുള്ളി പോയി അവളുടെ പറച്ചിൽ കേട്ട്. വേഗം ചാടി എഴുനേറ്റു അവളുടെ വാ പൊത്തി.

"എന്റെ പൊന്നേ ചതിക്കരുത്. നീ എന്റെ ശവം കണ്ടേ അടങ്ങു അല്ലേ."

"ആഹ് ഈ പേടി എപ്പഴും വേണം. കേട്ടല്ലോ. പിന്ന ഇത്ര ജാഡ ഒന്നും വേണ്ട അതും കുറക്കണം."

"ഓ ശെരി ഇനി എല്ലാം നീ പറയുംപോലെ പോരെ." എന്റെ ഒരു ഗതികേട്.

"മം.. ഞാൻ എന്തിനാ ഇപ്പൊ വന്നെന്നു പ്രത്യേകം പറയണ്ടല്ലോ എല്ലാം ഒളിഞ്ഞു കേട്ടില്ലേ. അപ്പൊ പിന്നേ വേഗം ചെന്ന് കുളിച്ചു റെഡി ആയിക്കോ. ഇടാനുള്ള ഡ്രസ്സ്‌ ഒക്കെ എടുത്തു വെച്ചിട്ട് പോ ഞാൻ തേച്ചു തരാം."

എന്റെ മറുപടി കാക്കാതെ അവൾ വീണ്ടും അടുക്കളയിലേക്ക് പോയി. എനിക്ക് പലപ്പോഴും ഇവളുടെ സ്വഭാവം മനസ്സിലാവാറില്ല. ചെലപ്പോൾ തോന്നും ഇവളാണ് എന്റെ അമ്മ എന്ന്. അത്പോലെ എന്നെ ഭരിക്കാൻ വരും. ചില സമയം അമ്മയേക്കാൾ ഡെയ്ഞ്ചർ ആമിയാണ്. പല കാര്യങ്ങൾക്കും എന്നെ അമ്മയുടെ മുന്നിൽ ഒറ്റിക്കൊടുത്തു എന്നെ ചീത്ത കേൾപ്പിക്കുന്നത് ഇവളുടെ ഹോബി ആണ്. എന്നാൽ അതെ ഇവൾ തന്നെ ആണ് ആ പ്രശ്നത്തിൽ നിന്നൊക്കെ അമ്മയുടെ കയ്യിൽ നിന്ന് എന്നെ പുല്ലുപോലെ ഊരിയെടുക്കുന്നത്.

സുഖപ്പെടുത്താൻ വേണ്ടി മുറിപ്പെടുത്തുന്നവൾ... അതാണ് ആമി. സൈക്കോ ആണോ എന്നാണ് ഇപ്പൊ എന്റെ സംശയം. ***********

സമയം കഴിഞ്ഞു പോകുംതോറും എനിക്ക് ചെറിയൊരു ടെൻഷൻ വന്നു തുടങ്ങി. പോകുന്ന കാര്യത്തെ പറ്റി അമ്മ ഒന്നും പറയുന്നുമില്ല. അമ്മ ഇങ്ങനൊരു കാര്യമേ ഇല്ല എന്ന രീതിയിൽ അടുക്കളയിൽ ഒരേ പണിയിൽ ആണ്.

ഒരു എട്ടര വരെ ഞാൻ വെയിറ്റ് ചെയ്തു. അത് കഴിഞ്ഞു പതുക്കെ എഴുന്നേറ്റു ഒരു മൂളിപ്പാട്ടും പാടി അടുക്കളയിൽ എത്തി. എന്നെ കണ്ടപ്പഴേ ആമിക്ക് കാര്യം മനസിലായി. അമ്മ സാമ്പാർ ഉണ്ടാക്കുന്ന തിരക്കിൽ ആണ്.

"ആമിമോളെ ഇതിന്റെ ഉപ്പൊന്നു നോക്കിക്കേ." അമ്മ ആമിയുടെ നേരെ സാമ്പാറിന്റെ തവി നീട്ടികൊണ്ട് തിരിഞ്ഞപ്പോൾ ആണ് എന്നെ കണ്ടത്.

"ദേ ഇപ്പ റെഡിയാവും. നീ ആ പ്ലേറ്റ് എടുത്ത് ആ ഇഡലി എടുക്ക്. ഞാൻ ഈ സാമ്പാറിന് ഒന്ന് വറ കൊടുത്തോട്ടെ എന്നിട്ട് തരാം." പാവം ഞാൻ വിശന്നിട്ടു വന്നതാണെന്ന് കരുതിക്കാണും.

ആമി ചിരി അടക്കി പിടിച്ചു ഇരുന്നു. അവസാനം ഞാൻ രണ്ടും കല്പിച്ചു ചോദിച്ചു.

"അല്ലമ്മേ നമ്മൾ ഇന്ന് പോകുന്നുണ്ടോ? " "എവിടെ? " അമ്മ എന്നെ ഒന്ന് നോക്കി. എന്റെ നെഞ്ച് കത്തി. അമ്മക്ക് അൽഷിമേഴ്സ് വല്ലതും ഉണ്ടോ ദൈവമേ.

"ഹ ഇന്നലെ അല്ലേ അമ്മ പറഞ്ഞത് ഇന്ന് പെണ്ണ് കാണാൻ പോണം എന്ന് മറ്റേ പെണ്ണിനെ. എന്താരുന്നു അതിന്റെ പേര് വിനയയോ നിമിഷയോ അങ്ങനെ എന്തോ അല്ലേ?"

എന്റെ അതി ബുദ്ധിപരമായ നീക്കം കണ്ട് ആമിയുടെ കണ്ണ് തള്ളി പോയി.

"ഓ വിനയേം രമണീം ഒന്നുമല്ല. നയന. അതാണ് പേര്." അമ്മ എന്നെ തിരുത്തികൊണ്ട് പറഞ്ഞു.

"ആഹ് നയന എങ്കിൽ നയന. ഇന്ന് പോകുന്നുണ്ടോ?" ഞാൻ ദുർബലമായി ചോദിച്ചു. എന്റെ നെഞ്ചിന്റെ ഇടി എന്റെ കാതിൽ കേക്കാൻ പറ്റുന്നുണ്ടാരുന്നു.

"പിന്നെ പോകണ്ടേ. എന്തായാലും അത് കൂടി നോക്കിക്കളയാം. ആദ്യം നീ ഇത് എടുത്തു കഴിക്കാൻ നോക്ക് അപ്പോഴേക്കും ഞാൻ കുളിച്ചു വരാം. ആമിമോളെ മോളും എടുത്തു കഴിക്കാൻ നോക്ക്. മോള് വരുന്നില്ലേ?"

"ഞാൻ ഇല്ല വല്യമ്മേ, ഞാൻ ആ ചേച്ചിയെ കണ്ടിട്ടുള്ളത് അല്ലേ. എനിക്ക് ശെരിക്കും ഇഷ്ടായി. ഇവർ തമ്മിൽ നല്ല ചേർച്ച ആണ്.  പിന്നെ ഇത് നടക്കും എന്നാണ് എനിക്ക് തോന്നണേ. അത്കൊണ്ട് നിങ്ങൾ പോയിട്ട് വാ." ആമി എന്നെ ഒന്ന് നോക്കി അർത്ഥം വെച്ച് പറഞ്ഞു.

"ഹാ... ഇതെങ്കിലും നടന്നാൽ മതിയാരുന്നു. ഇതിപ്പോ എത്രാമത്തെ പെണ്ണുകാണൽ ആണ്." അമ്മ ഒരു ദീർഘനിശ്വാസം എടുത്തു. എന്റെ കല്യാണം നടക്കാത്തതിൽ അമ്മക്ക് നല്ല വിഷമം ഉണ്ട്. അത് പിന്നെ എല്ലാ അമ്മമാർക്കും കാണുമല്ലോ.

അമ്മയുടെ ആ മറുപടി കേട്ടപ്പോൾ ആണ് എനിക്ക് സമാധാനം ആയത്. അപ്പൊ എന്തായാലും ഇന്ന് പോകും എന്ന് ഉറപ്പായി. പകുതി ടെൻഷൻ അങ്ങനെ തീർന്നു. ഇനിയുള്ളത് നയനയുടെ അച്ഛന്റെ സമ്മതം വാങ്ങുക എന്നത് ആണ്. സാദാരണ രീതിയിൽ ആയിരുന്നേൽ പ്രശ്നം ഇല്ലായിരുന്നു പക്ഷെ ഇന്ന് അവളുടെ അച്ഛൻ കണ്ടുവെച്ച ആൾക്കാർ വരും അതാണ് ഒരു തടസ്സം. പക്ഷേ സ്വന്തം മകളുടെ മനസ്സറിയുന്ന ഒരു അച്ഛൻ ആണ് നയനയുടേത്. ആ ഒരു ഉറപ്പ് തന്നെ ആയിരുന്നു എന്റെ മനസ്സിന്റെ ധൈര്യം.

ഞാനും ആമിയും ഇഡ്ഡലി കഴിച്ച് കഴിഞ്ഞപ്പോഴേക്കും അമ്മ കുളിച്ചിട്ട് എത്തി.

"നീ ഇതുവരെ റെഡി ആയില്ലേ. വേഗാവട്ടെ. ഉച്ചക്ക് മുന്നേ പോയി വരണം. വെയിൽ കൂടിയാൽ പിന്നേ പോക്ക് വൈകിട്ട് ആക്കണ്ടി വരും." അമ്മ പറഞ്ഞത് കേട്ട് ഞങ്ങൾ ഒന്ന് ഞെട്ടി.

"അയ്യോ വൈകിട്ട് പറ്റില്ല. വൈകിട്ട് എനിക്ക് കളി ഒണ്ട്." ഞാൻ പെട്ടന്ന് അമ്മ ആ ആലോചനയിൽ നിന്ന് പിന്മാറാനായി പറഞ്ഞു.

റൂമിലേക്കു കേറാൻ നിന്ന അമ്മ ഒന്ന് തിരിഞ്ഞു നിന്ന് എന്നെ രൂക്ഷമായി നോക്കി.

"എന്റെ ഒരു വിധി. ഇമ്മാതിരി പോത്തുകൾക്ക് ഒക്കെ പെണ്ണ് നോക്കുന്ന എന്നെ പറഞ്ഞാൽ മതി. ശെരിക്കും ഞാൻ ആ പെണ്ണിനോട് ചെയ്യുന്നത് ചതി ആണ്. നിന്നെ ഒക്കെ ആ കൊച്ച് എങ്ങനെ സഹിക്കുവോ എന്തോ."

"മം... അവൾടെ സ്വഭാവം വെച്ച് അവൾ ഇവിടെ വന്ന് ഇവിടുത്തെ പിള്ളേർടെ കൂടെ പുതിയ ടീം ഉണ്ടാക്കും. എന്നിട്ട് എനിക്ക് എതിരെ കളിക്കും. അത് അമ്മേക്ക് അറിയില്ലല്ലോ." ഞാൻ മനസ്സിൽ

പറഞ്ഞു. *************** അധികം വൈകാതെ തന്നെ ഞങ്ങൾ റെഡി ആയി. ആമി എന്റെ ഡ്രസ്സ് ഒക്കെ നല്ല വടി പോലെ തേച്ചു വെച്ചിട്ടുണ്ടാരുന്നു. കൊള്ളാം നന്നായിട്ടുണ്ട്. പക്ഷെ അത് അവളോട് പറഞ്ഞാൽ പിന്നെ ചെലപ്പോൾ ചെയ്തു തരില്ല.

ഇറങ്ങുന്നതിനു തൊട്ട് മുൻപ് ഞാൻ നയനയ്ക്ക് മെസ്സേജ് അയച്ചു. അവൾ ഓൺലൈൻ ഇല്ലാത്തത്കൊണ്ട് ഒരു മിസ്സ്കാളും കൊടുത്തു.

ആമിക്ക് ടാറ്റാ കൊടുത്തു അമ്മ വന്ന് വണ്ടിയിൽ കയറി. അവൾ അമ്മ കാണാതെ എന്റടുത്തു വന്ന് ഒരു ഓൾ ദി ബെസ്റ്റ് പറഞ്ഞിട്ട് പോയി.

പിന്നെ താമസിച്ചില്ല ഞാൻ വേഗം വണ്ടി എടുത്തു.

"അമ്മേ ഇന്നലെ ആമി പറഞ്ഞത് പോലെ വേണം ഒക്കെ ചെയ്യാൻ. അഥവാ ഇനി ആ പെണ്ണിന്റെ കല്യാണം വല്ലതും ഉറപ്പിച്ചിട്ടുണ്ടേൽ നമ്മൾ വെറുതെ നാറാൻ നിക്കണ്ട അതാ." പോണ വഴി അമ്മയോട് പ്രത്യേകം പറഞ്ഞു

"ഡാ ഞാനേ നിന്റമ്മ ആണ്. അത്കൊണ്ട് കള്ളത്തരം ചെയ്യാൻ നീ എന്നെ പഠിപ്പിക്കണ്ട. എന്താ വേണ്ടത് എന്ന് വെച്ചാൽ ഞാൻ ചെയ്തോളാം പൊന്നുമോൻ കൂടെ ഒന്ന് വന്നാൽ മതി." അമ്മയുടെ മാസ്സ് റിപ്ലൈ കേട്ട് ഞാൻ ഒന്ന് പ്ലിങ്ങിപോയി.

"ഓ അവിടേം എനിക്ക് കുറ്റം അല്ലേ." "നീ ചെലക്കാണ്ട് വണ്ടി ഓടിക്കാൻ നോക്ക് ഞാൻ അവിടെ ചെന്ന് എന്താ പറയണ്ടേ എന്നൊന്ന് ആലോചിക്കട്ടെ." അമ്മ പറഞ്ഞത് കേട്ട് എനിക്ക് എന്തോ സങ്കടം തോന്നി. ഇങ്ങനെ ഉള്ള അമ്മയോട് ആണല്ലോ ഞാൻ ഈ കള്ളമൊക്കെ പറഞ്ഞു കൂട്ടികൊണ്ട് പോണത്. ഇപ്പൊ എനിക്ക് ഉറപ്പായി അമ്മ എന്തായാലും ഈ കല്യാണത്തിന് സമ്മതിച്ചേനെ എന്ന്. സത്യം തുറന്നു പറയാൻ എന്റെ ഉള്ളിൽ ഇരുന്നു ആരോ പറയുന്നുണ്ടാരുന്നു. പക്ഷേ സമയം ശെരിയല്ല. കാരണം നയനയുടെ വീടെത്താൻ ഇനി അധികം സമയം ഇല്ല. ഇപ്പൊ പറഞ്ഞു ഒരു സീൻ ആക്കണ്ട എന്ന് കരുതി.

പത്തുമിനിറ്റ് കൊണ്ട് തന്നെ ഞങ്ങൾ അവളുടെ വീടിന്റെ മുന്നിൽ എത്തി. വണ്ടിയുടെ ശബ്ദം കേട്ടപ്പോൾ തന്നെ ജനലിന്റെ കർട്ടൻ മാറ്റി രണ്ട് ഉണ്ട കണ്ണുകൾ പുറത്ത് കണ്ടു. ഒരു നിമിഷം അതൊന്നു വിടർന്നു ചിമ്മി അടഞ്ഞു. ശേഷം കർട്ടൻ ഇട്ടു. എനിക്ക് ചിരി വന്നു. പാവം അവൾക്കും ടെൻഷൻ ഉണ്ട്. അമ്മ വണ്ടിയിൽ നിന്ന് ഇറങ്ങി ഗേറ്റ് തുറക്കാൻ പോയതും മുറ്റത്തു നിന്ന് നയനയുടെ അച്ഛൻ ഓടി വന്നു.

"അല്ല ഇതാരൊക്കെയാ...വാ വാ കേറി വാ." അച്ഛന്റെ ഞങ്ങളെ അപ്രതീക്ഷിതമായി കണ്ടതിന്റെ എല്ലാ സന്തോഷവും കാണാൻ ഉണ്ടായിരുന്നു.

"ഓർമ്മയുണ്ടോ ഞങ്ങളെ ഒക്കെ?" "പിന്നെ മറക്കാൻ പറ്റുവോ..? ഇടയ്ക്ക് ഞാൻ മോളോട് പറയും നിങ്ങളുടെ കാര്യം. അന്ന് മോൻ ഇവളെ കൊണ്ടുവന്നു ആക്കിയ ശേഷം പിന്നൊരു വിവരവും ഇല്ലായിരുന്നു. ഞാൻ ആണെങ്കിൽ അന്ന് മോന്റെ നമ്പർ സേവ് ചെയ്യാനും മറന്നു. എന്താ അവിടെ തന്നെ നിന്ന് കളഞ്ഞത് വാ അകത്തേക്ക് ഇരിക്കാം. മോളേ... ഇതാരാ വന്നേക്കണേ എന്ന് നോക്കിയേ." അച്ഛൻ അകത്തേക്ക് കേറികൊണ്ട് വിളിച്ചു പറഞ്ഞു.

"ദാ വരുന്നൂ...." വാതിലിന്റെ മറയിൽ നിന്നും എന്റെ പെണ്ണിന്റെ കിളിനാദം. വിളി കേട്ട് ഒരു 5 സെക്കന്റ് കഴിഞ്ഞാണ് ആള് പ്രത്യക്ഷപ്പെട്ടത്. ഉഫ്.... ആക്റ്റിംഗിൽ ഇവൾ എനിക്ക് ഒരു വെല്ലുവിളി ആകും

എന്നെനിക്ക് മനസ്സിലായി. അഭിനയത്തിൽ സ്വാഭാവികത കൊണ്ടുവരാൻ ആയിരുന്നു ആ 5 സെക്കന്റ് കഴിഞ്ഞുള്ള പ്രത്യക്ഷപ്പെടൽ. എന്നാൽ അവളെ കണ്ടതും ഞാൻ നോക്കി നിന്ന് പോയി. സ്വർണ്ണ കസവിന്റെ സെറ്റ് സാരി ഉടുത്തു നെറ്റിയിൽ ചന്ദന കുറി അണിഞ്ഞു മുടിയിൽ മുല്ലപ്പൂ വെച്ചൊരു നാടൻ പെൺകൊടി.

സാരിയുടുത്ത പെൺകുട്ടികൾക്കു ഒരു പ്രത്യേക ചന്തം ആണ്. കൂടെ ഇതുപോലൊരു ഒരു മൂക്കുത്തി കൂടെ ഉണ്ടങ്കിൽ പൊളിച്ചു.

അവളെ വാ പൊളിച്ചു നോക്കി നിക്കുന്ന എന്നെ ഒന്ന് മൈൻഡ് പോലും ചെയ്യാതെ അവൾ ഓടി അമ്മയുടെ അടുത്ത് വന്നു കെട്ടിപിടിച്ചു.

"സുഖാണോ അമ്മേ? എത്രനാളായി കണ്ടിട്ട്?" "സുഖം മോളേ. മോൾക്ക് സുഖല്ലേ?" അമ്മ അവളുടെ തലയിൽ തലോടി കൊണ്ട് ചോദിച്ചു.

അവർ തമ്മിൽ ഇപ്പൊ നടക്കുന്നത് എന്തായാലും അഭിനയം അല്ല എന്നെനിക്ക് മനസ്സിലായി. ഇവർ തമ്മിൽ നല്ല ബോണ്ടിങ് ആണ്.

അവർ ഓരോന്ന് സംസാരിക്കുന്നതിനു ഇടയിൽ അവൾ എന്നെ ഏറുകണ്ണിട്ട് നോക്കുന്നുണ്ടായിരുന്നു. ഞാൻ പതിയെ അച്ഛനോട് ഓരോന്ന് സംസാരിക്കാൻ തുടങ്ങി. ഭാവി അമ്മായിഅച്ചൻ അല്ലേ. ഒരു മതിപ്പ് തോന്നിക്കോട്ടെ എന്നെ കുറിച്ച്.

"മോളേ ചായ എടുക്ക്." അച്ഛൻ നയനയോട് പറഞ്ഞു. "ദേ ഇപ്പൊ കൊണ്ട് വരാം. അമ്മക്ക് മധുരം ആവാല്ലോ അല്ലേ." പിന്നെന്താ ആയിക്കോട്ടെ. അന്ന് ഇവിടെ വന്നപ്പോ കുടിച്ചതാ മോൾടെ ചായ ഇന്ന് വീണ്ടും കുടിക്കാം. അമ്മ അവളെ നോക്കി ചിരിച്ചോണ്ട് പറഞ്ഞു. അവളും ചിരിച്ചു. "അരവിന്ദേട്ടന് പഞ്ചാര ആവാല്ലോ അല്ലേ?" അവൾ എന്നെ നോക്കി ആക്കി ഒരു ചിരി ചിരിച്ചു പതിയെ ചോദിച്ചു. "ഓ സാരമില്ല നല്ലോണം ഇട്ടോളൂ." ഞാനും വിട്ട് കൊടുത്തില്ല. അവൾ ആരും കാണാതെ എന്നെ നോക്കി ഒന്ന് കൊഞ്ഞനം കുത്തി അടുക്കളയിലേക്ക് പോയി.

അവൾ പോയതും ഞാൻ അമ്മയോട് കാര്യം സംസാരിക്കാൻ കണ്ണ് കൊണ്ട് കാണിച്ചു. അച്ഛൻ അപ്പോഴും ഞങ്ങളോട് സംസാരിച്ചുകൊണ്ടേ ഇരുന്നു.

"അല്ല മോൾക്ക് കല്യാണം നോക്കി തുടങ്ങിയില്ലേ?" ഒരു ഗ്യാപ് കിട്ടിയപ്പോൾ അമ്മ കേറി ഹെഡ് ചെയ്തു.

"നോക്കുന്നുണ്ട്. അവൾക്ക് പക്ഷേ ഒന്നിനും താല്പര്യം ഇല്ല. ആര് വന്നാലും എന്തെങ്കിലും ഒക്കെ കുറ്റം കണ്ട് പിടിച്ചു പറഞ്ഞു വിടും. ഇവിടുന്ന് എങ്ങോട്ടും പോകണ്ട എന്നാ അവൾ പറയണത്." അച്ഛന്റെ ശബ്ദത്തിൽ ഒരു നിരാശയും മകളോട് ഉള്ള സ്നേഹവും കലർന്നിരുന്നു.

"ഒക്കെ ശെരിയാവും. അച്ഛനെ വിട്ട് പോകാൻ അവൾക്കും കാണില്ലേ ബുദ്ധിമുട്ട്." "അതൊക്കെ ശെരിയാണ് പക്ഷേ എന്നും അങ്ങനെ പറ്റുവോ എനിക്ക് എന്തെങ്കിലും വന്നാൽ പിന്നെ എന്റെ മോള് ഒറ്റക്കാവും. ബന്ധുക്കൾ എന്ന് പറയാൻ ആരും തന്നെ ഞങ്ങൾക്ക് ഇല്ല. എനിക്ക് അവളും അവൾക്ക് ഞാനും." എനിക്ക് എന്തോ അതൊക്കെ കേട്ട് വല്ലാത്തൊരു വീർപ്പുമുട്ടൽ തോന്നി. ഇതുവരെ വന്ന ആലോചനകൾ എല്ലാം അച്ഛന് വേണ്ടി സ്വയം മുടക്കിയ ഒരാൾ എന്റെ കൂടെ ജീവിക്കണം എന്ന് പറയുകയാണെങ്കിൽ അവൾക്ക് ഞാൻ അവളുടെ അച്ഛനോളം തന്നെ പ്രിയപ്പെട്ടത് ആവണമല്ലോ.

അതോർത്തപ്പോൾ എന്തോ എനിക്ക് നയനയോട് ഒന്നുകൂടി ഇഷ്ടം തോന്നി. ഇവളെ ഒരിക്കലും നഷ്ടപ്പെടുത്തി കളയാൻ എന്റെ മനസ്സ് അനുവദിച്ചില്ല.

"ഇന്നും ഒരു കൂട്ടർ വരുന്നുണ്ട് മോളെ കാണാൻ. എന്റെ ഒരു സുഹൃത്ത് വഴി വന്ന ആലോചന ആണ്. പയ്യൻ എഞ്ചിനീയർ ആണ്. അവർ വൈകിട്ട് എത്തും എന്നാണ് പറഞ്ഞത്." അച്ഛൻ പറഞ്ഞത് കേട്ട് അമ്മ ഒന്ന് ഞെട്ടി. ഞാൻ പക്ഷേ അത് പ്രതീക്ഷിച്ചു ഇരുന്നത് കൊണ്ട് ഞെട്ടിയില്ല.

പെട്ടന്ന് അത് കേട്ടപ്പോൾ എന്ത് പറയണം എന്ന് അമ്മയും ഒന്ന് ശങ്കിച്ചു. അപ്പോഴേക്കും നയന ചായയും ആയി എത്തി. എല്ലാവർക്കും ചായ കൊടുത്ത് അവസാനം എന്റെ അടുത്ത് എത്തി. ഞാൻ ചായ എടുത്ത് അവളുടെ മുഖത്ത് നോക്കിയതും അവളൊന്നു കണ്ണിറുക്കി കാണിച്ചിട്ട് ഒന്നും അറിയാത്ത പോലെ അമ്മയുടെ അടുത്ത് പോയിരുന്നു.

അൽപനേരം ആരും ഒന്നും സംസാരിച്ചില്ല. അച്ഛൻ പതിയെ ചായ ഊതി ഊതി കുടിക്കാൻ തുടങ്ങി. എനിക്ക് എന്താ ചെയ്യണ്ടേ എന്നറിയാത്ത ഒരു അവസ്ഥ. നയനയും അത്പോലെ തന്നെ ആയിരുന്നു. ഈസി ആയി തീർക്കാൻ കഴിയും എന്ന് കരുതിയ ഒരു വിഷയം പെട്ടന്ന് ആണ് അതിന്റെ സ്വഭാവം മാറിയത്.

അമ്മ ഒന്ന് ആലോചിച്ചിട്ട് നയനയെ നോക്കി. അവൾക്ക് നെഞ്ചിടിപ്പ് ഏറി. അടുത്ത നിമിഷം അമ്മ നയനയുടെ കയ്യിൽ അമർത്തി പിടിച്ചു. "എനിക്ക് തരുവോ ഈ മോളെ? ഞാൻ നോക്കിക്കോളാം എന്റെ സ്വന്തം മോളായിട്ട്!!!" അമ്മയുടെ ഉറച്ച ശബ്ദം ആ മുറിയിൽ അലയടിച്ചു. ഞങ്ങൾ എല്ലാവരും ഒന്ന് ഞെട്ടി. അമ്മയെ ഇതിനായി കൂട്ടികൊണ്ട് വന്ന ഞാനും, അതിനു കൂട്ട് നിന്ന നയനയും വരെ ഞെട്ടി. അച്ഛൻ എല്ലാവരെയും ഒന്ന് നോക്കി. അദ്ദേഹം ഇപ്പോഴും താൻ കേട്ടത് ശെരിയോ തെറ്റോ എന്ന് മനസ്സിൽ കണക്ക് കൂട്ടി നോക്കുകയായിരുന്നു.

അച്ഛൻ മറുപടി പറയാൻ എടുക്കുന്ന ഓരോ നിമിഷവും എനിക്കും നയനക്കും ഓരോ യുഗങ്ങൾ പോലെ തോന്നി.

"അരവിന്ദ് നല്ല പയ്യനാണ്, എനിക്കറിയാം അവൻ അവളെ പൊന്നുപോലെ നോക്കും എന്ന്. പിന്നെ ഇതിലും നല്ലൊരു അമ്മയെ എന്റെ മോൾക്ക് കിട്ടില്ല. പക്ഷേ അവളുടെ സന്തോഷം ആണ് എനിക്ക് വലുത് അത്കൊണ്ട് തന്നെ മോളുടെ സമ്മതം ഉണ്ടെങ്കിൽ പിന്നെ എനിക്ക് വേറൊന്നും നോക്കാൻ ഇല്ല."

അടുത്ത ഊഴം നയനയുടെ ആയിരുന്നു. അമ്മയുടെയും അച്ഛന്റെയും കണ്ണുകൾ അവളിൽ എത്തി നിന്നു. ഇപ്പൊ എനിക്ക് ഉറപ്പായി ഈ കല്യാണം നടക്കും എന്ന്.

എനിക്ക് അമ്മയുടെ കാൽ തൊട്ട് മാപ്പ് പറയണം എന്ന് തോന്നി. അമ്മയെ പറ്റിച്ചു ഈ കല്യാണം ഉറപ്പിക്കാൻ നോക്കിയതിനു. എന്റെ സന്തോഷം ഒന്നും പുറത്തേക്ക് വന്നില്ല.

"നീ എന്താ മോളെ ഒന്നും പറയാത്തത്. മോളെ അച്ഛൻ നിർബന്ധിക്കില്ല. പക്ഷേ ഇതിലും നല്ലൊരു ബന്ധം മോൾക്ക് കിട്ടില്ല അത് അച്ഛന് ഉറപ്പാണ്." അച്ഛൻ നയനയെ നോക്കി പറഞ്ഞു.

"അച്ഛന് സമ്മതം ആണെങ്കിൽ എനിക്കും സമ്മതം ആണ്." നയന നാണത്തോടെ മൊഴിഞ്ഞു. അച്ഛന്റെയും അമ്മയുടെയും കണ്ണിൽ സന്തോഷത്തിന്റെ ഒരായിരം പൂത്തിരി കത്തിയ പോലെ തോന്നി. പക്ഷേ എനിക്ക് മനസ്സ് തുറന്നു സന്തോഷിക്കണം എങ്കിൽ അമ്മയോട് എല്ലാം തുറന്നു പറയണമായിരുന്നു.

അന്ന് ആ വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ തന്നെ അമ്മയ്ക്ക് അവൾ മകൾ ആയി മാറിയിരുന്നു. ************************

പിന്നീട് ഉള്ള കാര്യങ്ങൾ ഒക്കെ നടന്നത് ഞങ്ങൾ രണ്ടാളും പ്രതീക്ഷിക്കാത്ത വേഗത്തിൽ ആയിരുന്നു. രണ്ടാഴ്ചക്ക് ഉള്ളിൽ തന്നെ നിശ്ചയം നടന്നു. എല്ലാം ഒരു സ്വപ്നം പോലെ തോന്നി ഞങ്ങൾക്ക്. എല്ലാത്തിനും ചുക്കാൻ പിടിക്കാൻ ആമി മുന്നിൽ തന്നെ ഉണ്ടായിരുന്നു. അമ്മയോട് പക്ഷേ ഈ കാര്യം മാത്രം എനിക്ക് തുറന്നു പറയാൻ പറ്റിയില്ല. അമ്മക്ക് എപ്പോഴും കല്യാണത്തിന്റെ പ്ലാനിങ്ങിന്റെ തിരക്ക് തന്നെ.

പിന്നെ പതുക്കെ ഞാനും ഓരോ തിരക്കുകളിലേക്ക് വീണ് തുടങ്ങി. മുന്നിട്ട് നിന്ന് ചെയ്യാൻ ഞങ്ങൾക്ക് അങ്ങനെ ആരും ബന്ധുക്കൾ ഇല്ലായിരുന്നു. അച്ഛന്റെ മരണശേഷം സ്വത്ത് തട്ടി എടുത്ത് ഞങ്ങളെ വഴിയാധാരം ആക്കിയ അച്ഛന്റെ കുടുംബക്കാരെ ഒന്നും തന്നെ അമ്മ അടുപ്പിച്ചില്ല. അത്കൊണ്ട് തന്നെ ഞങ്ങൾക്ക് ആകെ ഉണ്ടായിരുന്ന സ്വന്തം എന്ന് പറയാവുന്നത് ആമിയുടെ കുടുംബം മാത്രം ആയിരുന്നു.

വിനയേച്ചിയും ചേട്ടനും എല്ലാം എല്ലാ കാര്യങ്ങളും ഏറ്റെടുത്തു ചെയ്യാൻ തുടങ്ങി. ആമി പിന്നെ ഇത് ഉറപ്പിച്ചത് മുതൽ നിലത്ത് ഒന്നുമല്ല. ഡെയിലി എന്റെ ഫോണിൽ നിന്ന് നയനയെ വിളിക്കും. ഞാൻ അവളുമായി സൊള്ളാൻ നോക്കിയാൽ ആമി സമ്മതിക്കില്ല.

ആമിക്ക് പറ്റിയ കൂട്ടായിരുന്നു നയന. രണ്ടും ഒന്നിനൊന്നു മെച്ചം.

നിശ്ചയം കഴിഞ്ഞു 2 മാസത്തിനു ഉള്ളിൽ കല്യാണം നടത്താൻ തീരുമാനിച്ചു. പിന്നെ അതിനു ഉള്ള ഓട്ടത്തിൽ ആയിരുന്നു. ബന്ധുക്കൾ ഒന്നും അങ്ങനെ ഇല്ലാത്തതു കൊണ്ട് വളരെ ചെലവ് ചുരുക്കിയ കല്യാണം മതി എന്ന് ആദ്യമേ തീരുമാനിച്ചിരുന്നു. ************************ അങ്ങനെ ഇന്ന് എന്റെ കല്യാണം ആണ്. രാവിലെ 11 മണിക്ക് ആണ് മുഹൂർത്തം. ഞാൻ പറഞ്ഞത് പോലെ തന്നെ പ്രേമിച്ചു നടക്കാൻ ഒന്നും സമയം കിട്ടിയില്ല. എല്ലാം കണ്ണടച്ച് തുറക്കുന്ന വേഗത്തിൽ ആയിരുന്നു.

കതിർമണ്ഡപത്തിൽ അവളെ പ്രതീക്ഷിച്ചു ഇരിക്കുമ്പോൾ എനിക്ക് ലോകം വെട്ടിപ്പിടിച്ച സന്തോഷം ആയിരുന്നു. ചുവന്ന പട്ടുസാരി ഉടുത്തു ഒരു കൂട്ടം ചെറിയ കുട്ടികളുടെ അകമ്പടിയോടെ അവൾ വരുന്നത് ഞാൻ കണ്ണിമ വെട്ടാതെ നോക്കി നിന്നു.

കഴുത്തിൽ എന്റെ താലി വീണപ്പോൾ കണ്ണടച്ച് തൊഴുതു നിന്ന അവളെ കണ്ടപ്പോൾ അവളെ നെഞ്ചോടു ചേർത്ത് അണയ്ക്കാൻ എനിക്ക് തോന്നി. ********** എല്ലാം മംഗളകരമായി തന്നെ നടന്നു. അച്ഛനോട് യാത്ര പറഞ്ഞു ഇറങ്ങുമ്പോൾ അവളെ എന്ത് പറഞ്ഞു ആശ്വസിപ്പിക്കണം എന്നെനിക്ക് അറിയില്ലായിരുന്നു. പുറമെ സന്തോഷം അഭിനയിച്ചു എങ്കിലും അച്ഛന്റെ ഉള്ളിൽ തിരയടിക്കുന്ന സങ്കടം ഞാൻ മനസ്സിലാക്കി. കാറിൽ എന്റെ തോളിൽ തല ചായ്ച്ചു കിടന്നു കരഞ്ഞ നയനയെ ഞാൻ ചേർത്ത് പിടിച്ചു.

അമ്മ നൽകിയ നിലവിളക്ക് ഏന്തി എന്റെ വീടിന്റെ പടി അവൾ കയറി. അമ്മയുടെ മുഖത്ത് അന്ന് വരെ ഞാൻ കാണാത്ത ഒരു തെളിച്ചം അന്ന് ഞാൻ കണ്ടു. *****************

കല്യാണം കഴിഞ്ഞു ഒരാഴ്ച കഴിഞ്ഞപ്പോൾ തന്നെ നയന എന്റെ വീട്ടിൽ അല്ല ഞങ്ങളുടെ വീട്ടിൽ സെറ്റ് ആയി. എല്ലാ കാര്യങ്ങൾക്കും ആമി ഉണ്ടായിരുന്നു കൂടെ. ആമി അവളുടെ കൂട്ടുകാർക്ക് പോലും നയനയെ പരിചയപ്പെടുത്തുന്നത് അവളുടെ ചേച്ചി എന്ന് പറഞ്ഞാണ്. നയനയും അതേപോലെ തന്നെ ആയിരുന്നു അവളോട്.

ശാസിക്കേണ്ടിടത്തു ശാസിച്ചും, ചേർത്ത് നിർത്തേണ്ട സമയം ചേർത്ത് നിർത്തിയും ആമിക്ക് അവൾ ഒരു ചേച്ചി തന്നെ ആയിരുന്നു. ഞങ്ങൾ മൂന്ന് പേരും ഒറ്റ മക്കൾ ആയത്കൊണ്ട് തന്നെ ഞാനും നയനയും ഒരു പെങ്ങളുടെ കുറുമ്പും വാശിയും സ്നേഹവും ഒക്കെ കണ്ടെത്തുന്നത് ആമിയിൽ ആയിരുന്നു. അത്പോലെ തന്നെ അവളും ഞങ്ങളിൽ കണ്ടിരുന്നത് സ്വന്തം ചേട്ടനെയും ചേച്ചിയെയും തന്നെ ആയിരുന്നു.

ആര് എന്ത് പറഞ്ഞാലും എതിർത്തു പറയുന്ന ആമി നയനയുടെയും അമ്മയുടെയും മുന്നിൽ മാത്രം ഒരു പൂച്ച കുഞ്ഞിനെപോലെ ആയിരുന്നു.

അമ്മക്ക് നയനയോട് ഉള്ള സ്നേഹവും കരുതലും കണ്ടപ്പോൾ എന്റെ മനസ്സിലെ കുറ്റബോധം വീണ്ടും ഉണർന്നു. നയനയ്ക്കും അത് തന്നെ ആയിരുന്നു സങ്കടം. ഞങ്ങൾ ഒരു അവസരത്തിനായി കാത്തിരുന്നു.

അങ്ങനെ ആ ദിവസം വന്നെത്തി. ഒരു ഏറ്റുപറച്ചിലിന്റെ ദിവസം. അച്ഛൻ നയനയെ കാണാൻ വന്ന ഒരു ദിവസം ആണ് ഞങ്ങൾ അതിനു തിരഞ്ഞെടുത്തത്. അന്നൊരു ഞായറാഴ്ച ആയിരുന്നു. ഉച്ചക്കത്തെ ഭക്ഷണം ഒക്കെ കഴിഞ്ഞു എല്ലാവരും വിശ്രമിക്കുമ്പോൾ ഞാനും നയനയും പതിയെ ഈ വിഷയം എടുത്തിട്ടു. എല്ലാത്തിനും സാക്ഷിയായി ആമിയും വിനയേച്ചിയും ഉണ്ടായിരുന്നു.

"അച്ഛനോടും അമ്മയോടുമായി ഞങ്ങൾക്ക് ഒരു കാര്യം പറയാനുണ്ട്." ഹാളിൽ കസേരയിട്ട് കഥ പറഞ്ഞ് ഇരുന്ന എല്ലാവരും ഞങ്ങളെ നോക്കി.

"എന്താടാ ഇതുവരെ കാണാത്ത ഒരു ബലം പിടുത്തം? എന്താ മോളെ? " അമ്മ നയനയോട് സംശയത്തോടെ ചോദിച്ചു.

"അത്... പിന്നേ..." നയന ഒന്ന് വിക്കി. ആമിക്ക് മാത്രം കാര്യം മനസ്സിലായി. പക്ഷേ അവൾ ഒന്നും മിണ്ടിയില്ല. എല്ലാം കേട്ട് ഇരുന്നു.

"നിങ്ങൾ ഞങ്ങളോട് ക്ഷമിക്കണം. ഞങ്ങൾ തമ്മിൽ ആദ്യമേ ഇഷ്ടത്തിൽ ആയിരുന്നു. അടുപ്പം ഇല്ലാത്തതു പോലെ ഒക്കെ അഭിനയിച്ചത് ആണ്. അച്ഛൻ നയനയ്ക്ക് പെട്ടെന്ന് കല്യാണം ആലോചിക്കാൻ തുടങ്ങിയപ്പോ അത് മുടക്കാൻ ഉള്ള വെപ്രാളം കൊണ്ട് ആണ് ഞങ്ങൾക്ക് അതെല്ലാം മറച്ചു വെക്കേണ്ടി വന്നത്. ഒരുപക്ഷെ നിങ്ങളിൽ ആരെങ്കിലും ഈ ബന്ധത്തെ എതിർത്തലോ എന്ന് പേടിച്ചാണ് ഞങ്ങൾ ഇതൊരു സാദാരണ കല്യാണ ആലോചന പോലെ പ്ലാൻ ചെയ്തു നടത്തിയത്. പക്ഷേ അന്ന് മുതൽ ഇന്ന് വരെ അതിന്റെ കുറ്റബോധം ഞങ്ങളെ വിട്ട് പോയില്ല. കല്യാണത്തിന് മുന്നേ തന്നെ ഇത് പറയാൻ ഞാൻ പലവട്ടം തുനിഞ്ഞത് ആണ് പക്ഷെ നിങ്ങളുടെ സന്തോഷം ഒക്കെ കണ്ടപ്പോ ഞങ്ങൾ വീണ്ടും ഒന്ന് മടിച്ചു. പക്ഷേ ഇനിയും ഇത് പറയാതെ ഇരിക്കാൻ എനിക്ക് വയ്യമ്മേ. ഞങ്ങളോട് ക്ഷമിക്കണം." ഒറ്റ ശ്വാസത്തിൽ ഞാൻ ഇത്രയും പറഞ്ഞു നിർത്തി.

എല്ലാവരുടെയും ചിരി മാഞ്ഞു. ഗൗരവത്തിൽ ആയി. നയന എന്നോട് ചേർന്ന് തന്നെ നിന്നു. എന്തും നേരിടാൻ ഉള്ള മനസ്സ് ആയിരുന്നു അപ്പോൾ.

ആരും ഒന്നും മിണ്ടിയില്ല. നിശബ്ദത ആണ് ഏറ്റവും ഭയാനകം എന്ന് തോന്നിപ്പോയി. ഞാൻ വളരെ പണിപ്പെട്ട് അമ്മയുടെ മുഖത്തേക്ക് നോക്കി. ഞങ്ങളെ തന്നെ തുറിച്ചു നോക്കി ഇരിക്കുന്നു. അച്ഛനും അത് പോലെ തന്നെ. ആദ്യമായി ഞങ്ങൾക്ക് അവരെ നേരിടാൻ ബുദ്ധിമുട്ട് തോന്നി.

ഞങ്ങൾ നോക്കി നിൽക്കെ അമ്മയുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. അത് പതിയെ അച്ഛനിലേക്കും ആമിയിലേക്കും വിനയേച്ചിയിലേക്കും പടർന്നു കയറി. അധികം വൈകാതെ തന്നെ ആ പുഞ്ചിരി ഒരു പൊട്ടിച്ചിരി ആയി മാറി. അവർ തമ്മിൽ തമ്മിൽ നോക്കുമ്പോഴൊക്ക ചിരിയുടെ പവർ കൂടി കൂടി വന്നു. ഒന്നും മനസ്സിലാവാതെ ഞാനും നയനയും കണ്ണ് മിഴിച്ചു നിന്നു.

ചിരി തെല്ലൊന്നു ഒടുങ്ങിയപ്പോൾ അമ്മ പറഞ്ഞു തുടങ്ങി.

"നിങ്ങൾ എന്താ പിള്ളേരെ ഞങ്ങൾ കാർന്നോന്മാരെ പറ്റി വിചാരിച്ചു വെച്ചേക്കുന്നേ? ഞങ്ങളൊക്കെ വെറും മണ്ടന്മാർ ആണെന്നോ? ങേ? ഞങ്ങൾ ഇതൊന്നും അറിയില്ല എന്നാണോ നിങ്ങളുടെ വിചാരം? നിന്നോട് ഞാൻ ഒരു ആയിരം വട്ടം ചോദിച്ചതാ നിന്റെ മനസ്സിൽ ആരെങ്കിലും ഉണ്ടോ എന്ന്. അല്ലേ?" അമ്മ എന്നെ നോക്കി ചോദിച്ചു. ഞാൻ അപ്പോഴും ചുറ്റും നടക്കുന്നത് മനസ്സിലാക്കി എടുക്കാൻ പാട് പെടുവായിരുന്നു.

"എന്റെ മോളെ, നിന്റെ ഏതെങ്കിലും ഇഷ്ടത്തിന് ഈ അച്ഛൻ എതിര് നിന്നിട്ടുണ്ടോ നിനക്ക് ഒരു വാക്ക് അച്ഛനോട് പറഞ്ഞൂടായിരുന്നോ? ഞങ്ങൾ നടത്തി തരില്ലേ ഇത്. ഈ നാടകത്തിന്റെ ഒക്കെ ആവിശ്യം ഉണ്ടായിരുന്നോ?" നയനയ്ക്കും ഉത്തരം ഇല്ലായിരുന്നു.

"അച്ഛാ ഞങ്ങൾ വേണോന്ന് വെച്ച് അല്ല ഈ നാടകം കളിച്ചത്." നയന അത് പറഞ്ഞതും വീണ്ടും എല്ലാവർക്കും ചിരി പൊട്ടി.

"ആര് നാടകം കളിച്ചു എന്നാ എന്റെ മക്കൾ ഈ പറയുന്നേ?" അച്ഛന്റെ ചോദ്യത്തിന് മുന്നിൽ ഞങ്ങൾ ഒന്ന് കുഴങ്ങി.

"ഞ... ഞങ്ങൾ..." ഞാൻ  വീണ്ടും സംശയത്തോടെ പറഞ്ഞു.

"ഉണ്ട.... ഇവിടെ ഇത്രനാളും നാടകം കളിച്ചതും ആളെ പറ്റിച്ചതും നിങ്ങൾ രണ്ടാളും അല്ല... അത് ഞങ്ങളാണ്!!!!" അത്ര നേരം എല്ലാം കേട്ട് ചിരിച്ചോണ്ട് ഇരുന്ന ആമി ഇടപെട്ടു.

"ങേ..." ഞാനും നയനയും ഒരുപോലെ വാ പൊളിച്ചുപോയി.

ഞങ്ങളുടെ ആ നിൽപ്പ് കണ്ട് അമ്മ പറഞ്ഞു തുടങ്ങി.

"ഡാ.. നയനമോളെ ആദ്യമായി കണ്ടപ്പോൾ തന്നെ ഞാൻ ഉറപ്പിച്ചതാ ഇവൾ ആണ് എന്റെ മോളെന്നു. നിന്നോട് അത് അപ്പൊ പറഞ്ഞാൽ നീ ചാടി കടിക്കാൻ വരും അതാ ഞാൻ മിണ്ടാഞ്ഞത്. അന്ന് അവിടെ നിന്നു പോന്നു കഴിഞ്ഞ് പിന്നെ എങ്ങനെ നയനമോളെ കാണും എന്ന് കരുതി ഇരിക്കുവാരുന്നു ഞാൻ അപ്പോഴാണ് ആമിമോൾ കിടന്ന ഹോസ്പിറ്റലിൽ വെച്ച് അവിചാരിതമായി ഞാൻ വീണ്ടും മോളെ കാണുന്നത്. അത് എനിക്ക് ഒരു പിടിവള്ളി ആയിരുന്നു. പിന്നെ നിങ്ങളെ എങ്ങനെ ഒന്നിപ്പിക്കാം എന്നായിരുന്നു എന്റെ ചിന്ത. അന്ന് മോളെ കൊണ്ടുപോയി വീട്ടിൽ ആക്കാൻ പറഞ്ഞത് എന്തിനാരുന്നു എന്നാ നിന്റെ വിചാരം?" അമ്മ പറഞ്ഞു നിർത്തി.

എനിക്ക് തല കറങ്ങുന്ന പോലെ തോന്നി. നയന നാണം കൊണ്ടാണോ പേടി കൊണ്ടാണോ എന്നറിയില്ല ഇളിച്ചു തന്നെ നിക്കുന്നു.

"അന്ന് മോളെ വീട്ടിൽ കൊണ്ടുവന്നു സുരക്ഷിതമായി ആക്കിയപ്പോൾ എനിക്ക് അരവിന്ദിനോട് ഒരു ഇഷ്ടം തോന്നിയിരുന്നു. ഈ ഫസ്റ്റ് ഇമ്പ്രെഷൻ എന്നൊക്കെ പറയും പോലെ. പക്ഷേ അന്നൊന്നും ഞാൻ

ഒരു കല്യാണം ആ രീതിയിൽ ഒന്നും ചിന്തിച്ചിരുന്നില്ല. എന്നാൽ എനിക്ക് അങ്ങനെ ചിന്തിച്ചു തുടങ്ങാൻ അധികം നാൾ വേണ്ടി വന്നില്ല." അച്ഛൻ അച്ഛന്റെ ഭാഗം പറഞ്ഞു.

"ഇനി ഞാൻ പറയും..." ആമി തുടങ്ങി. " ഏട്ടൻ നയനേച്ചിയെ വീട്ടിൽ ആക്കാൻ പോയപ്പോൾ തന്നെ ഞങ്ങൾ നിങ്ങളുടെ കല്യാണത്തിന് ഉള്ള പ്ലാനിങ് തുടങ്ങി ചെറുതായിട്ട്. അതിന് ആദ്യം വേണ്ടത് നിങ്ങൾ തമ്മിൽ അടുക്കണം. അതിന്റെ ആദ്യത്തെ പടി എന്നോണം ആണ് വല്യമ്മ ചേച്ചിയെ വീട്ടിൽ കൊണ്ട് വിടാൻ പറഞ്ഞത്. അന്ന് മഴ പെയ്യണെ എന്നാരുന്നു വല്യമ്മേടെ പ്രാർത്ഥന. അപ്പൊ നിങ്ങൾക്ക് കൊറച്ചു സമയം കൂടുതൽ സംസാരിക്കാൻ പറ്റുമല്ലോ. അങ്ങനെ ചേച്ചിയെ വീട്ടിൽ കൊണ്ടുപോയി വിട്ട് വന്ന ശേഷം ഈ ആമിമോൾ ചാര പ്രവർത്തനം തുടങ്ങി. ഏട്ടൻ അറിയാതെ തന്നെ ഏട്ടന്റെ എല്ലാ പരിപാടികളും ഞാൻ വീക്ഷിക്കാൻ തുടങ്ങി." ആമിയും പറഞ്ഞു നിർത്തി.

"അത് കഴിഞ്ഞു വീണ്ടും നയനാമോൾ ഹോസ്പിറ്റലിൽ വന്നപ്പോൾ നിങ്ങൾ തമ്മിൽ ഫോണിൽ സംസാരിക്കാൻ അവസരം കൊടുത്താൽ കൊറേ കൂടി നന്നായിരിക്കും എന്നെനിക്ക് തോന്നിയത്. അത്കൊണ്ടാണ് ഏതോ ഒരു മരുന്നിന്റെ പേര് പറഞ്ഞു നിന്നെ ഞാൻ മോളെ കൊണ്ട് വിളിപ്പിച്ചത്. അന്ന് ഞാൻ നയനാമോളോട് വേഗം തന്നെ വീട്ടിൽ പൊക്കോളാൻ പറഞ്ഞു. പക്ഷേ അവൾ കേട്ടില്ല. പിന്നേം അവിടെ തന്നെ ചുറ്റി പറ്റി നിന്നു. അന്നേ എനിക്ക് മനസിലായി ഇനി അധികം വൈകാതെ തന്നെ നിങ്ങൾ ഒരു വഴി ആകും എന്ന്. അവസാനം ഞാൻ നിർബന്ധിച്ചാണ് മോളെ നീ വരുന്നതിനു മുന്നേ വീട്ടിലോട്ട് വിട്ടത്. കാരണം വേറൊന്നും അല്ല എന്നാൽ അല്ലേ എനിക്ക് നിന്റെ മനസ്സിൽ എന്താണെന്നു മനസ്സിലാവു. എന്റെ ഊഹം തെറ്റിയില്ല, അന്ന് ഓടി കിതച്ചു റൂമിലേക്കു വന്ന നീ ആദ്യം തന്നെ തേടിയത് നയന മോളെ ആണ്." അമ്മ ആ പറഞ്ഞത് കേട്ട് എന്റെ തൊലി ഉരിഞ്ഞു പോയി.

"വീണ്ടും ഞാൻ ചാര പണി തുടങ്ങി. അതിന്റെ ആദ്യത്തെ പടി ആയിട്ടാണ് ഏട്ടന്റെ ഫോൺ ലോക്ക് ഞാൻ കണ്ടു പിടിച്ചത്. അന്ന് ആ ഹോസ്പിറ്റലിൽ വെച്ച് ഫോൺ അൺലോക്ക് ചെയ്തു തന്നപ്പഴേ അതിൽ ഏട്ടൻ അവസാനം നോക്കിയത് ചേച്ചിയുടെ വാട്സാപ്പ് ഡി പി ആണെന്ന് മനസ്സിലായി. അത് ഞാൻ കണ്ടു എന്ന് ഏട്ടനും മനസ്സിലായി. അന്ന് ഏട്ടന്റെ മുഖത്ത് കണ്ട കള്ളത്തരം എനിക്ക് ഇപ്പഴും ഓർമയുണ്ട്. അങ്ങനെ ഇരുന്നപ്പോൾ ആണ് വല്യമ്മ പറഞ്ഞത് ഇനി അഥവാ  നിങ്ങൾ തമ്മിൽ കോൺടാക്ട് ഒന്നും ചെയ്തില്ലെങ്കിലോ എന്ന്. അന്നേരം എന്റെ തലയിൽ ഉദിച്ച ഐഡിയ ആയിരുന്നു ഞാൻ തന്നെ ചേച്ചിയുമായി ഏട്ടന്റെ ഫോണിൽ നിന്ന് ചാറ്റ് ചെയ്യുക എന്നത്. അതാകുമ്പോൾ എങ്ങനെ പോയാലും നിങ്ങൾ ഞാൻ ചാറ്റ് ചെയ്തതിന്റെ വാലിൽ പിടിച്ചെങ്കിലും ചാറ്റ് ചെയ്യാതിരിക്കില്ല. എന്റെ ആ ഐഡിയ എന്തായാലും ഫലം കണ്ടു. നിങ്ങൾ ചാറ്റിങ് തുടങ്ങി. പിന്നെ ഞാൻ ഇടയ്ക്കു ഇടയ്ക്ക് ഏട്ടന്റെ ഫോൺ എടുക്കും ലോക്ക് തുറന്നു നിങ്ങളുടെ ചാറ്റ്  നോക്കും. എല്ലാം വല്യമ്മ പറഞ്ഞിട്ട് ആയിരുന്നു. അങ്ങനെ അതൊക്കെ ഞാൻ വല്യമ്മയോട് പറഞ്ഞപ്പോൾ ആണ് വല്യമ്മ പറഞ്ഞത് നിങ്ങൾ ഇങ്ങനെ പോയാൽ ഉടനെ ഒന്നും തമ്മിൽ ഇഷ്ടം ആണെന്ന് പറയാൻ പോണില്ല എന്ന്. അങ്ങനെ വല്യമ്മ നേരിട്ട് ഇടപെട്ടു. അത് വല്യമ്മ തന്നെ പറയും." ആമി പറഞ്ഞു നിർത്തി.

"ഇപ്പൊ എന്റെ മക്കൾക്ക് തോന്നുന്നുണ്ടാവും ഞാൻ എങ്ങനെയാ ഇതിൽ ഇടപെട്ടത് എന്ന് അല്ലേ?" അമ്മയുടെ ആ ചോദ്യം കേട്ട് ഞാനും നയനയും അറിയാതെ തന്നെ തല കുലുക്കി.

"പറയാം.. ഞാൻ വിനയയെയും ആമി മോൾടെ അച്ഛനെയും ആമി മോളെയും കൂട്ടി നയനമോൾടെ വീട്ടിൽ പോയി. എന്തിനാണെന്നോ. നിനക്ക് വേണ്ടി നയനമോളെ പെണ്ണ് ചോദിക്കാൻ." ഇനി ഞാൻ ഞെട്ടാൻ ഒന്നും ബാക്കി ഇല്ലായിരുന്നു. നയന അവിടെ കിടന്ന കസേരയിലേക്കും ഞാൻ നിലത്തേക്കും ഇരുന്നുപോയി.

"അമ്മയും ബാക്കി എല്ലാവരും കൂടി വീട്ടിൽ വന്നു അതുവരെ ഉണ്ടായത് എല്ലാം ഈ എന്നോട് പറഞ്ഞു. നിങ്ങൾ തമ്മിൽ ഇഷ്ടത്തിൽ ആണെന്ന് ഞങ്ങൾ എല്ലാവർക്കും ഉറപ്പായിരുന്നു. പക്ഷേ രണ്ട് പേരും അത് ഇനിയും തമ്മിൽ പറയാതെ ഇരുന്നാൽ ശെരിയാവില്ല എന്ന് ഞങ്ങൾക്ക് തോന്നി. അതിനായി ഞങ്ങൾ കണ്ടുപിടിച്ച ഒരു നാടകം മാത്രം ആണ് ആ പെണ്ണുകാണൽ. എന്നിട്ടും ഞങ്ങൾക്ക് അത് നടക്കും എന്ന് വല്യ ഉറപ്പ് ഇല്ലായിരുന്നു. പക്ഷേ ഒന്ന് പയറ്റി നോക്കാൻ ഞങ്ങളും തീരുമാനിച്ചു.

വേറൊന്നും കൊണ്ടല്ല, ഞാനായിട്ട് കൊണ്ടുവരുന്ന എല്ലാ ആലോചനയും ഇവൾ തന്നെ എന്തെങ്കിലും കാരണം പറഞ്ഞു മുടക്കും. എന്നാൽ ഇവൾ കൊണ്ടുവരുന്ന ആലോചന നോക്കാം എന്ന് ഞാനും കരുതി. അങ്ങനെയാണ് നയനയെ പ്രഷർ ചെയ്യാനായി ഞാൻ ഒരു കൂട്ടർ പെണ്ണ്കാണാൻ വരുന്ന കാര്യം പറഞ്ഞത്. അത് അവൾ ആദ്യം പറയുന്നത് അരവിന്ദിനോട് ആവും എന്ന് ഞങ്ങൾക്ക് ഉറപ്പായിരുന്നു. അത്പോലെ തന്നെ നടന്നു. നഷ്ടമാവും എന്നൊരു പേടി നിങ്ങൾക്ക് രണ്ടുപേർക്കും ഉണ്ടാക്കുക അത്രേ ഞങ്ങൾ ഉദ്ദേശിച്ചുള്ളൂ. അങ്ങനെ ഒരു പേടി വന്നാൽ എന്തായാലും മനസ്സിലെ സ്നേഹം മറ നീക്കി പുറത്ത് വരും. അത് വിജയിച്ചു." അച്ഛൻ പറഞ്ഞത് കേട്ട് നയന വിതുമ്പിപോയി.

"മോള് എന്തിനാ കരയണേ, ഞങ്ങൾക്ക് ഒരു വിഷമോം ഇല്ല കേട്ടോ." അമ്മ അവളെ ചേർത്ത് പിടിച്ചു ആശ്വസിപ്പിച്ചു. അൽപനേരം ആരും ഒന്നും മിണ്ടിയില്ല. വീണ്ടും അമ്മ സംസാരിക്കാൻ തുടങ്ങി നയനയെ ചേർത്ത് പിടിച്ചുകൊണ്ട് തന്നെ.

"അന്ന് രാത്രി നീ വന്നിട്ട് കുളിക്കാൻ കേറിയപ്പോൾ ആമിമോൾ പതിവുപോലെ നിന്റെ ഫോൺ എടുത്തു നോക്കി. അത് കഴിഞ്ഞു നീ എന്നോട് വന്ന് നയനയെ പെണ്ണ് കാണാൻ പോകുന്നതിനെ പറ്റി സംസാരിക്കും എന്ന് ഞാൻ വിചാരിച്ചു. പക്ഷേ നീ വളഞ്ഞ വഴി നോക്കി. അതിനു പകരം നേരിട്ട് എന്നോട് പറഞ്ഞിരുന്നേൽ ഇതിലും പെട്ടെന്ന് കല്യാണം നടന്നേനെ അറിയുവോ." ഞാൻ ആകെ ചൂളി പോയി. എനിക്ക് അപ്പോഴും ഇതൊന്നും വിശ്വസിക്കാൻ പറ്റിയില്ല.

"പിന്നെ നിങ്ങൾ രണ്ട് പേരും കൂടി നടത്തിയ നാടകത്തിൽ ഞങ്ങൾ നിങ്ങളെക്കാൾ സൂപ്പർ ആയി അഭിനയിച്ചു. അത്ര തന്നെ. നിങ്ങൾ അവതരിപ്പിച്ച നാടകത്തിന്റെ ക്ലൈമാക്സ് നിങ്ങളുടെ കല്യാണത്തോടെ കഴിഞ്ഞു. പക്ഷേ ഞങ്ങൾ തുടങ്ങിയ നാടകം ദേ ഇന്ന് ഈ നിമിഷം ആണ് അവസാനിക്കുന്നത്." അച്ഛൻ വന്ന് എന്റെ തോളിൽ കൈ ഇട്ടുകൊണ്ട് പറഞ്ഞു.

എനിക്ക് ഒന്നും പറയാൻ പറ്റിയില്ല. ഞാനും അച്ഛന്റെ തോളത്തു കൈ ഇട്ടു കെട്ടിപിടിച്ചു അങ്ങനെ നിന്നു.

നയന കരഞ്ഞു കലങ്ങിയ കണ്ണോടെ എന്നെ നോക്കി.

"നിങ്ങൾ ഇങ്ങനെ തമ്മിൽ നോക്കി തെറ്റ്കാരെ പോലെ നിക്കണ്ട. നിങ്ങൾ ഒരു തെറ്റും ചെയ്തിട്ടില്ല. ആരും ഒരു തെറ്റും ചെയ്തില്ല. പിന്നെ നിങ്ങൾക്ക് ഞങ്ങളോട് ഇത് പേടിക്കാതെ തുറന്നു പറയാമായിരുന്നു. ഒന്നുല്ലേലും ഇതിന് വേണ്ടി തന്നെ അല്ലേ ഞങ്ങൾ ഇത്രയും കഷ്ടപ്പെട്ടത്? കണ്ടോ എനിക്ക് ഇപ്പൊ മക്കൾ മൂന്നു പേരാണ്" അമ്മ നയനയെയും ആമിയെയും രണ്ട് വശത്തായി ചേർത്ത് പിടിച്ചുകൊണ്ട് എന്നെ നോക്കി കണ്ണിറുക്കി കാണിച്ചു കൊണ്ട് പറഞ്ഞു.

അച്ഛന്റെ തോളിൽ കൈ ഇട്ട് അങ്ങനെ നിൽക്കുമ്പോൾ ആണ് ആമി അന്ന് പറഞ്ഞ ഡയലോഗ് എനിക്ക് പൂർണമായും മനസ്സിലാവുന്നത്.

"അത് അരവിന്ദേട്ടന്റെ അമ്മയാണ്... എല്ലാ അർത്ഥത്തിലും!!" അന്ന് ഞാനും തിരിച്ചറിയാൻ തുടങ്ങി കുടുംബ ബന്ധങ്ങളുടെ മൂല്യം.

അവസാനിച്ചു.....

ഗൂയ്സ്.. നിങ്ങളുടെ പ്രതീക്ഷക്ക് ഒത്തു കഥ വന്നോ എന്നെനിക്ക് അറിയില്ല. വായിച്ച് അഭിപ്രായം അറിയിച്ച എല്ലാവർക്കും നന്ദി. അഭിപ്രായം പറയുന്നത് കൊണ്ട് മാത്രമാണ് വീണ്ടും വീണ്ടും വേഗം തന്നെ കഥകൾ പോസ്റ്റ് ചെയ്യാൻ എന്നെയും പ്രേരിപ്പിക്കുന്നത്.

ഈ സൈറ്റിൽ കമ്പി ഇടുന്നില്ല എന്നത് ഒരു പോരായ്മ തന്നെ ആണ്. അത് ഞാൻ അക്സെപ്റ്റ് ചെയ്യുന്നുണ്ട്. പക്ഷേ മനസ്സിൽ കുറച്ച് വെറൈറ്റി സബ്ജെക്ട്സ് ഉണ്ട് അതൊക്കെ കഥയായി ഡെവലപ്പ് ചെയ്യണം എന്നും ഉണ്ട്. അതിലേക്ക് ഒക്കെ കമ്പി കയറ്റിയാൽ എനിക്ക് വേറെ എവിടെയും അത് പോസ്റ്റ് ചെയ്യാൻ പറ്റില്ല എന്നുള്ളതാണ് കമ്പി കൊണ്ടുവരാത്തതിൽ ഉള്ളൊരു കാരണം, പിന്നെ കമ്പി എഴുതി നോക്കിയിട്ടില്ല ഇതുവരെ.(ശ്രമിക്കുന്നുണ്ട്)

"കമ്പി ഇല്ലാണ്ട് എന്തിനാണ് മൈരേ ഇവിടെ പോസ്റ്റുന്നത്" എന്ന് ചോദിക്കുന്നവരോട് പറയാനുള്ളത്, അത് വേറൊന്നും കൊണ്ടല്ല ഈ ഞാൻ വായന തുടങ്ങിയത് തന്നെ വർഷങ്ങൾക്ക് മുൻപ് ഈ സൈറ്റിലെ കമ്പികഥ വായിച്ചാണ്. അന്ന് മുതൽ ഇന്ന് വരെ ഞാൻ സ്ഥിരമായി ഫോളോ ചെയ്യുന്ന സൈറ്റ് ആണ് ഇത്. അതുകൊണ്ടാണ് കമ്പി അല്ലാത്ത കഥ ആയിരുന്നിട്ട് കൂടിയും ഇവിടെ പോസ്റ്റ് ചെയ്യുന്നത്. (ചെറിയൊരു സ്വാർത്ഥത തന്നെ 😬) വന്ന വഴി മറക്കരുത്തല്ലോ 🔥

വീണ്ടും പുതിയൊരു സബ്ജെക്ട് ആയിട്ട് വരാം ✌️ അതുവരെ ബൈ ❤️

-32B